

# സുവർണ്ണ ജൂബിലി ആശംസകൾ



## ബഹു. കോയിപ്പുറം സെബാസ്റ്റ്യനച്ചൻ

ബഹു. കോയിപ്പുറം സെബാസ്റ്റ്യനച്ചൻ ചങ്ങനാശേരി രൂപതയിലെ കടയാനിക്കാട് ഇടവകയിൽ കോയിപ്പുറം ചാക്കോ-അന്നമ്മ ദമ്പതികളുടെ മകനായി 1942 ഡിസംബർ മാസം 10-ാം തീയതി ജനിച്ചു. കടയാനിക്കാട് സെന്റ് മേരീസ് പ്രൈമറിസ്കൂൾ, ഉള്ളയം സ്കൂൾ, മണിമല സെന്റ് ജോർജ്ജ് ഹൈസ്കൂൾ എന്നിവിടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസം നേടിയ ശേഷം വൈദിക പരിശീലനത്തിനായി പാലാ മൈനർസെമിനാരിയിൽ ചേർന്നു. തുടർന്ന് ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി 1967 മാർച്ച് 19 ന് അഭിവന്ദ്യ കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. തോമാപുരം ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും, ബളാൽ, ആലാറ്റിൽ, നെടുമ്പാല, മരക്കടവ്, വെള്ളമുണ്ട, തെനേരി, കല്ലുവയൽ, പുതുശ്ശേരിക്കടവ്, കടൽമാട്, ആടിക്കൊല്ലി, പൂക്കോട്ടുപാടം, കുറുമ്പാല, കരിമ്പിൽ എന്നീ ഇടവകകളിൽ വികാരിയായും സേവനം ചെയ്തു. 2013 മെയ് മുതൽ റൂബിനഗർ ഇടവകയിൽ വികാരിയായി ശുശ്രൂഷ ചെയ്യുന്നു. കൊട്ടിഘോഷങ്ങളിലും വാക്ചാതുര്യത്തിലും അല്ല, ജീവിത സാക്ഷ്യത്തിലാണ് താൻ വിശ്വസിക്കുന്നതെന്ന് പലപ്പോഴും സൂചിപ്പിച്ചിട്ടുള്ള കോയിപ്പുറം അച്ചൻ തന്റെ പൗരോഹിത്യജീവിതം കർത്താവിന് സാക്ഷ്യം നൽകുവാനുള്ള ഒരു വിളിയാക്കി മാറ്റി സന്തോഷവും സംതൃപ്തിയും നിറഞ്ഞ പൗരോഹിത്യ ജീവിതം നയിക്കുന്നു. എപ്പോഴും നിറചിരിയോടെ കാണപ്പെടുന്ന അച്ചൻ സന്തോഷത്തോടെ കർത്താവിന് ശുശ്രൂഷ ചെയ്യുക എന്നത് ജീവിതവ്രതമായി കാണുന്നു. ആ സന്തോഷം മറ്റുള്ളവരുമായി പങ്കുവെക്കുന്ന അച്ചന്റെ പൗരോഹിത്യജീവിതം അനേകർക്ക് പ്രോത്സാഹനമാണ് എന്നകാര്യം അച്ചന്റെ ജീവിതത്തിലൂടെ നമുക്ക് ലഭിക്കുന്ന അനുഗ്രഹമാണ്. ജീവിതത്തിലെ എല്ലാ മേഖലകളിലും ദൈവത്തിന്റെ കരം തിരിച്ചറിഞ്ഞ പൗരോഹിത്യ ജീവിതമാണ് അച്ചന്റേത്. ഇതു തന്നെയാണ് അജഗണത്തിനുവേണ്ടി നിരന്തരം ശുശ്രൂഷാരംഗത്തായിരിക്കാൻ അച്ചന് ശക്തി നൽകുന്നതും. ഭക്ഷണം, വസ്ത്രം, യാത്ര തുടങ്ങിയ എല്ലാ മേഖലകളിലും തികഞ്ഞ ലാളിത്യം സൂക്ഷിക്കുന്ന അച്ചൻ തികച്ചും വ്യത്യസ്ഥമായ മാതൃകയുടെ ഉടമയാണ്. അച്ചന് രൂപതാകുടുംബത്തിന്റെ പേരിൽ പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ ആശംസകൾ... അനുമോദനങ്ങൾ.

# സുവർണ്ണ ജൂബിലി ആശംസകൾ



## ബഹു. കുളത്തിനാൽ ജെയിംസച്ചൻ

ബഹു. കുളത്തിനാൽ ജെയിംസച്ചൻ പാലാരൂപതയിലെ നരിയങ്ങാനം ഇടവകയിൽ കുളത്തിനാൽ മത്തായി – അന്ന ദമ്പതികളുടെ 8 മക്കളിൽ ഏറ്റവും ഇളയ മകനായി 1940 ജനുവരി മാസം 7–ാം തീയതി ജനിച്ചു. സെന്റ് മേരീസ് പ്രൈമറി സ്കൂൾ നരിയങ്ങാനം, സെന്റ് ആന്റണീസ് ഹൈസ്കൂൾ, പ്ലാശനാൽ എന്നിവിടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസവും പാലാ സെന്റ് തോമസ് കോളേജിൽ നിന്നും ഡിഗ്രി ബിരുദവും നേടിയശേഷം വൈദിക പരിശീലനത്തിനായി പാലാ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ വൈദിക പഠനം പൂർത്തിയാക്കി 1967 ഡിസംബർ 19 ന് അഭിവന്ദ്യ കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. അതിനുശേഷം പേരാവൂർ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി പൗരോഹിത്യ ശുശ്രൂഷ തുടങ്ങിയ അച്ചൻ, ഓടന്തോട്, കർണാടകയിലെ ഷീരാടി, നടവയൽ, മാനന്തവാടി കത്തീഡ്രൽ, ചെന്നലോട്, മുള്ളൻകൊല്ലി, ചുങ്കക്കുന്ന്, തെനേരി, കൊമ്മയാട്, തോണിച്ചാൽ എന്നീ ഇടവകകളിലും വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇതിനിടയിൽ വള്ളോപ്പിള്ളി പിതാവിന്റെ സെക്രട്ടറി, തലശ്ശേരി മൈനർ സെമിനാരി വൈസ് റെക്ടർ, ബാംഗ്ലൂർ സാന്തോം സ്റ്റഡി ഹൗസിന്റെ റെക്ടർ, മാനന്തവാടി മൈനർ സെമിനാരി റെക്ടർ, മാനന്തവാടി രൂപതാ മതബോധന ഡയറക്ടർ എന്നീ തസ്തികകളിലും സ്തുത്യർഹമായി സേവനം ചെയ്തിട്ടുണ്ട്. ദ്വാരക പാസ്റ്ററൽ സെന്ററിന്റെ ഡയറക്ടറായിരുന്ന അച്ചനാണ് ആദ്യ കെട്ടിട സമുച്ചയം നിർമ്മിക്കാൻ നേതൃത്വമെടുത്തത്. 2015 മെയ് മാസം മുതൽ ദ്വാരക വിയാനിഭവനിൽ വിശ്രമ ജീവിതം നയിക്കുന്നു. മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന ധാരാളം വൈദികരുടെ ഗുരുവായ ബഹു. ജെയിംസച്ചൻ, അവർക്ക് എന്നും പിതൃതുല്ല്യനായ വൈദികശ്രേഷ്ഠനാണ്. അച്ചന്റെ ജീവിതത്തിലെ ചിട്ടയും ക്രമവും ഏവർക്കും അനുകരണീയമാണ്. സെമിനാരി വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന കാലഘട്ടങ്ങളിൽ അച്ചന്റെ

വിശുദ്ധമായ ജീവിതശൈലി സെമിനാരിക്കാർക്ക് ആഴമുള്ള ബോധ്യങ്ങൾ നൽകുകയും ഇപ്പോഴും ആ അനുഭവങ്ങൾ അവർ പങ്കുവെയ്ക്കുകയും ചെയ്യുന്നു. പൗരോഹിത്യത്തിന്റെ ശോഭ അത് കർത്താവിനോട് ചേർന്ന് നിൽക്കുന്ന അനുഭവമാണെന്നും പരിശുദ്ധ മറിയത്തോടുള്ള ഭക്തി എത്രത്തോളം ആഴമുള്ളതായിരിക്കണമെന്നും അച്ചൻ വാക്കുകളിലൂടെയും അതിലുപരി ജീവിതത്തിലൂടെയും സെമിനാരിക്കാർക്ക് കാണിച്ച് കൊടുത്തിട്ടുണ്ട്. ക്ലാസുകളിൽ അച്ചൻ പുലർത്തിയിരുന്ന തീക്ഷ്ണതയുംആവേശവും അച്ചന്റെ പരിശീലനം ലഭിച്ച സെമിനാരിക്കാർക്ക് മറക്കാനാവാത്ത അനുഭവമാണ്. കാര്യങ്ങളെ ആഴമായി വിലയിരുത്തുകയും മറ്റുള്ളവർക്ക് സഹായമാകുകയും ചെയ്യുന്ന അച്ചൻ തന്റെ പൗരോഹിത്യവിളിയിൽ പൂർണ്ണവിശ്വസ്തനായിരുന്നുകൊണ്ട് ഇടയവഴിയിൽ പ്രകാശം പരത്തുന്ന വ്യക്തിയാണ്. ഏതു സാഹചര്യത്തിലും കർത്താവിന്റെ സുവിശേഷവേലയിൽ സന്തോഷത്തോടെയായിരിക്കുന്ന ജെയിംസച്ചൻ പുതുതലമുറയിലെ വൈദികർക്ക് മാതൃകയും പ്രചോദനവുമാണ്. പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലിയുടെ ഈ അവസരം കാരുണ്യവാനായ ദൈവം നൽകിയ അനന്ത നന്മകളെയോർത്ത് എത്ര സ്തുതിച്ചാലും മതിവരാത്ത നിമിഷമാണ്. വിശ്രമ ജീവിതത്തിലും ആരോഗ്യം അനുവദിക്കുന്നതുപോലെ തന്റെ സഹായം ആവശ്യമുള്ളിടത്ത് എത്താറുള്ള അച്ചൻ കൃത്യനിഷ്ഠയിലും പ്രാർത്ഥനാജീവിതത്തിലും മാതൃകയായി ശോഭിക്കുന്നു. വസ്തുതകൾ അവധാനതയോടെ അപഗ്രഥിച്ച് അലങ്കാരികതയില്ലാതെ കൃത്യതയുള്ള വാക്കുകളിൽ പ്രകടിപ്പിക്കാൻ പാടവമുള്ള അച്ചൻ നല്ല ഒരു അധ്യാപകൻ എന്നതിലുപരി ഒരു വാഗ്മികൂടിയാണ്. അച്ചന് രൂപതാ കുടുംബത്തിന്റെ പേരിൽ പൗരോഹിത്യ സുവർണ്ണജൂബിലിയുടെ ആശംസകൾ... അനുമോദനങ്ങൾ.

# സുവർണ്ണ ജൂബിലി ആശംസകൾ



## ബഹു. നന്ദിക്കാട്ട് ജോസഫച്ചൻ

ബഹു. നന്ദിക്കാട്ട് ജോസഫച്ചൻ പാലാ രൂപതയിലെ പൈക ഇടവകയിൽ നന്ദിക്കാട്ടുകണ്ടത്തിൽ വർഗ്ഗീസ്-ത്രേസ്യ ദമ്പതികളുടെ 10 മക്കളിൽ നാലാമത്തെ മകനായി 1941 ആഗസ്റ്റ് മാസം 31-ാം തീയതി ജനിച്ചു. സെന്റ് തോമസ് പ്രൈമറി സ്കൂൾ വിളക്കുമാടം, സെന്റ് ജോസഫ് ഹൈസ്കൂൾ വിളക്കുമാടം എന്നിവിടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസവും, പാലാ സെന്റ് തോമസ് കോളേജിൽ പി.ഡി.സി. പഠനവും പൂർത്തിയാക്കിയ ശേഷം വൈദിക പരിശീലനത്തിനായി പാലാ സെമിനാരിയിൽ ചേർന്നു. തുടർന്ന് ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി 1967 ഡിസംബർ 19-ന് അഭിവന്ദ്യ കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. അതിനുശേഷം പുല്ലൂരാംപാറ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും, വിളക്കന്നൂർ, കയ്യൂന്നി, കൊട്ടിയൂർ, കാരക്കാമല, ഒണ്ടയങ്ങാടി, പാറത്തോട്ടം, ചേലൂർ, കാവുംമന്ദം എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബോയ്സ്ടൗൺ, സെമിനാരിവില്ല എന്നീ സ്ഥാപനങ്ങളിലും സേവനം ചെയ്യാനുള്ള അവസരം അച്ചന് ലഭിച്ചിട്ടുണ്ട്. ഇപ്പോൾ ദ്വാരക വിയാനിഭവനിൽ വിശ്രമജീവിതം നയിക്കുന്നു. ദൈവത്തിന്റെ കാരുണ്യമുഖം മറ്റുള്ളവർക്ക് പകർന്നുനൽകിയ അച്ചൻ താൻ കടന്നുപോയ വഴികളിലെല്ലാം പരസ്നേഹത്തിന്റെ ഉദാത്ത മാതൃക നൽകിയും ആത്മീയ വെളിച്ചം നൽകിയുമാണ് അജപാലന ജീവിതം ധന്യമാക്കിയത്. ദരിദ്രരോടും രോഗികളോടും സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരോടും യേശുവിന്റെ കരുണാർദ്രസ്നേഹം വാക്കുകളിലൂടെ എന്നതിലുപരി പ്രവർത്തിയിലൂടെ പകർന്നുകൊടുക്കുവാൻ എന്നും ശ്രദ്ധാലുവായ അച്ചൻ ഇടവകകളിൽ നിന്നും അജപാലന ശുശ്രൂഷയ്ക്ക് സഹായം ആവശ്യപ്പെടുമ്പോൾ സന്തോഷപൂർവ്വം ചെയ്തുകൊടുക്കുന്നു. നല്ല സമരിയാക്കാരനെപ്പോലെ ശുശ്രൂഷയുടെ മനോഭാവം സ്വന്തമാക്കി ഭവനരഹിതരായവർക്ക് ആശ്വാസമായി വീടുകൾ

പണിയുകയും ഇവ പണിയുന്നതിനുള്ള ചിലവുകൾ നിറവേറ്റാൻ നല്ലവരായ ഒത്തിരിയേറെ വ്യക്തികളെ കണ്ടെത്തുകയും ചെയ്യുന്ന അച്ചന്റെ മഹാമനസ്കത ഇപ്പോഴും ജനഹൃദയങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. തന്റെ പൗരോഹിത്യത്തിന്റെ റൂബി ജൂബിലി വർഷത്തിൽ ഭവനരഹിതരായ നാൽപ്പതാമത്തെ കുടുംബത്തിനും വീട് നിർമ്മിച്ച് കൊടുത്തത് അങ്ങേയറ്റം പ്രശംസനീയമാണ്. കഠിനാദ്ധ്വാനം, ലളിതജീവിതം, എന്തും പങ്കുവയ്ക്കാനുള്ള മനോഭാവം, വേദനിക്കുന്നവർക്കുവേണ്ടി സ്വയം എളിമപ്പെടുത്താനുള്ള സന്നദ്ധത, സഹാനുഭൂതി തുടങ്ങിയ ഇടയഗുണങ്ങളുടെ വിളനിലമാണ് അച്ചൻ. വിശ്രമജീവിതത്തിന്റെ ഈ അവസരങ്ങളിലും ഒത്തിരിപ്പേർക്ക് ആത്മീയമായി ആശ്വാസം നൽകുന്നതോടൊപ്പം തന്റെ സാന്നിധ്യംകൊണ്ടും അനുഗ്രഹമാകുന്നുണ്ട് അച്ചൻ. സമീപസ്ഥർക്ക് സന്തോഷപ്രദമായ നിമിഷങ്ങളും പുഞ്ചിരിയും സമ്മാനിക്കുന്ന ബഹു. നന്ദികാട്ട് അച്ചൻ "അദ്ധ്വാനിക്കുന്നവരും ഭാരംവഹിക്കുന്നവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്ന ദിവ്യനാഥന്റെ വാക്കുകൾ ജീവിതത്തിൽ സൂക്ഷിച്ച് തളരാത്ത മനസ്സും ഉറച്ച അനുഭവങ്ങളുമായി അജഗണങ്ങളുടെ കാവൽക്കാരനായ യേശുവിനോടൊത്ത് വിയാനിഭവനിൽ വിശ്രമജീവിതം നയിക്കുന്നു. അച്ചന് രൂപതാകുടുംബത്തിന്റെ പേരിൽ പൗരോഹിത്യ സുവർണ്ണജൂബിലിയുടെ ആശംസകൾ..... അനുമോദനങ്ങൾ.

## പൗരോഹിത്യ ശുശ്രൂഷയിൽ
## 25 വർഷങ്ങൾ പിന്നിടുന്ന
## ബഹു. വൈദികർക്ക്
## ആശംസകൾ! പ്രാർത്ഥനാമംഗളങ്ങൾ!



റവ.ഫാ. ജോസ് കൊട്ടാരം
പൗരോഹിത്യ സ്വീകരണം 28–12–1992



റവ.ഫാ. മാത്യു കൊല്ലാർതോട്ടം
പൗരോഹിത്യ സ്വീകരണം 29–12–1992

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 08 ഫെബ്രുവരി–2017 ലക്കം 2**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

സർക്കുലർ .............................................................. 13
സർക്കുലർ .............................................................. 17
മാർപാപ്പായുടെ സന്ദേശം .................................... 24
*Requirements for receiving MESSAGES*
*from the Major Archbishop* ...................................... 28
പുരോഹിതൻ പ്രഘോഷിക്കേണ്ട സുവിശേഷം ........... 29
വിശുദ്ധ കുർബാനയിലൂടെ ഒരു തീർത്ഥയാത്ര ....... 37
രൂപതാകച്ചേരി വാർത്തകൾ ..................................... 49
വൈദികരുടെ മാസധ്യാനം ...................................... 52
മതബോധനരംഗം ....................................................... 54
ചെറുപുഷ്പമിഷൻലീഗ് ............................................. 56
*Department of Youth Ministry* .............................................. 64
കെ.സി.വൈ.എം. ......................................................... 66
കുടുംബപ്രേഷിതത്വം ................................................. 69
സീയോൻ വാർത്തകൾ ............................................... 72
ജീസസ് യൂത്ത് മിനിസ്ട്രി ............................................ 74
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 75
സാമൂഹ്യ സേവനരംഗം (WSSS) .................................. 79
ബയോവിൻ അഗ്രോ റിസർച്ച് ...................................... 84
റേഡിയോ മാറ്റൊലി .................................................. 86
Mary Matha Arts & Science Collge .................................... 88
CEADOM വിദ്യാഭ്യാസ മേഖല ...................................... 89
ഡി.എഫ്.സി. ............................................................... 92
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 95
ബിഷപ്സ് പ്രോഗ്രാം ................................................... 96

# തിരുബാലസഖ്യദിനം

## 2017 ഫെബ്രുവരി 12

### കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീ സഹോദരന്മാരെ,

മറ്റൊരു തിരുബാലസഖ്യദിനം കൂടി സമാഗതമായിരിക്കുന്നു. നസ്രായനായ യേശുവിന്റെ ബാല്യത്തെ സ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളാക്കി മാറ്റേണ്ട ആവശ്യകതയെക്കുറിച്ചാണ് നാം ധ്യാനിക്കേണ്ടത്. കുട്ടികളെ വളർത്തി വലുതാക്കി സഭയ്ക്കും സമൂഹത്തിനും ഉപകാരപ്രദവും പരമോന്നതനായ ദൈവത്തിന്റെ ഉപരിമഹത്വത്തിനായി സമർപ്പിക്കുകയെന്നതുമാണ് മാതാപിതാക്കളുടെയും മുതിർന്നവരുടെയും കടമ. അതിനാൽത്തന്നെ തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ തിരുബാലസഖ്യ കൂട്ടായ്മയിലെ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ആശംസകൾ നേരുന്നതോടൊപ്പം സഭാഗാത്രത്തിലെ എല്ലാ മാതാപിതാക്കൾക്കും മുതിർന്നവർക്കുമായി ചില ചിന്തകൾ ധ്യാനപൂർവ്വം പങ്കുവയ്ക്കുകകൂടി ചെയ്യട്ടെ.

നാലാം പ്രമാണത്തിന്റെ അന്തഃസത്ത മനസ്സിലാക്കിക്കൊണ്ട് കത്തോലിക്കാസഭയുടെ മതബോധനങ്ങൾ അനുശാസിക്കുന്നതനുസരിച്ച് തിരുവചനത്തിലധിഷ്ഠിതമായ ചിന്താ ശകലങ്ങളാണ് ഇവിടെ ധ്യാനവിഷയമാകുന്നത്.

മത്താ. 2:11 "അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു. നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും കുന്തുരുക്കവും മീറയും കാഴ്ചയർപ്പിച്ചു".

മത്താ. 2:21: അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഇസ്രായേൽ ദേശത്തേക്കു പുറപ്പെട്ടു.

ലോകരക്ഷകൻ ഇല്ലായ്മയുടെയും ഭീതിയുടെയും നിഴലിൽ ഭൂമിയെ പുൽകുന്ന ഒരു രംഗത്തിലെ രണ്ടു ഭാവങ്ങളാണ് മുകളിൽ ഉദ്ധരിച്ചത്. ഈ തിരുവചന ഭാഗങ്ങൾ നൽകുന്ന ചില പ്രകാശകിരണങ്ങൾ നമുക്ക് പരിശോധിക്കാം.

1. ജ്ഞാനികൾ ഭവനത്തിൽ പ്രവേശിച്ചു: ഭവനമെന്ന രീതിയിൽ ഇവിടെ പരാമർശിക്കുന്നത് ഒരു കാലി സങ്കേതമാണെന്നും ഒരു

സത്രമൊ, സ്വന്തം ഭവനമൊ അല്ലാ എന്നും തിരുവചനം സൂചന നൽകുന്നു. സമ്പത്തിന്റെയോ സ്ഥലമഹിമയുടെയൊ പാരമ്പര്യത്തിന്റെയൊ പ്രഭാവമല്ല ഭവനമെന്ന ഒരു ഇടം സമ്മാനിക്കുന്നത്. മറിച്ച് അപ്പനും അമ്മയും പൈതലും സ്നേഹത്തിൽ ഒരുമിക്കുന്ന ഇടമാണ്. അത്തരത്തിൽ തെരുവിന്റെ തീരങ്ങൾവരെ സ്നേഹഭവനമാവുകയും മണിമാളികകൾ സ്പന്ദനം നിലച്ച് ശൈത്യം പിടിച്ചുപോയ കെട്ടിട കൂട്ടങ്ങൾ ആകുകയും ചെയ്യുന്നുണ്ട്. ജ്ഞാനികൾക്ക് കടന്നു വരുവാൻ സാധിക്കുംവിധം നമ്മുടെ കുടുംബങ്ങളെ ഭവനങ്ങളാക്കേണ്ടതുണ്ട്. ഓരോ കുടുംബത്തിലും വളർന്നുവരുന്ന പൈതങ്ങളും കുട്ടികളും ജ്ഞാനികളുടെയും ദൈവവീക്ഷണമുള്ളവരുടെയും കാഴ്ചപ്പാടിൽ യോഗ്യതയുള്ളവരാക്കുകയും ചെയ്യേണ്ടതുണ്ട്. വിവേകമുള്ളവർ തിരിച്ചറിയും, വളർന്നുവരുന്നത് തിരുബാല്യങ്ങൾ തന്നെയാണോ എന്ന്.

2. യേശുവിനെ അമ്മയായ മറിയത്തോടുകൂടി കണ്ടു: ആധുനിക സമൂഹത്തിലെ ഒരു വലിയ വെല്ലുവിളിയായി ഇത് മാറിയിട്ടുണ്ടെന്നാണ് നിഗമനം. പല കാരണങ്ങളാൽ കുട്ടികളിൽ നിന്നും അകന്നു ജീവിക്കുന്ന അമ്മമാരുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചു വരുന്നുണ്ട്. കുടുംബത്തിന്റെ സാമ്പത്തിക സുരക്ഷിതത്വത്തിനുവേണ്ടി മറുനാടുകളിലും അകലങ്ങളിലും ജീവിക്കുന്ന അമ്മമാർക്ക് ഈ അകലം തികച്ചും വേദനാജനകം തന്നെയാവാം. എന്നാൽ അതോടൊപ്പം സാമ്പത്തിക ഭദ്രതയ്ക്കും സോഷ്യൽസ്റ്റാറ്റസിനുംവേണ്ടി അകന്നു താമസിക്കുന്നവരുമുണ്ട്. പക്വതയോടെ മക്കളുടെ വളർച്ചയ്ക്കുവേണ്ടി തീരുമാനമെടുക്കേണ്ടിവരുമ്പോൾ ശ്രദ്ധാപൂർവ്വം അതു ചെയ്യുവാൻ സാധിക്കട്ടെയെന്നാണ് പ്രാർത്ഥന.

ഇന്നുകളുടെ നൊമ്പരമായി മാറുന്നത് ഒരേ കൂരയ്ക്കുകീഴിലായിരുന്നിട്ടും അകന്നുജീവിക്കുന്ന അമ്മമാരെയും മക്കളെയും കാണുമ്പോഴാണ്. കൊച്ചുകുട്ടികളെവരെയും ഇന്ന് കൂടുതലായി കാണുന്നത് അമ്മയുടെ കൂടെയല്ല, മറിച്ച്, ടിവിയുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെയും സാങ്കേതികതലത്തിൽ ഇവരുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുമെങ്കിലും അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ നല്ലതല്ലാത്ത രീതിയിൽ തന്നെ ബാധിക്കുന്നുണ്ട്. കൂടുതൽ സ്വാർത്ഥലോകത്തേയ്ക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ചിന്താലോകത്തു വളർന്നുവരുന്ന കുട്ടികളുടെ ബോദ്ധ്യതലങ്ങൾ രൂപപ്പെടേണ്ടിടത്ത് വിവരസാങ്കേതികത അമ്മയ്ക്കു പകരം നിന്നാൽ ശിഥിലമാവുക

കുടുംബങ്ങളായിരിക്കും. താൽക്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശ്ശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവുണ്ടാകണം.

3. ജ്ഞാനികൾ ശിശുവിനെ ആരാധിക്കുകയും കാഴ്ചകൾ അർപ്പിക്കുകയും ചെയ്തു: ആന്തരിക ജ്ഞാനമുള്ളവർ എളിമയുടെ താഴ്ചകളിൽ പോലും ഔന്നത്യങ്ങളും യഥാർത്ഥമൂല്യങ്ങളും തിരിച്ചറിയും. ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്ത വിചാരങ്ങൾപോലും കാറ്റത്തു വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. പ്രൗഢിയുടെയും പരസ്യത്തിന്റെയും പിന്നിൽ ഒത്തിരി ഏകാന്തതകൾ ഒളിച്ചിരിക്കുന്നുണ്ടാകാം. ഉയർന്നുവരുന്ന ആത്മഹത്യാനിരക്കുകളും വിവാഹമോചനങ്ങളും ശ്രദ്ധാപൂർവ്വം വിശകലനം ചെയ്യപ്പെടേണ്ടതാണ്. അതോടൊപ്പം എളിമയുടെയും വിനയത്തിന്റെയും നാൾവഴികളിൽ ഒരു ശിശുവിനെതേടിപ്പോലും ജ്ഞാനികൾ വരികയും ആ എളിമപ്പെട്ട ശിശുവിന്റെ മുന്നിൽ താണുവണങ്ങി ആരാധിക്കുകയും ചെയ്യുന്നു എന്നും നാം തിരിച്ചറിയുന്നു. സ്വയം പ്രദർശിപ്പിക്കുക, കിട്ടുന്ന ലൈക്കുകളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുക തുടങ്ങിയ നിസ്സംഗമല്ലാത്ത പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെതന്നെയും കൊത്തിവിഴുങ്ങാൻ കഴിവുള്ള കഴുകനയനങ്ങളും സർവ്വതും വീക്ഷിക്കുന്നുണ്ടെന്നത് തിരിച്ചറിയുന്നത് നല്ലതാണ്. ഗുരുസ്ഥാനീയരും ആത്മജ്ഞാനമുള്ളവരും ബാഹ്യപ്രവർത്തനങ്ങൾക്കുമപ്പുറം യഥാർത്ഥ മൂല്യമറിയുകയും അതിനു ചേർന്ന പരിഗണനകൾ നൽകുകയും ചെയ്യും.

4. അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്കു പോയി: കുടുംബത്തിന്റെ ആത്മാവിഷ്ക്കാരം തെളിയുന്നത് ഒന്നിച്ചുള്ള ഈ പ്രയാണത്തിലാണ്. കൂദാശാവചനങ്ങൾ പറയുന്നപോലെയും അമോറിസ് ലെത്തീസ്യയിലൂടെ (266, 267, 274) ഫ്രാൻസിസ് മാർപാപ്പാ പറയുന്നതുപോലെയും ദൈനംദിന ജീവിതത്തിലെ ആത്മീയതയിലാണ് ഒരുമ കാണപ്പെടുന്നത്. സന്തോഷത്തിലും സന്താപത്തിലും ഒക്കെ ജീവിതസഖിയെയും ദൈവം തന്ന സമ്മാനമായ മക്കളെയും ഹൃദയത്തോടു ചേർത്തുനിർത്തി യാത്ര ചെയ്യാനാവുക എന്നതാണ് ദൈവനിവേശിതമായ കുടുംബത്തിൽ തെളിയേണ്ടത്. സുരക്ഷിതത്വത്തിലേയ്ക്കായാലും സമ്പത്തിലേയ്ക്കാ

യാലും കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒന്നിച്ചുള്ള പ്രയാണം ആത്മീയതയുടെ അടയാളം തന്നെയാണ്.

പ്രിയ സഹോദരങ്ങളെ, തിരുബാലസഖ്യദിനവുമായി ബന്ധപ്പെട്ട് തിരുബാല്യങ്ങളെ കാത്തു സൂക്ഷിക്കേണ്ട ചില മേഖലകൾ ധ്യാന പുരസ്സരം സൂചിപ്പിച്ചെന്നേയുള്ളൂ. കൂടുതൽ കൂടുതൽ അകന്നു പോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ തലത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേയ്ക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. കുട്ടികൾ വളരുന്ന സംസ്ക്കാരം വളരെ കണിശതയോടുകൂടെ പരുവപ്പെടുത്തി എടുക്കേണ്ടതാണ്. വർഗീയതയും നിരീശ്വരത്വവും ഒക്കെ വിളഞ്ഞാടുന്ന കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെ പിടിക്കുവാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരുവാനും വളർത്തുവാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

അമോറിസ് ലെത്തീസ്യയിൽ ഫ്രാൻസിസ് മാർപാപ്പാ ഊന്നിപറയുന്നതുപോലെ നല്ലശീലങ്ങൾ വളർത്തിയെടുക്കുവാനും മനഃസാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്ക്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപന ങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്രവളർച്ച മൂല്യബന്ധിതമായി നടക്കണമെങ്കിൽ വിവരസാങ്കേതികവിദ്യകളുടെ കൂടെ ശരിയായ മനഃസാക്ഷിയും കൂടെ രൂപപ്പെടുത്തികൊടു ക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. നമ്മുടെ ഈ പ്രവർത്തനത്തെ നല്ലവനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറിനോസ്**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2017 ഫെബ്രുവരി മാസം 12-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# മദ്യവിരുദ്ധഞായർ

**12 മാർച്ച് 2017**

**കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയപ്പെട്ടവരേ,

കേരള കത്തോലിക്കാസഭ 2017 മാർച്ച് 12-ാം തീയതി മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. സഭയിലും സമൂഹത്തിലും ലഹരിക്കെതിരായ പോരാട്ടം കൂടുതൽ ജാഗ്രതയോടെ ശക്തമാക്കുവാനുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ കേരളകത്തോലിക്കാസഭ നൽകാൻ ആഗ്രഹിക്കുന്നത്. മനുഷ്യനന്മ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ എന്നും സഭയുടെ മുഖമുദ്രയാണ്. കേരള സമൂഹത്തിന്റെ വിദ്യാഭ്യാസ ആരോഗ്യമേഖലകളിലും മറ്റു സാമൂഹിക നവോത്ഥാന രംഗങ്ങളിലും മാറ്റത്തിന്റെ ചാലകശക്തിയാകാൻ കേരളസഭയ്ക്ക് എന്നും കഴിഞ്ഞിട്ടുണ്ട്. നാടിന്റെ വികസന പ്രക്രിയയിൽ കാലത്തിനൊപ്പം നടക്കാൻ സഭ എന്നത്തേതും പോലെ ഇന്നും പ്രതിജ്ഞാബദ്ധയാണ്. മദ്യത്തിനും മറ്റു ലഹരിവസ്തുക്കൾക്കുമെതിരെയുള്ള സന്ധിയില്ലാസമരം സാമൂഹ്യ നന്മയ്ക്കുവേണ്ടിയുള്ള നമ്മുടെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ്. വരുംതലമുറയ്ക്കുവേണ്ടിയുള്ള സഭയുടെ ഏറ്റവും മഹത്തായ ഒരു കരുതൽ നടപടിയാണ് മദ്യത്തിനും ലഹരിയ്ക്കുമെതിരെയുള്ള ഈ സാമൂഹ്യ ഇടപെടൽ.

ആഴമേറിയ ആത്മീയതയും ഉന്നതമായ സംസ്കാരവും കേരള സമൂഹത്തിന്റെ മുഖമുദ്രയാണെന്നതിൽ നമ്മൾ അഭിമാനിക്കുന്നു. വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും അത്ഭുതാവഹമായ നേട്ടങ്ങളും സംഭാവനകളും കേരളത്തിനു സ്വന്തമാണ്. എന്നാൽ, കേരളസമൂഹം നേടിയെടുത്ത സൽപ്പേരിന്റെയും സൽമാതൃകകളുടെയും മേൽ കരിനിഴൽ വീഴ്ത്തി മദ്യലഹരി സംസ്കാരം ഇന്ന് ദൈവത്തിന്റെ സ്വന്തം നാടിന് അപമാനം സൃഷ്ടിക്കുന്നു. സമസ്ത സൃഷ്ടികളുടെയും മകുടമായി ദൈവം സൃഷ്ടിച്ച മനുഷ്യൻ തന്നെ നിയോഗിച്ചവന്റെ വിളി മറന്ന് മദ്യപാനത്തിലൂടെയും ലഹരി വസ്തുക്കളുടെ ഉപയോഗത്തിലൂടെയും നന്മയുടെ മുഖം നഷ്ടമാക്കുന്ന ദയനീയ സമകാലിക ചിത്രങ്ങൾ നമ്മെ നൊമ്പരപ്പെടുത്തുന്നതാണ്.

വലിയ നോമ്പിലെ മൂന്നാം ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചു പോരുന്നത്. വിശുദ്ധ നോമ്പ് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും നവീകരണത്തിന്റെയും കാലഘട്ടമാണ്. വ്യക്തിപരവും സമൂഹപരവുമായ ഒരു നവീകരണത്തിനാണ് നോമ്പുകാലം നമ്മെ ക്ഷണിക്കുന്നത്. മദ്യവും മയക്കുമരുന്നുകളും മറ്റ് ലഹരിവസ്തുക്കളും നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും സൃഷ്ടിക്കുന്ന ദുരന്തങ്ങൾ വളരെ ഭയാനകമാണ്. വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും നശിപ്പിക്കുന്ന ഈ തിന്മകളിൽ നിന്നും, പാപ സാഹചര്യങ്ങളിൽനിന്നും ഓടി അകലണമെന്ന് ഓരോ നോമ്പുകാലവും ആഹ്വാനം ചെയ്യുന്നു. മദ്യാസക്തി ദുർമോഹ ങ്ങളിലേയ്ക്ക് നയിക്കുന്നതാണെന്നും അന്ധകാരത്തിന്റെ പ്രവൃത്തിയാ ണെന്നും തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു (റോമ 13: 13-14). മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊറി. 6:10) എന്ന പൗലോസ് ശ്ലീഹായുടെ പ്രഖ്യാപനം തന്നെ മദ്യാസക്തി എന്ന തിന്മ യുടെ ആഴം നമ്മെ ബോധ്യപ്പെടുത്തുന്നതാണ്. ജീവിത ബലഹീനത കളിൽ നിന്ന് അകന്ന് പ്രകാശത്തിന്റെ മക്കളാകുവാൻ തിരുസഭ നമ്മെ ക്ഷണിക്കുന്ന ഈ നോമ്പുകാലം മദ്യമെന്ന തിന്മയ്ക്കെതിരെയുള്ള ആത്മീയ പോരാട്ടത്തിന്റെ അവസരമാക്കി മാറ്റാം.

രണ്ടു വർഷം മുമ്പ് അന്നത്തെ സർക്കാർ പ്രഖ്യാപിച്ച മദ്യനയ ത്തിന്റെ ഭാഗമായി പഞ്ചനക്ഷത്രബാറുകൾ ഒഴികെ മറ്റെല്ലാ മദ്യശാലകളും നിരോധിച്ചത് നമുക്ക് അറിവുള്ളതാണല്ലോ. 10 വർഷംകൊണ്ട് ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന സമ്പൂർണ്ണ മദ്യനിരോധനമാണ് അന്ന് പ്രഖ്യാപിച്ചിരുന്നത്. അതിന്റെ ഭാഗമായി 10 ശതമാനം ബീവറേജ് കൺസ്യൂമർ ഔട്ട്ലറ്റുകൾ എല്ലാ വർഷവും ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 ന് അടച്ചുപൂട്ടുവാനുള്ള നടപ ടിയും എടുത്തിരുന്നു. എന്നാൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതോടെ മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് സർക്കാർ നയമെന്ന് പ്രഖ്യാപിക്കുകയും പ്രതിവർഷം 10 ശതമാനം മദ്യശാലകൾ അടച്ചുപൂട്ടാനുള്ള തീരുമാനം റദ്ദാക്കുകയും ചെയ്യുകയുണ്ടായി. അതി നാൽത്തന്നെ മുൻസർക്കാർ പ്രഖ്യാപിച്ച സമ്പൂർണ്ണ മദ്യ നിരോധന നയം നിലവിലുള്ള പുതിയ സർക്കാർ അട്ടിമറിക്കുമോ എന്ന ആശങ്ക നമുക്കുണ്ട്.

കേരളത്തിൽ നടപ്പിലാക്കി തുടങ്ങിയ ഭാഗിക മദ്യനിരോധനം വിജയമല്ല എന്ന് സ്ഥാപിക്കാൻ പലഭാഗത്തുനിന്ന് ശ്രമിക്കുന്നു

ണ്ടെങ്കിലും, മദ്യനിരോധനം വിജയമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചനക്ഷത്ര ബാറുകൾ ഒഴികെയുള്ള മദ്യശാലകൾ അടച്ചുപൂട്ടിയതോടെ മദ്യത്തിന്റെ ഉപഭോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വിദേശമദ്യവില്പന 25% കുറഞ്ഞുവെന്നാണ് കണക്ക്. ലഹരി വിട്ടൊഴിഞ്ഞ മനുഷ്യരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ സംഭവിച്ചുവെന്നത് പ്രകടമായ യാഥാർത്ഥ്യമാണ്. പോക്കറ്റിൽ സമ്പാദ്യം, ബന്ധങ്ങളിൽ ഊഷ്മളത, ആത്മാവിനും ശരീരത്തിനും ആരോഗ്യം, കുറ്റകൃത്യങ്ങൾ, റോഡപകടങ്ങൾ, വിവാഹമോചനങ്ങൾ, ആത്മഹത്യ എന്നിവയിൽ കുറവ് എന്നിങ്ങനെ കേരളത്തിന്റെ പൊതുസമൂഹം ഭാഗികമായ മദ്യനിരോധനത്തിന്റെ നന്മകൾ അനുഭവിച്ച് തുടങ്ങിയിരിക്കുന്നു. ഈ നന്മകൾ തുടരാനും കൂടുതൽ വളരാനുമുള്ള സാഹചര്യമാണ് നാം സൃഷ്ടിക്കേണ്ടത്. പ്രഖ്യാപിത മദ്യനയത്തിൽ നിന്നുള്ള തിരിച്ചുപോക്ക് ഈ നന്മകളെ തകർക്കുകയും വലിയ വിനാശത്തിന് വഴിതെളിക്കുകയും ചെയ്യും.

മദ്യനിരോധനം, മദ്യവർജ്ജനം എന്നീ രണ്ടുസമീപനങ്ങളിൽ ഏതാണ് സമൂഹത്തിൽ നന്മ ഉളവാക്കുന്നതും പ്രായോഗികവുമെന്ന് വ്യക്തമാണ്. മദ്യവർജ്ജനമെന്നത് ഒരു വ്യക്തി സ്വമേധയാ വ്യക്തിജീവിതത്തിൽ എടുക്കേണ്ട നിലപാടാണ്. അത് ഒരു നയമായി സർക്കാർ സ്വീകരിക്കേണ്ടതല്ല. അതേസമയം, ഒരു വ്യക്തിയല്ല, ജന നന്മ ലക്ഷ്യമാക്കി ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരാണ് മദ്യനിരോധനം നടപ്പിൽ വരുത്തേണ്ടത്. മദ്യത്തിന്റെ ഉല്പാദനം, സൂക്ഷിപ്പ്, വിതരണം എന്നിവ സംബന്ധിച്ച് നിയമനിർമ്മാണം നടത്താനും നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നിയന്ത്രണമോ നിരോധനമോ ഏർപ്പെടുത്താനുള്ള അധികാരവും കടമയും ഉത്തരവാദിത്വവും ഉള്ളത് സർക്കാരിന് മാത്രമാണ്. ഇക്കാര്യത്തിൽ വ്യക്തമായ നയം സർക്കാറിന് ഉണ്ടായിരിക്കണം. മദ്യലഭ്യത കുറച്ചുകൊണ്ടുവരാൻ മദ്യനിയന്ത്രണം ആവശ്യമാണ്. അതിന് മദ്യവർജ്ജനം മാത്രം പോര. രാഷ്ട്രപിതാവായ ഗാന്ധിജി 'മദ്യവർജ്ജനമല്ല, നിരോധനം തന്നെവേണം' എന്ന് ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഒരിക്കൽ ഒരു പത്രലേഖകൻ ഗാന്ധിജിയോട് ചോദിച്ചു. മദ്യപനെ ഉപദേശിച്ചു പിന്മാറ്റുകല്ലേ നല്ലത്? ഗാന്ധിജിയുടെ മറുപടി ഇപ്രകാരമായിരുന്നു. 'നിങ്ങളുടെ കുട്ടി തീയിൽ ചാടുവാൻ പോകുകയാണെന്ന് വിചാരിക്കുക. നിങ്ങൾ എന്തുചെയ്യും? അവനെ

ഉപദേശിച്ചു മാറ്റുവാൻ ശ്രമിക്കുമോ അതോ ഓടിച്ചെന്ന് ബലം പ്രയോഗിച്ച് പിന്മാറ്റുമോ?" മദ്യം തിന്മയെന്ന് ബോധ്യമുണ്ടെങ്കിൽ മദ്യനിരോധനം തന്നെ വേണമെന്നാണ് ഗാന്ധിജി പറഞ്ഞുവച്ചത്. മദ്യവർജ്ജനം മാത്രം മതി എന്ന സമീപനം കേരളത്തിൽ എത്രമാത്രം പ്രായോഗികമാണെന്ന് സംശയിക്കണം. മദ്യാസക്തമായ ഒരു സമൂഹത്തിൽ മദ്യത്തിന്റെ ലഭ്യതയിലും ഉപയോഗത്തിലും സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണമാണ് മദ്യവർജ്ജനത്തിലേയ്ക്കുള്ള ഒരു സുപ്രധാന കാൽവെപ്പ്. മദ്യനിരോധനത്തിലൂടെയും ബോധവൽക്കരണ കർമ്മ പദ്ധതികളിലൂടെയും സമൂഹത്തിലെ ഓരോ വ്യക്തിയും മദ്യവർജ്ജനമെന്ന നന്മയിലേക്ക് എത്തിച്ചേരണം. അതാണ് ഫലപ്രദവും പ്രായോഗികവുമായ മദ്യനയം.

വളരെക്കാലമായി ഗുജറാത്തിൽ മദ്യനിരോധനം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ജനക്ഷേമ പദ്ധതികൾ ഫലംകാണാത്ത പശ്ചാത്തലത്തിൽ ബീഹാറിലും സമ്പൂർണ്ണ മദ്യനിരോധനം സർക്കാർ നയമായി പ്രഖ്യാപിച്ച് നടപ്പിലാക്കി കഴിഞ്ഞു. തമിഴ്നാട്ടിലും ഭാഗിക മദ്യനിരോധനമുണ്ട്. വേണ്ടത്ര രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടെങ്കിൽ ഏത് തീരുമാനവും ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയും. കൊലപാതകം ശിക്ഷാർഹമായ കുറ്റമാണ്. കൊലപാതകിക്ക് തക്കശിക്ഷ നല്കിയിട്ടും കൊലപാതകം കുറയുന്നില്ല എന്നതുകൊണ്ട് പ്രസ്തുതനിയമം പ്രായോഗികമല്ലെന്ന് പറഞ്ഞ് ശിക്ഷ ഒഴിവാക്കി ബോധവത്ക്കരണം മതിയെന്നുവച്ചാൽ എന്താകും സ്ഥിതി. ഒരു നിരോധന നിയമവും പൂർണ്ണമായി സ്വാഗതം ചെയ്യപ്പെടണമെന്നില്ല. ആദ്യഘട്ടത്തിൽ പൂർണ്ണമായ ഫലം കിട്ടിയെന്നും വരില്ല. അതുകൊണ്ട് അപ്രായോഗികമാണ് എന്നവാദം ഉയർത്തുന്നത് യുക്തിക്ക് നിരക്കുന്നതല്ല.

ജനാധിപത്യ സംവിധാനത്തിൽ ഒരു രാജ്യത്തെ ജനതയുടെ ക്ഷേമത്തിനാണ് ഭരണാധികാരികൾ പ്രധാന്യം കൊടുക്കേണ്ടത്. രാജ്യത്തിന്റെ ധാർമ്മിക നിലവാരം കാത്തുസൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരിനാണ്. ഇക്കാര്യം ബന്ധപ്പെട്ടവർ വിസ്മരിക്കരുത്. ജനങ്ങളുടെ ആരോഗ്യവും ജീവിത നിലവാരവും സംരക്ഷിക്കുവാൻ ജാഗ്രതയുണ്ടാകേണ്ട രാഷ്ട്രീയ നേതൃത്വവും ഭരണാധികാരികളും മദ്യനയത്തിൽ വ്യക്തമായ നിലപാട് സ്വീകരിക്കണം. സമൂഹത്തിലെ പാവപ്പെട്ടവരുടെയും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സമാധാനവും സുസ്ഥിതിയും ഉറപ്പാക്കാൻ സർക്കാരിന് പ്രത്യേക കടമയുണ്ട്. അത് ഒരു സർക്കാരും മറക്കരുത്.

ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികളുടെ അടിസ്ഥാനം ലഹരി തിന്മയാണ് എന്ന ബോധ്യമാണ്. ലഹരിക്കെതിരെ കേരളത്തെ സജ്ജമാക്കുന്നതിൽ നിലവിലെ സർക്കാർ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന ബോധവത്കരണ പരിപാടികളെ നമ്മൾ സ്വാഗതം ചെയ്യുന്നു. മദ്യപിച്ച് നശിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന്റെ ദയനീയാവസ്ഥ തിരിച്ചറിഞ്ഞ് ഒരാളും ഇനി ലഹരിയുടെ കെണിയിൽ വീഴരുത് എന്ന ലക്ഷ്യത്തോടെയുള്ള കർമ്മപദ്ധതികളാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. ലഹരിവിമുക്തമായ ഒരു സമൂഹത്തെ ലക്ഷ്യംവച്ച് നമ്മൾ പ്രവർത്തനനിരതരാകണം. ലഹരിക്കെതിരായ പോരാട്ടത്തിൽ ഒരിക്കലും അലസത കടന്നുവരരുത്. ഒരു സമൂഹവും അതിലൂടെ വരുംതലമുറയും നാശത്തിലേക്ക് വഴുതി വീഴുമ്പോൾ നിഷ്ക്രിയരായി നിൽക്കുന്ന അവസ്ഥ ഇനി നമുക്കുണ്ടാകരുത്.

ഇതോടൊപ്പം ശ്രദ്ധയോടെ തിരിച്ചറിയേണ്ട മറ്റൊരു വസ്തുതയുണ്ട്. പുതിയതലമുറ മദ്യത്തിൽനിന്ന് ഇതരലഹരിവസ്തുക്കളിലേയ്ക്ക് നീങ്ങുന്ന ദുരവസ്ഥ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. സാമൂഹ്യവിരുദ്ധരിലൂടെയും ഇതര സംസ്ഥാനത്തു നിന്നുള്ളവരിലൂടെയും മയക്കുമരുന്നു ശൃംഖല ഇന്ന് വ്യാപിച്ചു വരികയാണ്. ധാരാളം യുവജനങ്ങൾ ഇന്ന് ഏതെങ്കിലും തരത്തിലുള്ള ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി ഇതുമായി ബന്ധപ്പെട്ട് നടത്തിയ പഠനങ്ങൾ വെളിപ്പെടുത്തുന്നു. സുഹൃത്തുക്കളുടെ സ്വാധീനം, പരീക്ഷിച്ചറിയുവാനുള്ള ആകാംക്ഷ, ജീവിത പ്രശ്നങ്ങൾ, ലഹരിയുടെ ദോഷത്തെക്കുറിച്ചുള്ള അജ്ഞത, ലഹരി വസ്തുക്കളുടെ സംലഭ്യത തുടങ്ങിയ കാരണങ്ങൾ ലഹരിയിലേയ്ക്ക് യുവജനങ്ങളെ നയിക്കുന്നുണ്ട്. മദ്യത്തെക്കാൾ ഭീകരമാണ് മയക്കുമരുന്നുകൾ. ഒരുതവണ ഉപയോഗിച്ചാൽ പോലും ഒരു വ്യക്തി മയക്കുമരുന്നിന് അടിമയാകാൻ സാധ്യതയേറെയാണ്. മയക്കുമരുന്നു വ്യാപനത്തിനെതിരെ ജാഗ്രത പുലർത്താനും കർശനമായ നിയമനടപടികളിലൂടെ അതിനെ നേരിടുവാനും കേരളസമൂഹം അടിയന്തര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

ദേശീയ സംസ്ഥാന പാതയോരങ്ങളിൽ പ്രവർത്തിക്കുന്ന മദ്യശാലകൾ നിരോധിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധി വലിയ പ്രതീക്ഷ നൽകുന്നുണ്ട്. ചരിത്രപരമായ ഒരു വിധിയാണിത്. ഓരോവർഷവും റോഡപകടംമൂലം ഒന്നര ലക്ഷത്തിലേറെപേർ മരിക്കുന്നുണ്ട് എന്നാണ് കണക്കുകൾ പറയുന്നത്. ഇതിന്

മുഖ്യകാരണം ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകളാണെന്ന കണ്ടെത്തലാണ് ഈ വിധി പുറപ്പെടുവിക്കാൻ പ്രധാന കാരണം. ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ നിറുത്തലാക്കുകയോ അഞ്ഞൂറ് മീറ്റർ ഉള്ളിലേയ്ക്ക് മാറ്റിസ്ഥാപിക്കുകയോ ചെയ്യണമെന്നാണ് കോടതി വിധി. 2017 മാർച്ച് 31 നുള്ളിൽ വിധി നടപ്പാക്കി, സംസ്ഥാന ചീഫ്സെക്രട്ടറിമാർ റിപ്പോർട്ട് നൽകണമെന്നാണ് കോടതി ഉത്തരവ്. ദേശീയ സംസ്ഥാന പാതയോരങ്ങളിൽ മദ്യവില്പനശാലകളുടെ ബോർഡുകൾ പ്രദർശിപ്പിക്കരുതെന്നും നിലവിലുള്ളവ ഉടൻ നീക്കം ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ജനനന്മയെ കരുതിയുള്ള വിധിയാണിത്. പൊതുജനം ആഗ്രഹിച്ചതും പ്രതീക്ഷിച്ചതുമായ മദ്യനിരോധനത്തിനും സംസ്ഥാന സർക്കാർ പറയുന്ന മദ്യവർജ്ജനത്തിനും സഹായകമാണിത്. കേരളത്തെ മദ്യത്തിന്റെ പിടിയിൽ നിന്ന് മോചിപ്പിക്കുവാനും കുടുംബ സാമൂഹ്യ ജീവിതത്തിൽ മദ്യലഹരി സൃഷ്ടിക്കുന്ന ദുരന്തങ്ങൾ കുറയ്ക്കാനും ഈ വിധി സഹായകമാകും. മദ്യത്തിനെതിരെയുള്ള പോരാട്ടത്തിൽ അണിചേർന്ന എല്ലാവർക്കും ഈ സുപ്രീം കോടതി വിധി അഭിമാനത്തിന്റെയും ചാരിതാർത്ഥ്യത്തിന്റെയും നിമിഷങ്ങളാണ് സമ്മാനിക്കുന്നത്.

കേരളത്തിൽ മദ്യനിരോധന പ്രവർത്തനങ്ങളുടെ ചാലകശക്തിയായി പ്രവർത്തിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരുകളെയും മറ്റ് പ്രസ്ഥാനങ്ങളെയും പ്രേരിപ്പിക്കുന്നതിൽ വലിയൊരു പങ്കുവഹിക്കാൻ കേരളസഭയ്ക്കും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിക്കും സാധിച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. കെ. സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ഇടവക രൂപതാ തലങ്ങളിൽ കൂടുതൽ സജീവവും ഫലപ്രദവുമാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ? മദ്യവിരുദ്ധ ഞായറിന് മുന്നോടിയായി വേണ്ട ഒരുക്കങ്ങൾ നടത്തുകയും ഈ ദിനം സമുചിതമായി ആചരിക്കുകയും വേണം. നമ്മുടെ ആഘോഷങ്ങളിൽ മദ്യം ഉണ്ടാവില്ല എന്ന പ്രതിജ്ഞ നാം എടുക്കണം. മദ്യവിരുദ്ധ ഞായറായി ആചരിക്കുന്ന മാർച്ച് 12-ാം തീയതി ദൈവാലയങ്ങളിൽ എടുക്കുന്ന സ്തോത്രക്കാഴ്ച രൂപതാ കേന്ദ്രങ്ങളിൽ എത്തിക്കുകയും മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഓരോ രൂപതയിലെയും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിക്ക് നൽകുകയും ചെയ്യുന്നത് ഉചിതമായിരിക്കും. കേരളസമൂഹത്തെ മദ്യ-ലഹരി വിമുക്തമാക്കുകയെന്ന വിശുദ്ധ

ദൗത്യത്തിൽ നമുക്ക് ഓരോരുത്തർക്കും പങ്കാളികളാകാം. ഇതിനാവശ്യമായ ബോധ്യവും പ്രവർത്തനക്ഷമതയും നൽകി ഉത്തരവാദിത്വപ്പെട്ടവരെ അനുഗ്രഹിക്കണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

സ്നേഹപൂർവ്വം,

**ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

**ബിഷപ് ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

---

**NB:- ഈ സർക്കുലർ 2017 മാർച്ച് മാസം 12-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# ഇരുപത്തഞ്ചാം ആഗോള രോഗീ ദിനാചരണസന്ദേശം

**11 ഫെബ്രുവരി 2017**

**ഫ്രാൻസിസ് മാർപാപ്പാ**

**ദൈവം ചെയ്ത വലിയ കാര്യങ്ങളെക്കുറിച്ചുള്ള വിസ്മയം**

*"സർവശക്തൻ എനിക്കായി വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു"*
*(ലൂക്കാ 1:49)*

പ്രിയ സഹോദരീ സഹാദരന്മാരേ,

ഇരുപത്തഞ്ചാം ആഗോളരോഗീദിനം സഭ മുഴുവനിലും സവിശേഷമാംവിധം ലൂർദിലും ഫെബ്രുവരി 11-ന് ആഘോഷിക്കും. ഈ വർഷത്തെ ചിന്താവിഷയം "ദൈവം ചെയ്ത വലിയ കാര്യങ്ങളെക്കുറിച്ചുള്ള വിസ്മയം: സർവശക്തൻ എനിക്കായി വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു..." (ലൂക്കാ 1:49) എന്നതായിരിക്കും. ഈ ദിനാചരണം എന്റെ മുൻഗാമി വിശുദ്ധ ജോൺ പോൾ 2-ാമൻ 1992-ൽ സ്ഥാപിച്ചതും 1993 ഫെബ്രുവരി 11-ന് ആദ്യമായി ലൂർദിൽ ആരംഭിച്ചതുമാണ്. വേദനിക്കുന്നവരായ എല്ലാവരെയും വിശിഷ്യ രോഗികളുടെ പ്രത്യേക ആവശ്യങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള പ്രത്യേക ഒരവസരമാണിത്. രോഗികളെ ഉദാരതയോടെ സഹായിക്കുന്ന കുടുംബാംഗങ്ങൾ ആരോഗ്യമേഖലയിൽ ജോലിചെയ്യുന്നവർ സന്നദ്ധസേവകർ എന്നിവർക്ക് ദൈവത്തോടു നന്ദി പറയാനുള്ള ഒരവസരം കൂടിയാണിത്. കാരണം രോഗികളായ സഹോദരീസഹോദരന്മാരുടെ കൂടെയായിരിക്കാൻ അവരെ ദൈവം വിളിച്ചല്ലോ. ദരിദ്രരെയും രോഗികളെയും വേദനിക്കുന്നവരെയും സമുദായഭ്രഷ്ടരെയും പാർശ്വവത്കരിക്കപ്പെട്ടവരെയും സഹായിക്കുകയെന്നത് സഭയുടെ മൗലികദൗത്യത്തിന്റെ ഒരു ഭാഗമാണ്. അതുകൊണ്ട് ഈ ആചരണം സഭയ്ക്ക് തന്റെ മൗലിക ദൗത്യം കൂടുതൽ പൂർണമായി വഹിക്കാനുള്ള നവീകൃതമായ ആത്മീയ ഊർജം നല്കുന്ന ഒരു സന്ദർഭം കൂടുയാണിത് (cf John Paul II, Motu Proprio *Dolentium Hominum* 2 Feb. 1985, 1). ഈ ദിവസങ്ങളിൽ ലൂർദിൽ നടത്തുന്ന പ്രാർത്ഥന, കുർബാനയാചരണം, രോഗീലേപനം, രോഗികളുമായുള്ള പങ്കുവയ്ക്കൽ, ജീവ-ധർമ്മശാസ്ത്രപരവും ദൈവശാസ്ത്രപരവും അജപാലനപരവുമായ ശില്പശാലകൾ എന്നിവ ഈ സേവനരംഗത്ത് തീർച്ചയായും നവീനവും ശ്രദ്ധേയവുമായ സംഭാവനകൾ കാഴ്ചവയ്ക്കും.

ഞാൻ ഇപ്പോഴും മസാബില്ലേയിലെ ഗ്രോട്ടോയിൽ, അമലോത്ഭവ മാതാവിന്റെ രൂപത്തിന്റെ മുമ്പിൽ, ആത്മീയമായി സന്നിഹിതനാണ്. മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി സർവശക്തൻ വലിയ കാര്യങ്ങൾ ആ മാതാവിലാണല്ലോ പ്രവർത്തിച്ചത്.

വേദനയനുഭവിക്കുന്ന സഹോദരീസഹോദരന്മാരേ, നിങ്ങളോടും നിങ്ങളുടെ കുടുംബങ്ങളോടുമുള്ള എന്റെ ആത്മബന്ധം ഞാൻ പ്രകാശിപ്പിക്കുന്നു. വിവിധ സേവനരംഗങ്ങളിലും, ആരോഗ്യശുശ്രൂഷാസ്ഥാപനങ്ങളിലും ലോകത്ത് എവിടെയും പ്രവർത്തിക്കുന്ന എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. വൈദഗ്ധ്യത്തോടും ഉത്തരവാദിത്വബോധത്തോടും കൂടിയുള്ള സമർപ്പിത ശുശ്രൂഷയും ചികിത്സയും ചെയ്യുന്ന, അനുദിനക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന നിങ്ങളെ എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. ദൈവത്തിന് ഓരോ മനുഷ്യനോടുമുള്ള സ്നേഹത്തിന്റെ സുനിശ്ചിതമായ അടയാളവും ദൈവേഷ്ടത്തിനു കീഴ്വഴങ്ങുന്നതിന്റെ മാതൃകയും "രോഗികളുടെ ആരോഗ്യവും" ആയ മറിയത്തിൽ കണ്ടെത്തുവാൻ രോഗികളും പീഡസഹിക്കുന്നവരും, ചികിത്സകരും, നേഴ്സുമാരും കുടുംബാംഗങ്ങളും സന്നദ്ധസേവകരുമായ നിങ്ങളെയെല്ലാവരെയും ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ദിവ്യവചനം കൊണ്ടും കൂദാശകൾകൊണ്ടും പോഷിപ്പിക്കപ്പെട്ട്, വിശ്വാസത്തിൽ, രോഗാവസ്ഥയിലും ദൈവത്തെ സ്നേഹിക്കാനുള്ള ശക്തി നിങ്ങൾ നേടാൻ ഇടയാകട്ടെ.

വിശുദ്ധ ബർണദീത്തയെപ്പോലെ നമ്മൾ പരിശുദ്ധ മറിയത്തിന്റെ സൂക്ഷ്മമായ നോട്ടത്തിൻ കീഴിൽ നില്ക്കുന്നു. താൻ സ്നേഹപൂർണയായ നാഥ എന്നു വിളിക്കുന്ന പരിശുദ്ധ കന്യകാമറിയം ഒരാൾ മറ്റൊരാളെ നോക്കുന്നതുപോലെ തന്റെ നേരേ നോക്കിയെന്ന് ലൂർദിലെ വിനീത കന്യകയായ ബർണദീത്ത പറയുന്നു. ലളിതമായ ആ വാക്കുകൾ ഒരു ബന്ധത്തിന്റെ പൂർണതയെ വിവരിക്കുന്നുണ്ട്. മറിയം ഒരു വ്യക്തിയെന്ന നിലയിൽ തന്റെ നേരേ നോക്കുകയായിരുന്നുവെന്ന് ദരിദ്രയും അക്ഷരജ്ഞാനമില്ലാത്തവളും രോഗിണിയുമായ ബർണദീത്തായ്ക്കു തോന്നി. സ്നേഹപൂർണയായ കന്യകാമറിയം അവളോട് വലിയ ബഹുമാനത്തോടും ഗൗരവം വെടിഞ്ഞ് ദാക്ഷിണ്യത്തോടെയും സംസാരിച്ചു. ഇത് ഒരു വസ്തുത നമ്മെ ഓർമ്മിപ്പിക്കുന്നു. ഓരോ വ്യക്തിയും എപ്പോഴും ഒരു മനുഷ്യനാണ്. അങ്ങനെ നിലകൊള്ളുകയും ചെയ്യുന്നു. അതുകൊണ്ട് അതനുസരിച്ച് നാം ഓരോ വ്യക്തിയോടും പെരുമാറണം എന്നതാണ് ആ വസ്തുത. രോഗികൾക്കും അംഗപരിമിതർക്കും അവരുടെ ജീവിതത്തിൽ അന്യവത്കരിക്കാനാവാത്ത അതിയായ മഹത്ത്വവും ദൗത്യവുമുണ്ട്. അവർ ഒരിക്കലും നിസ്സാര വസ്തുക്കളായിത്തീരുന്നില്ല. ചിലപ്പോൾ അവർ നിഷ്ക്രിയരായി കാണപ്പെടാമെങ്കിലും യഥാർത്ഥത്തിൽ നിഷ്ക്രിയരല്ല.

ബർണദീത്ത, ഗ്രോട്ടോ സന്ദർശിച്ചതിനുശേഷം, അവളുടെ പ്രാർത്ഥനയുടെ സഹായത്താൽ, തന്റെ ദൗർബല്യത്തെ മറ്റുള്ളവർക്കു സഹായകരമാക്കി മാറ്റി. തന്റെ അയൽക്കാരെ ശക്തിപ്പെടുത്താൻ സ്നേഹംമൂലം അവൾക്കു കഴിഞ്ഞു. സർവോപരി, മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി തന്റെ ജീവൻ സമർപ്പിക്കാനും സാധിച്ചു.

പാപികൾക്കുവേണ്ടി പ്രാർത്ഥിക്കാൻ സ്നേഹപൂർണയായ കന്യകാമറിയം അവളോട് ആവശ്യപ്പെട്ടു. ഈ യാഥാർത്ഥ്യം നമ്മെ ഒരു കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്. അതായത്, രോഗികളും സഹിക്കുന്നവരും സൗഖ്യം ലഭിക്കാൻ മാത്രമല്ല അവർ യഥാർത്ഥ ക്രൈസ്തവരായി ജീവിക്കാനും, ക്രിസ്തുവിന്റെ യഥാർത്ഥ പ്രേഷിതശിഷ്യന്മാരെപ്പോലെ ജീവിതം സമർപ്പിക്കാൻപോലും, ആഗ്രഹിക്കുന്നുണ്ട്. കന്യകാമറിയം ബർണദീത്തായ്ക്ക് രോഗികളെ ശുശ്രൂഷിക്കാനുള്ള വിളി നല്കി. പരസ്നേഹത്തിന്റെ സഹോദരിയാകാൻ അവളെ വിളിച്ചു. ആ ദൗത്യം അവർ ഏറെ മാതൃകാപരമായ രീതിയിൽ നിർവഹിച്ചു. ആരോഗ്യശുശ്രൂഷ നിർവഹിക്കുന്നവർക്കെല്ലാം അത് മാതൃകയായിത്തീർന്നു. തീർച്ചയായും സഹായം ആവശ്യമുള്ള വ്യക്തികളായി രോഗികളെ കണ്ട് അവരോട് എപ്പോഴും ബന്ധപ്പെടാനുള്ള അനുഗ്രഹത്തിനായി അമലോദ്ഭവമറിയത്തോട് നമുക്കു പ്രാർത്ഥിക്കാം. രോഗികൾക്ക് ചിലപ്പോൾ ചെറിയ സഹായങ്ങളായിരിക്കും ആവശ്യമുള്ളത്. എന്നാലും മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ സ്വന്തമായ ഒരു ദാനം അവർക്കുണ്ട്.

പീഡിതരോടും ദരിദ്രരോടുമുള്ള സഭയുടെ അനുദിനസമർപ്പണത്തിൽ “പീഡിതരുടെ ആശ്വാസ”മായ മറിയത്തിന്റെ നോട്ടം സഭയുടെ മുഖത്തെ പ്രകാശിപ്പിക്കുന്നു. സഹനത്തിന്റെയും രോഗത്തിന്റെയും ലോകത്തോടുള്ള ഈ താത്പര്യത്തിന്റെ അമൂല്യഫലങ്ങൾ കർത്താവായ യേശുവിനോട് നന്ദിപറയാനുള്ള ഒരു കാരണമാണ്. അവിടന്ന് പിതാവിന്റെ ഇഷ്ടമനുസരിച്ച് നമ്മിൽ ഒരാളായിത്തീർന്നു. മനുഷ്യവംശത്തെ വീണ്ടെടുക്കാൻവേണ്ടി കുരിശുമരണം സഹിക്കുക കൂടി ചെയ്തു. മറിയത്തിൽ നിന്നു ജനിച്ച ദൈവപുത്രനായ ക്രിസ്തു പ്രദർശിപ്പിച്ച ഐക്യദാർഢ്യം ദൈവത്തിന്റെ കരുണാപൂർണമായ സർവശക്തിയുടെ ഒരു പ്രകാശനമാണ്. അതാകട്ടെ നമ്മുടെ ജീവിതത്തിൽത്തന്നെ - സർവോപരി ജവിതം ദുർബലവും വേദനാപൂർണവും അപമാനിതവും പാർശ്വവത്കൃതവും സഹനപൂർണവുമായിത്തീരുമ്പോൾ - വെളിവാക്കപ്പെട്ടിട്ടുണ്ട്. നമ്മെ പിടിച്ചുനിറുത്താനും വീണ്ടും എഴുന്നേല്ക്കാനും സഹായിക്കുന്ന പ്രത്യാശയുടെ ശക്തികൊണ്ട് അതു ജീവിതം നിറയ്ക്കുകയും ചെയ്യുന്നു.

മനുഷ്യത്വത്തിന്റെ മഹാസമ്പത്തും വിശ്വാസവും ദുർവ്യയം ചെയ്തുകളയരുത്. മറിച്ച്, മാനുഷിക ദൗർബല്യത്തെക്കുറിച്ച് തുറന്നു പറയാനും ഇന്നത്തെ ആരോഗ്യസംരക്ഷണത്തിന്റെയും സാങ്കേതികവിദ്യയുടെയും വെല്ലുവിളികളെ നേരിടാനും അത് നമ്മെ പ്രചോദിപ്പിക്കണം. ഈ ആഗോളരോഗീദിനാചരണ  ദിവസം ജീവനോടും ആരോഗ്യത്തോടും പരിസ്ഥിതിയോടും ബഹുമാനം കാണിക്കുന്ന ഒരു സംസ്കാരത്തിനുവേണ്ടി അധ്വാനിക്കാൻ പുതിയ പ്രചോദനം നമുക്കു കണ്ടെത്താം. വ്യക്തികളുടെ സമഗ്രതയും മഹത്ത്വവും സംരക്ഷിക്കുന്നതിന് നവീന പരിശ്രമങ്ങൾ ചെയ്യാൻ ഈ ദിവസം നമ്മെ പ്രചോദിപ്പിക്കട്ടെ. ജീവ-ധർമ്മശാസ്ത്രപരമായ പ്രശ്നങ്ങളോടും ദുർബലർക്കുള്ള

സംരക്ഷണത്തോടും പരിസ്ഥിതി സംരക്ഷണത്തോടും ശരിയായ സമീപനം പുലർത്താൻ അതു ഉത്തേജനം നല്കട്ടെ.

ഈ ഇരുപത്തഞ്ചാം ആഗോളരോഗീദിനാചരണദിവസം ചികിത്സ കർക്കും നേഴ്സുമാർക്കും സന്നദ്ധസേവകർക്കും രോഗികളെയും ദരിദ്ര രെയും സേവിക്കാൻ സ്വയം സമർപ്പിച്ച സന്ന്യാസിനീസന്ന്യാസികൾക്കും ഒരിക്കൽകൂടി എന്റെ പ്രാർത്ഥനാപൂർവകമായ പിന്തുണയും പ്രോത്സാ ഹനവും ഞാൻ നല്കുന്നു. ഈ ലക്ഷ്യത്തിനായി അധ്വാനിക്കുന്ന സഭാ സ്ഥാപനങ്ങളെയും സിവിൽ സ്ഥാപനങ്ങളെയും രോഗികളെയും സ്നേഹപൂർവം പരിചരിക്കുന്ന കുടുംബങ്ങളെയും ഞാൻ സ്നേഹ പൂർവം ആശ്ലേഷിക്കുന്നു. അവയെല്ലാം ദൈവസ്നേഹത്തിനുള്ള സാന്നി ധ്യത്തിന്റെ സന്തോഷപൂർണമായ അടയാളങ്ങളായിരിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. ആശുപത്രികളുടെയും ആരോഗ്യപാലകരു ടെയും രക്ഷാധികാരികളായ വിശുദ്ധ ജോൺ ഓഫ് ഗോഡ്, വിശുദ്ധ കമില്ലൂസ് ഡി ലെല്ലീസ് ദൈവസ്നേഹത്തിന്റെ പ്രേഷിതയായ കൽക്ക ട്ടയിലെ മദർ തെരേസ എന്നിവർ ഉൾപ്പെടുന്ന ദൈവത്തിന്റെ അനേക സുഹൃത്തുക്കൾ നല്കിയ പ്രഭാപൂരിതമായ സാക്ഷ്യത്തെ അവർ അനു കരിക്കട്ടെ.

പ്രിയ സഹോദരീസഹോദരന്മാരേ, രോഗികളേ, ആരോഗ്യപാല കരേ, സന്നദ്ധസേവകരേ, നിങ്ങൾ എന്നോടൊപ്പം കന്യകാമറിയത്തോടു പ്രാർത്ഥിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അവളുടെ മാതൃസഹ ജമായ മാധ്യസ്ഥ്യം നമ്മുടെ വിശ്വാസത്തോടൊപ്പമുണ്ടായിരിക്കുകയും നമ്മെ സംരക്ഷിക്കുകയും ചെയ്യട്ടെ. സുഖപ്പെടുത്തലിന്റെയും ആരോഗ്യ പാലനത്തിന്റെയും യാത്രയിൽ അവൾ തന്റെ പുത്രനായ ക്രിസ്തുവിൽ നിന്ന് പ്രത്യാശ നേടിത്തരട്ടെ. സാഹോദര്യത്തെയും ഉത്തരവാദിത്വ ത്തെയും സംബന്ധിച്ച ബോധവും സമഗ്രമാനുഷിക വികസ നത്തെക്കുറിച്ചുള്ള സമർപ്പണബോധവും ദൈവം തന്റെ വിശ്വസ്തതയും കാരുണ്യവും വഴി നമ്മെ വിസ്മയിപ്പിക്കുന്നിടത്തെല്ലാം കൃതജ്ഞത തോന്നുന്നതിന്റെ സന്തോഷവും സംലബ്ധമാക്കട്ടെ.

ഞങ്ങളുടെ അമ്മയായ മറിയമേ, ഞങ്ങളിൽ ഓരോരുത്തരെയും പുത്രനോ പുത്രിയോ ആയി ക്രിസ്തുവിൽ സ്വാഗതം ചെയ്യണമേ. ആത്മ വിശ്വസത്തോടെയുള്ള ഞങ്ങളുടെ ഹൃദയങ്ങളുടെ പ്രതീക്ഷകളെ നില നിറുത്തണമെ. ഞങ്ങളുടെ രോഗങ്ങളിലും സഹനങ്ങളിലും ഞങ്ങളെ സഹായിക്കണമേ. നിന്റെ പുത്രനും ഞങ്ങളുടെ സഹോദരനുമായ ക്രിസ്തുവിലേക്കു ഞങ്ങളെ നയിക്കണമേ. മഹാകാര്യങ്ങൾ ചെയ്യുന്ന പിതാവിന് സ്വയം സമർപ്പിക്കാൻ ഞങ്ങളെ സഹായിക്കണമേ.

എന്റെ പ്രാർത്ഥനയിൽ സ്ഥിരം ഓർമ്മിച്ചുകൊള്ളാമെന്ന് ഉറപ്പു നല്കിക്കൊണ്ട്, ഹൃദയപൂർവം നിങ്ങൾക്ക് എല്ലാവർക്കും ഞാൻ അപ്പ സ്തോലികാശീർവാദം തരുന്നു.

8 ഡിസംബർ 2016, അമലോദ്ഭവത്തിരുന്നാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പാ**

# Requirements for receiving MESSAGES from the Major Archbishop

09 January 2017

Prot. No. 0042/2017

Since the requests for Messages of the Major Archbishop that Syro-Malabar Major Archiepiscopal Cuira receives from Lay People, various Lay Associations, Priests, Consecrated Men and Women, Parishes, Institutes of Consecrated Life, Societies of Apostolic Life, Secular Institutes, etc... are numerous, it has been decided to lay down certain regulations.

1. The request should reach the Major Archiepiscopal Curia at least two months before the deadline by which the message has to be ready. Requests received after this time period will not be considered.
2. For lay people and lay associations, the request should be accompanied by a letter of recommendation of the Parish Priest and endorsed by the Bishop.
3. Requests from Priests should be accompanied by a letter of recommendation of the eparchial bishop.
4. Requests from Consecrated Men and Women should be accompanied by a letter of recommendation of Provincial Superior.
5. The Major Archbishop does not write foreword for books. He may give only words of appreciation.
6. The Major Archbishop does not give messages for Supplements and similar common publications.
7. The message of the Major Archbishop given for a specific purpose should not be published elsewhere without special permission.

I take this opportunity to assure you that the Major Archiepiscopal Curia is always prompt in serving the Church and People of God.

Yours sincerely,

Fr. Antony Kollannur

Major Archiepiscopal Chancellor

# പുരോഹിതൻ പ്രഘോഷിക്കേണ്ട സുവിശേഷം

*മല്പാൻ ഡോ. മാത്യു വെള്ളാനിക്കൽ*

(തിരുവചനഭാഗം: മർക്കോ 2,1-3,12)

വി. മർക്കോസിന്റെ സുവിശേഷം ഒന്നാമദ്ധ്യായത്തിൽ ഈശോയുടെ ആധികാരികമായ സുവിശേഷപ്രഘോഷണത്തെയും അതിനു ലഭിച്ച അനുകൂലമായ പ്രതികരണങ്ങളെയും വ്യാപകമായ പ്രശസ്തിയെയും സംബന്ധിച്ചുള്ള വിവരണങ്ങളാണ് നൽകിയിരിക്കുന്നത്. 2:1-3,12 ൽ ഈശോയും മതനേതാക്കന്മാരും തമ്മിലുള്ള സംഘർഷത്തിന്റെ പശ്ചാത്തലത്തിലുള്ള അഞ്ചു സംവാദങ്ങളും, അവസാനം സാധാരണ ജനങ്ങളുടെ അനുകൂലമായ പ്രത്യുത്തരവുമാണ് അവതരിപ്പിക്കുന്നത്. ഈശോ പ്രഘോഷിക്കുന്ന സുവിശേഷത്തിന്റെ പ്രത്യേകതകളാണ് ഈ ഭാഗത്ത് സുവിശേഷകൻ എടുത്തുകാണിക്കുന്നത്.

ആദ്യത്തെ രണ്ടു സംവാദങ്ങളിൽ (2:1-12. 13-17) പാപികളോടുള്ള ഈശോയുടെ കരുണയുള്ള സ്നേഹവും യഹൂദമതനേതാക്കന്മാരുടെ പഴഞ്ചനായ പ്രതികൂല മനോഭാവങ്ങളും തമ്മിലുള്ള സംഘർഷമാണ് അവതരിപ്പിക്കുന്നത്. മൂന്നാമത്തെ സംവാദം (2:18-22) ഈശോയുടെ സുവിശേഷത്തിന്റെ സന്തോഷകരമായ നവ്യതയും യഹൂദപാരമ്പര്യങ്ങളുടെ കാലഹരണപ്പെട്ട ശുഷ്കതയും ഊന്നിപ്പറയുന്നു. നാലും അഞ്ചും സംവാദങ്ങളിൽ (2:23; 3:1-6) സാബത്തു നിയമത്തെ അതിലംഘിക്കുന്ന ഈശോയുടെ സുവിശേഷത്തിന്റെ നവ്യതയും പ്രസക്തിയും എടുത്തുകാണിക്കുന്നു. അവസാനമായി ഈശോയുടെ മെസിയാനിക പ്രവർത്തനങ്ങളെയും ജനങ്ങളുടെ ആവേശപൂർവകമായ പ്രതികരണങ്ങളെയും ചിത്രീകരിക്കുന്ന ഒരു സംഗ്രഹവും (3:7-12) മർക്കോസ് സുവിശേഷകൻ നല്കുന്നു. പുരോഹിതരെന്ന നിലയിൽ നാം പ്രഘോഷിക്കേണ്ട സുവിശേഷത്തിന്റെ സവിശേഷതകളെന്തൊക്കെയാണെന്നും എങ്ങനെയാണ് സുവിശേഷം പ്രഘോഷിക്കേണ്ടതെന്നും മനസ്സിലാക്കാൻ ഈ സുവിശേഷഭാഗം സഹായകരമാകും.

**1. സമഗ്രവിമോചനത്തിന്റെ സുവിശേഷം**

*"എന്നാൽ, ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്നു നിങ്ങൾ അറിയേണ്ടതിന് - അവൻ തളർവാതരോഗി*

*യോടു പറഞ്ഞു - ഞാൻ നിന്നോടു പറയുന്നു, എഴുന്നേറ്റ് നിന്റെ കിടക്കയുമെടുത്ത്, വീട്ടിലേക്കു പോവുക*" (2:10–11).

തളർവാതരോഗിക്ക് പാപമോചനവും ശരീരസൗഖ്യവും നല്കുന്ന സംഭവമാണ് 2:1–12 ൽ വിവരിക്കുന്നത്. ഈശോ വസിച്ചിരുന്ന ഭവനത്തിലും പരിസരത്തും തടിച്ചുകൂടിയ ജനങ്ങളോട് സുവിശേഷം പ്രസംഗിച്ചുകൊണ്ടിരുന്ന സന്ദർഭത്തിലാണ് ഈ സംഭവം നടക്കുന്നത്. "നാലു പേർ ഒരു തളർവാതരോഗിയെ എടുത്തുകൊണ്ടുവന്നു. ജനക്കൂട്ടം നിമിത്തം അവന്റെ അടുത്തെത്താൻ അവർക്കു കഴിഞ്ഞില്ല. അതിനാൽ അവൻ ഇരുന്ന സ്ഥലത്തിന്റെ മേൽക്കൂരപൊളിച്ച്, തളർവാതരോഗിയെ അവർ കിടക്കയോടെ താഴോട്ടിറക്കി" (2:3–4). അവരുടെ വിശ്വാസമാണ് അതിന് അവരെ പ്രേരിപ്പിച്ചത്: ജീവിതത്തിൽ അടിസ്ഥാനപരമായ ആവശ്യങ്ങൾപോലും സ്വയം നിറവേറ്റാൻ കഴിയാത്ത രോഗിയുടെ വിശ്വാസം – ഈശോ തന്നെ രക്ഷിക്കുമെന്ന വിശ്വാസം; സകല പ്രതിബന്ധങ്ങളെയും ദൃഢനിശ്ചയത്തോടെ തരണംചെയ്ത് രോഗിയെ ഈശോയുടെ മുമ്പിലെത്തിച്ച നാലു സുഹൃത്തുക്കളുടെയും വിശ്വാസം – ഈശോയിൽ പ്രവർത്തിക്കുന്ന ദൈവികശക്തിയിലുള്ള വിശ്വാസം. "അവരുടെ വിശ്വാസംകണ്ട് ഈശോ തളർവാതരോഗിയോടു പറഞ്ഞു: മകനേ നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" (2:5).

അവരുടെ വിശ്വാസം തിരിച്ചറിഞ്ഞ ഈശോയുടെ പ്രതികരണം അപ്രതീക്ഷിതമായിരുന്നു. രോഗശാന്തി ആഗ്രഹിച്ചുവന്ന രോഗിയോട് ഈശോ പ്രഖ്യാപിച്ചത് ദൈവം കാരുണ്യപൂർവം നല്കുന്ന പാപപ്പൊറുതിയുടെ വചനമാണ്. പാപമാണല്ലോ മനുഷ്യൻ ഇന്നനുഭവിക്കുന്ന എല്ലാ ദുരന്തങ്ങളുടെയും അടിസ്ഥാനകാരണം. അതുകൊണ്ട് പാപമോചനവും അതോടൊപ്പം ശാരീരികസൗഖ്യവും നല്കി ഈശോ അയാളെ അനുഗ്രഹിക്കുകയാണ്. തന്റെ പാപമോചനാധികാരത്തെ യഹൂദനിയമജ്ഞർ ചോദ്യം ചെയ്ത പശ്ചാത്തലത്തിൽ, മനുഷ്യദൃഷ്ടിയിൽ കൂടുതൽ ബുദ്ധിമുട്ടുള്ള രോഗശാന്തി നല്കി തന്റെ പാപമോചനാധികാരം സ്ഥിരീകരിക്കുകയും ചെയ്തു. മനുഷ്യപുത്രനെന്ന നിലയിലും ഭൂമിയിലുമാണ് താൻ ഈ പാപമോചനാധികാരം കൈകാര്യം ചെയ്യുന്നതെന്ന് പ്രത്യേകം എടുത്തുപറയുന്നു (2:11). ഭൂമിയിൽ ഇന്ന് ഈശോ പാപമോചനാധികാരം കൈകാര്യം ചെയ്യുന്നത് സഭയിലെ പുരോഹിതശുശ്രൂഷയിലൂടെയാണ്. പുരോഹിതന് പാപമോചനദൗത്യവും രോഗികളുടെമേൽ കൈ വച്ച് അവരെ സുഖപ്പെടുത്തുന്നതി

നുള്ള ദൗത്യവും തിരുപ്പട്ടശുശ്രൂഷയിൽ നല്കുന്നത്, പുരോഹിതശുശ്രൂഷയിലൂടെ സമഗ്രവിമോചനത്തിന്റെ സുവിശേഷം പ്രഘോഷിക്കുന്നതിനുവേണ്ടിയാണ്.

**2. പാപികളെ തേടുന്ന സുവിശേഷം**

*"ഇതു കേട്ട് ഈശോ പറഞ്ഞു: ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണു വൈദ്യനെക്കൊണ്ട് ആവശ്യം. നീതിമാന്മാരെയല്ല, പാപികളെ വിളിക്കാനാണ് ഞാൻ വന്നത്"* (2:17).

ദൈവരാജ്യ ശുശ്രൂഷയ്ക്കായി ആരംഭത്തിൽ നാലുപേരെ വിളിച്ചതുപോലെതന്നെ ഈശോ ലേവിയെയും ശിഷ്യത്വത്തിലേക്കു വിളിച്ചു. ഈ വിളിയുടെ പ്രത്യേകത, ലേവി റോമാക്കാർക്കുവേണ്ടി ചുങ്കം പിരിക്കുന്ന ചുങ്കക്കാരനും യഹൂദരുടെ വീക്ഷണത്തിൽ അശുദ്ധനും പാപിയും ആയിരുന്നു എന്നതാണ്. ലേവിയുടെ വിളിയിൽനിന്നും ചുങ്കക്കാരും പാപികളും ചേർന്നുള്ള സന്തോഷകരമായ വിരുന്നിലേക്കുള്ള നീക്കം അനായാസവും ഹൃദയാവർജ്ജകവുമാണ്. നിയമപണ്ഡിതരാകട്ടെ പാപികളോട് സൗഹൃദപൂർവം ഇടപെടുന്ന ഈശോയുടെ വിപ്ലവകരമായ നിലപാടുകളെ ചോദ്യം ചെയ്തു. അവർ പാപികളെയും വിജാതീയരുമായി ഇടപെടുന്ന ചുങ്കക്കാരെയും അശുദ്ധരായിക്കരുതി പുച്ഛിച്ചു തിരസ്കരിച്ചിരുന്നു; സമൂഹഭ്രഷ്ടരായിരുന്ന അവരുടെ സഹവാസം നിഷിദ്ധമായിക്കരുതിയിരുന്നു. അവർക്കു മറുപടിയായി ഈശോ പറയുന്നു: "ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണു വൈദ്യനെക്കൊണ്ട് ആവശ്യം. നീതിമാന്മാരെയല്ല, പാപികളെ വിളിക്കാനാണു ഞാൻ വന്നത്" (2:17). ആരോഗ്യവാന്മാർക്ക് വൈദ്യനെ ആവശ്യമില്ലാത്തതുപോലെ, സ്വയം നീതിമാന്മാരെന്ന് അഭിമാനിക്കുന്ന നിയമപണ്ഡിതർക്ക് ഈശോയുടെ രക്ഷാകരദൗത്യം ആവശ്യമില്ല. രോഗികൾക്കാണ് വൈദ്യന്റെ സഹായം ആവശ്യമുള്ളത്. വൈദ്യനു രോഗിയെ സഹായിക്കാൻ കഴിയും. അതിനു കടമയുമുണ്ട്. അതുപോലെ പാപികൾക്കു രക്ഷ പ്രാപിക്കാൻ ഈശോയുടെ സഹായം ആവശ്യമുണ്ട്. ഈശോയ്ക്ക് അവരെ രക്ഷിക്കാനും കഴിയും. അതുതന്നെയാണ് അവിടുത്തെ ദൗത്യവും, അതിനുവേണ്ടിയാണ് അവിടുന്ന് ലോകത്തിലേക്കു വന്നതും.

പാപികളെ തേടിവന്ന മിശിഹായുടെ സാന്നിദ്ധ്യമാണ് പുരോഹിതൻ ജനമദ്ധ്യേ സന്നിഹിതമാക്കേണ്ടത്. പാപികൾക്കു കാരുണ്യപൂർവം പാപമോചനം നല്കുക മാത്രമല്ല, അവരെ സൗഹൃദപൂർവം ശിഷ്യത്വത്തിലേക്കു വിളിക്കുകയും അവരോടൊത്ത് ഉത്സാഹപൂർവം വിരുന്ന്

ആസ്വദിക്കുകയും ചെയ്യുന്ന ഈശോയുടെ ചിത്രമാണ് അജപാലന ശുശ്രൂഷയിൽ പുരോഹിതനു മാതൃകയാകേണ്ടത്. ഈശോ വന്നതിന്റെ ലക്ഷ്യം പാപബദ്ധമായ മനുഷ്യപ്രകൃതിയുള്ള എല്ലാ മനുഷ്യരെയും മാനസാന്തരത്തിലേക്കും ശിഷ്യത്വത്തിലേക്കും വിളിക്കാനാണ്. പാപികൾ വരാൻ കാത്തിരിക്കാതെ പാപികളെ തേടിപ്പോകുന്ന ഒരു അജപാലനശൈലി സഭയിൽ പുരോഹിതർക്കുണ്ടാകണം.

പാപികളും ചുങ്കക്കാരും ഒരുമിച്ചുള്ള വിരുന്ന് ഈശോയുടെ ദൈവരാജ്യസുവിശേഷ പ്രഘോഷണത്തിന്റെ ഒരു അവശ്യഘടകമായിരുന്നു (ലൂക്കാ 7:31–35; 15:1–2; 19:7). ഇന്ന് ഈശോ പാപികളോടൊന്നിച്ചുള്ള ഈ വിരുന്ന് ഒരുക്കുന്നത് പരിശുദ്ധ കുർബാനയിലാണ്. പാപികളെ രക്ഷിക്കുവാൻവേണ്ടി അവിടുന്നു പൂർത്തിയാക്കിയ പീഡാനുഭവ, മരണ, ഉത്ഥാനങ്ങളെ അനുസ്മരിച്ചുകൊണ്ടും ആഘോഷിച്ചുകൊണ്ടും, തന്റെ ശരീരരക്തങ്ങളുടെ വിരുന്ന് പാപികളായ മനുഷ്യർക്കായി ഒരുക്കിക്കൊണ്ടും ഇന്നും ഈശോ പരിശുദ്ധ കുർബാനയിൽ സന്നിഹിതനാകുന്നു. പാപികളെ തേടുന്ന അജപാലനശൈലിയിലൂടെ പരിശുദ്ധ കുർബാനയാകുന്ന മിശിഹായുടെ കൂട്ടായ്മയിൽ എല്ലാവരെയും ഒന്നിപ്പിച്ച് സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാൻ പുരോഹിതനു കഴിയണം.

**3. സന്തോഷത്തിന്റെ സുവിശേഷം**

"*ഈശോ പറഞ്ഞു: മണവാളൻ കൂടെയുള്ളപ്പോൾ മണവറത്തോഴർക്ക് ഉപവസിക്കാൻ സാധിക്കുമോ? മണവാളൻ കൂടെയുള്ളിടത്തോളം കാലം അവർക്ക് ഉപവസിക്കാനാവില്ല. മണവാളൻ അവരിൽനിന്ന് അകറ്റപ്പെടുന്ന കാലം വരും; അന്ന് അവർ ഉപവസിക്കും*" (2,19–20).

യോഹന്നാൻ സ്നാപകൻ ഊന്നൽ നല്കിയ താപസജീവിതശൈലി അദ്ദേഹത്തിന്റെ ശിഷ്യന്മാർ അവലംബിച്ചപ്പോൾ അവരിൽനിന്നും തികച്ചും വ്യത്യസ്തരായി ഈശോയുടെ ശിഷ്യന്മാർ ജീവിതത്തിൽ ആഘോഷത്തിന്റെ ശൈലിയാണ് സ്വീകരിച്ചത്. ഇതിന്റെ വിശദീകരണമാണ് ഈ വിവാദത്തിലൂടെ ഈശോ നല്കുന്നത്. തപസ്സിനും ആഘോഷത്തിനും അതിന്റേതായ സമയമുണ്ടെന്നും അസമയത്തെ തപസ്സും ആഘോഷവും അനുചിതമായിരിക്കുമെന്നുമാണ് ഈശോ പഠിപ്പിക്കുന്നത്. വിവാഹവേളയിൽ മണവാളന്റെ സാന്നിദ്ധ്യത്തിൽ ആരും ഉപവസിക്കുകയില്ല. മണവാളൻ മിശിഹായും മണവാട്ടി മിശിഹായെ അനുഗമിക്കുന്ന ശിഷ്യസമൂഹം അഥവാ സഭയുമാണ് (യോഹ 3:29). പരസ്യജീവിതകാലം ഈശോ തന്റെ സഭയുടെ മുന്നോടിയായ ശിഷ്യസമൂഹത്തിനു രൂപംകൊടുത്തുകൊണ്ടിരി

ക്കുന്ന കാലഘട്ടമാണ്. മണവാളനായ മിശിഹാ തന്റെ മണവാട്ടിയായ ശിഷ്യസമൂഹത്തെ സ്വന്തമാക്കുന്ന സമയമാണ്. തന്റെ പീഡാനുഭവ മരണ ഉത്ഥാനങ്ങളിലൂടെ ഈശോ അവരെ സ്വന്തമാക്കി കഴിഞ്ഞ്, പിന്നീട് സഭയുടെ കാലഘട്ടം വരുമ്പോൾ ഉപവാസത്തിനു പ്രസക്തിയുണ്ടാകും. മണവാളനായ മിശിഹായുമായി ഐക്യത്തിൽ വസിക്കണമെങ്കിൽ ഉപവാസവും പ്രാർത്ഥനയുമൊക്കെ ആവശ്യമായി വരും. പക്ഷേ അതെല്ലാം ആത്യന്തികമായി മണവാളനായ ഈശോയോടൊത്ത് മണവറയിൽ വസിക്കുന്ന മണവാട്ടിയായ സഭയുടെ സന്തോഷം വർദ്ധിപ്പിക്കുന്ന അനുഭവമായിരിക്കും നല്കുന്നത്. അതുകൊണ്ട് ഈശോ പ്രഘോഷിക്കുന്ന സുവിശേഷം ദൈവികമായ സന്തോഷത്തിന്റെ സുവിശേഷമാണ്.

പുതിയ വസ്ത്രവും പുതിയ വീഞ്ഞും ദൈവരാജ്യത്തിന്റെയും ദൈവരാജ്യത്തിന്റെ കൂദാശയായ സഭയുടെയും നവ്യതയെ സൂചിപ്പിക്കുന്ന ലളിത സാദൃശ്യങ്ങളാണ്. ദൈവരാജ്യസുവിശേഷം തികച്ചും നൂതനമായ ധാർമ്മികതയും അതിനനുസൃതമായ ജീവിതശൈലിയും ഉൾക്കൊള്ളുന്നതാണ്. ഫരിസേയ മതാനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും അത് ഒതുങ്ങുകയില്ല. പഴയ മനോഭാവങ്ങളും സംവിധാനങ്ങളും ദൈവരാജ്യത്തിന്റെ സുവിശേഷാഭിമുഖ്യമുള്ള സഭാസമൂഹത്തിന് അനുയോജ്യമല്ല. ഈശോയുടെ ശിഷ്യന്മാർ ഫരിസേയരെയും യോഹന്നാന്റെ ശിഷ്യന്മാരെയും അനുകരിക്കാൻ ശ്രമിച്ചാൽ അത് പുതിയ തുണി പഴയ വസ്ത്രത്തോടു തുന്നിച്ചേർക്കുന്നതുപോലെയും പുതിയ വീഞ്ഞ് പഴയ തോൽക്കുടത്തിൽ ഒഴിച്ചുവയ്ക്കുന്നതുപോലെയുമായിരിക്കും. സഭയുടെ സ്ഥാപനപരമായ വളർച്ചയിൽ സുവിശേഷാത്മകമായ ചൈതന്യത്തിനു കോട്ടംവരാതെ സൂക്ഷിക്കണം. പൗരോഹിത്യശുശ്രൂഷ എപ്പോഴും സുവിശേഷോന്മുഖമായ ചൈതന്യവും സന്തോഷവും വളർത്തുവാൻ സഹായകമാകണം.

**4. മനുഷ്യത്വത്തിന്റെ സുവിശേഷം**

"*അവൻ അവരോടു പറഞ്ഞു: സാബത്ത് മനുഷ്യനുവേണ്ടിയാണ്; മനുഷ്യൻ സാബത്തിനുവേണ്ടിയല്ല*" (2:27-28).

വിളവയലിലൂടെ നടന്നുപോയിരുന്ന ശിഷ്യന്മാർ ധാന്യക്കതിരുകൾ പറിച്ചെടുത്തു തിന്നത് കൊയ്ത്തായി ദുർവ്യാഖ്യാനം ചെയ്ത് ഫരിസേയർ ഈശോയെ ചോദ്യം ചെയ്തു. മറുപടിയായി ഈശോ പഴയനിയമത്തിൽ ദാവീദും അനുചരന്മാരും ചെയ്തത് (1 സാമു 21:1-6) ഉദ്ധരിച്ചുകൊണ്ട് ശിഷ്യരെ ന്യായീകരിച്ചു (2:25-26). ഈ ന്യായീകര

ണത്തിൽനിന്നും ഒരു കാര്യം വ്യക്തമാണ്. മനുഷ്യന്റെ അടിയന്തിരമായ ആവശ്യങ്ങൾക്ക് നിയമങ്ങളെക്കാൾ പ്രാധാന്യമുണ്ട്. ന്യായീകരണത്തെത്തുടർന്ന് ഒരു പ്രഖ്യാപനവും ഈശോ നടത്തുന്നു: "സാബത്തു മനുഷ്യനുവേണ്ടിയാണ്; മനുഷ്യൻ സാബത്തിനുവേണ്ടിയല്ല" (2:27). മനുഷ്യന്റെ നന്മയാണ് സാബത്തിന്റെ ദൈവികമായ ഉദ്ദേശ്യവും യഥാർത്ഥമായ അർത്ഥവും. മനുഷ്യന്റെ ജീവിതം സുരക്ഷിതവും ആരോഗ്യകരവും സന്തോഷപ്രദവുമാക്കുവാൻവേണ്ടി ദൈവം നല്കിയ കല്പനയാണത് (പുറ. 20:8–11; നിയമാ 5:12–15). ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നത് ഈശോ പ്രഘോഷിച്ച സുവിശേഷം മനുഷ്യത്വത്തിന്റെ സുവിശേഷമാണെന്നാണ്.

സാബത്തു മനുഷ്യനുവേണ്ടിയാണ് എന്നു പറഞ്ഞ ഈശോ അത് പ്രായോഗികമാക്കുന്ന ഒരു സംഭവമാണ് അതേത്തുടർന്ന് മർക്കോസിന്റെ സുവിശേഷം അവതരിപ്പിക്കുന്ന, സാബത്തിൽ കൈ ശോഷിച്ചവന് സൗഖ്യം നല്കുന്ന, സംഭവം (3:1–6). കൈ ശോഷിച്ചവനോട് സമൂഹമദ്ധ്യത്തിൽ വന്നു നില്ക്കാൻ ആവശ്യപ്പെട്ടിട്ട് ഈശോ ചോദിക്കുന്നു: "സാബത്തിൽ നന്മ ചെയ്യുന്നതോ തിന്മ ചെയ്യുന്നതോ, ജീവൻ രക്ഷിക്കുന്നതോ നശിപ്പിക്കുന്നതോ, ഏതാണു നിയമാനുസൃതം" (3:3–4). നന്മ ചെയ്യാത്തത് തിന്മ ചെയ്യുന്നതിനും ജീവൻ രക്ഷിക്കാത്തത് ജീവൻ നശിപ്പിക്കുന്നതിനും തുല്യമാണ്. എതിരാളികൾ നിശബ്ദത പാലിച്ചപ്പോൾ, ഈശോ തന്റെ ജീവദായകമായ വചനത്തിലൂടെ അവനെ സുഖപ്പെടുത്തി. ജീവൻ രക്ഷിക്കുന്നതും നന്മ ചെയ്യുന്നതുമാണ് യഥാർത്ഥ സാബത്താചരണം എന്നു തന്റെ പ്രവൃത്തിയിലൂടെ ഈശോ തെളിയിച്ചു. അജപാലന ശുശ്രൂഷാതലത്തിൽ നിയമത്തിനനീതമായി മനുഷ്യത്വത്തെ പരിഗണിക്കേണ്ട സാഹചര്യങ്ങളുണ്ടാകാറുണ്ട്. അപ്പോഴെല്ലാം ഈശോ ചെയ്തതുപോലെ മനുഷ്യത്വത്തിന്റെ സുവിശേഷപ്രഘോഷണം നിർവഹിക്കാൻ പുരോഹിതനു കഴിയണം.

**5. ദൈവ പുത്രത്വത്തിന്റെ സുവിശേഷം**

"*അശുദ്ധാത്മാക്കൾ അവനെ കണ്ടപ്പോൾ അവന്റെ മുമ്പിൽ വീണ്, നീ ദൈവപുത്രനാണ് എന്നു വിളിച്ചുപറഞ്ഞു. തന്നെ വെളിപ്പെടുത്തരുതെന്ന് അവൻ അവയ്ക്കു കർശനമായ താക്കീതു നല്കി*" (3:11–12).

ഈശോയുടെ മെസിയാനിക പ്രവർത്തനങ്ങളെയും ജനങ്ങളുടെ ആവേശപൂർവകമായ പ്രതികരണങ്ങളെയും ചിത്രീകരിക്കുന്ന ഒരു സംഗ്രഹമാണ് ഈ ഭാഗം (3:7–12). സ്വന്തം ജനത്തിന്റെ നേതാക്കന്മാരുടെ പ്രതികൂലമായ പ്രതികരണങ്ങൾക്കിടയിൽ പൊതുജനങ്ങളുടെ

അനുകൂലമായ പ്രതികരണമാണ് ഈശോയ്ക്കു ലഭിച്ചത്: "ഈശോ ശിഷ്യന്മാരുടെ കൂടെ കടൽത്തീരത്തേക്കു പോയി. ഗലീലിയിൽനിന്ന് ഒരു വലിയ ജനക്കൂട്ടം അവനെ അനുഗമിച്ചു" (3:7). മാത്രമല്ല, അവിടുന്നു സന്ദർശിച്ചിട്ടില്ലാത്ത പല പ്രദേശങ്ങളിൽനിന്ന് യഹൂദരും വിജാതീയരും ഈശോയുടെ പക്കൽ എത്തിക്കൊണ്ടിരുന്നു. നാലു ശിഷ്യന്മാരുമായി ആരംഭിച്ച ഈശോയുടെ സുവിശേഷപ്രഘോഷണം വിപുലമായ ഒരു ബഹുജനപ്രസ്ഥാനമായി വളർന്നിരിക്കുന്നു. ദൈവരാജ്യത്തിന്റെ കൂദാശയായിത്തീരേണ്ട സഭയുടെ ഒരു മുൻസൂചനയാണ് ഇവിടെയുള്ളത്. 'അനുഗമിച്ചു' എന്ന വാക്ക് ഈശോയുടെ ശിഷ്യത്വത്തെ സൂചിപ്പിക്കുന്നു. സഭ ശിഷ്യരുടെ സമൂഹമാണല്ലോ. ആൾത്തിരക്കിൽപ്പെട്ട് ഞെരുങ്ങാതിരിക്കുന്നതിന് ഒരുക്കപ്പെടുന്ന വള്ളം സഭാസമൂഹത്തിന്റെ സൂചനയായിട്ടും കരുതാം. തന്റെ സഭയിൽ വസിച്ചുകൊണ്ട് ലോകാവസാനംവരെ തന്റെ സുവിശേഷം പ്രഘോഷിക്കുന്ന ഈശോയെയാണ് ഇവിടെ മർക്കോസ് സുവിശേഷകൻ അവതരിപ്പിക്കുന്നത്.

ഈശോയുടെ സുവിശേഷപ്രഘോഷണത്തിന്റെ പ്രധാനപ്പെട്ട അടയാളങ്ങളിൽ ഒന്നാണ് പിശാചുബാധയൊഴിക്കൽ. ഇവിടെയും അശുദ്ധാത്മാക്കളുമായുള്ള ഒരു ഏറ്റുമുട്ടൽ നടക്കുന്നുണ്ട്. പക്ഷേ അത് വ്യത്യസ്തമായ രീതിയിലാണ്. അശുദ്ധാത്മാക്കൾ ഈശോയുടെ മുമ്പിൽ വീണ്, അവിടുത്തെ 'ദൈവപുത്രനായി' ഏറ്റുപറയുന്നു (3:11). തന്നെ വെളിപ്പെടുത്തരുതെന്ന് ഈശോ അവർക്ക് കർശനമായ താക്കീതും നല്കുന്നു (3:12). പിശാചിനെ ഒഴിപ്പിക്കാൻ ശ്രമിക്കുന്ന ആളിന്റെ ശരിയായ പേരും അയാൾ ആരാണെന്ന അറിവും പ്രകടിപ്പിച്ചാൽ അയാളുടെമേൽ നിയന്ത്രണം ലഭിക്കുമെന്നും, അയാളുടെ ശക്തി അതുവഴി ചോർന്നുപോകുമെന്നുമായിരുന്നു അക്കാലത്തെ വിശ്വാസം. ഈശോയുടെ ശക്തി അവരുടെമേൽ പ്രയോഗിക്കാതിരിക്കാനായി അവിടുന്ന് ശബ്ദിക്കുന്നതിനുമുമ്പ് അവർ അവിടുന്ന് ആരാണെന്നു വിളിച്ചുപറയുകയാണ്. അവരുടെ ലക്ഷ്യം സാധിച്ചില്ല. മാത്രമല്ല, അവിടുന്നാരാണെന്ന് മറ്റാരോടും വെളിപ്പെടുത്തരുതെന്ന് അവിടുന്ന് അവർക്ക് താക്കീതും നല്കി. ഈശോയുടെ 'ദൈവപുത്രത്വം' ശരിയായ രീതിയിൽ വെളിപ്പെടുത്തപ്പെടേണ്ടതാണ്. പിതാവ് തന്നെ എന്തിനുവേണ്ടി ലോകത്തിലേക്ക് അയച്ചുവോ ആ ദൗത്യം അവിടുത്തെ ഹിതപ്രകാരം പൂർത്തിയാക്കിക്കൊണ്ടാണ് തന്റെ ദൈവപുത്രത്വം ഈശോ വെളിപ്പെടുത്തിയത്. വിജാതീയനായ ശതാധിപൻ ഈശോയുടെ മരണശേഷം അത് ഏറ്റുപറയുകയും ചെയ്തു (15:39). ഈശോയുടെ സുവി

ശേഷം ദൈവത്തിന്റെ പിതൃത്വത്തിന്റെയും പിതൃഹിതം നിറവേറ്റുന്ന മനുഷ്യരുടെ ദൈവപുത്രത്വത്തിന്റെയും സുവിശേഷമാണെന്ന് ഈ സംഭവം വ്യക്തമാക്കുന്നു. പിതാവായ ദൈവത്തിന്റെ അനുസരണയുള്ള മക്കളായി ജീവിക്കുന്നതാണ് യഥാർത്ഥ ദൈവരാജ്യപ്രഘോഷണം. പുരോഹിതർ ഈ ദൈവപുത്രത്വം സ്വന്തം ജീവിതത്തിൽ പ്രാവർത്തിക മാക്കുകയും അപ്രകാരം ജീവിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും വേണം.

**ജീവിതസൂചിക**

1. മനുഷ്യന്റെ സമഗ്ര വിമോചനത്തിന്റെ സുവിശേഷമാണോ ഞാൻ പ്രഘോഷിക്കുന്നത്?
2. പാപികളെ തേടിപ്പോകുന്ന ഈശോയുടെ സുവിശേഷ പ്രഘോഷ ണശൈലി ഞാൻ എങ്ങനെ പ്രാവർത്തികമാക്കുന്നു?
3. മിശിഹായുമായുള്ള ഐക്യത്തിൽ നിന്നുളവാകുന്ന സന്തോഷം അനുഭവിച്ചും ആ സന്തോഷം മറ്റുള്ളവരുമായി പങ്കുവച്ചും അജ പാലന ശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമി ക്കുന്നു?
4. മനുഷ്യത്വത്തെ മാനിക്കുകയും മനുഷ്യത്വത്തിനു പ്രാധാന്യം കല്പി ക്കുകയും ചെയ്യുന്ന ഒരു അജപാലന ശൈലിയാണോ എന്റേത്?
5. അനുസരണാജീവിതത്തിൽ പ്രാവർത്തികമാകുന്ന ദൈവപുത്രത്വ ത്തിന്റെ ചൈതന്യത്തോടുകൂടി അജപാലനശുശ്രൂഷ നിർവഹിക്കു വാൻ എനിക്ക് എത്രമാത്രം സാധിക്കുന്നുണ്ട്?

# വിശുദ്ധ കുർബാനയിലൂടെ ഒരു തീർത്ഥയാത്ര

റവ. ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ

ക്രിസ്തീയജീവിതത്തിന്റെ ഉറവിടവും മകുടവുമായ വിശുദ്ധ കുർബാനയെന്നത് മിശിഹായിൽ പൂർത്തിയായ രക്ഷാരഹസ്യങ്ങളുടെ പുനരവതരണമാണ്. ''ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ'' (ലൂക്ക22:19) എന്ന് ശിഷ്യന്മാരോട് കൽപ്പിച്ചുകൊണ്ടാണ് സെഹിയോൻ ഊട്ടുശാലയിൽ വച്ച് ഈശോ വിശുദ്ധ കുർബാന സ്ഥാപിച്ചത്. ഈശോയുടെ ഈ കൽപ്പന ശിരസാവഹിച്ച് ആദിമസഭാസമൂഹം അപ്പംമുറിക്കൽ ശുശ്രൂഷ നടത്തിയിരുന്നു. ബലിയും വിരുന്നുമായ വിശുദ്ധ കുർബാന തിരുസഭ ഇന്നും ഇടമുറിയാതെ ആഘോഷിക്കുന്നു. സഭയെ രൂപപ്പെടുത്തുകയും പടുത്തുയർത്തുകയും ചെയ്യുന്ന വിശുദ്ധ കുർബാനയെന്നത് വിശ്വസിക്കേണ്ടതും ആഘോഷിക്കേണ്ടതും ജീവിക്കേണ്ടതുമായ രഹസ്യമാണെന്ന ബനഡിക്ട് പതിനാറാമൻ പാപ്പയുടെ വാക്കുകൾ വളരെ പ്രസക്തമാണ്. ഈശോയുടെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കാര്യങ്ങൾ രഹസ്യാത്മകമായി പുനരവതരിപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനയിൽ ഫലദായകമായി പങ്കുചേരാൻ അതിലെ പ്രാർത്ഥനകളുടെയും കർമങ്ങളുടെയും അർത്ഥം മനസിലാക്കണം. അതിനാണ് സീറോമലബാർ വിശുദ്ധ കുർബാനയുടെ അർത്ഥതലങ്ങളിലൂടെയുള്ള ഈ തീർത്ഥയാത്ര.

**ആമുഖശുശ്രൂഷ**

സീറോമലബാർ കുർബാനയിലേക്ക് ദൈവജനത്തെ ആനയിക്കുന്ന ഘടകമാണ് ആമുഖ ശുശ്രൂഷ. മാത്രമല്ല, രക്ഷാരഹസ്യങ്ങളുടെ ആഘോഷത്തിലേക്ക് യോഗ്യതാപൂർവ്വം പ്രവേശിക്കുവാൻ ആരാധനാസമൂഹത്തെ ഇത് ഒരുക്കുകയും ചെയ്യുന്നു. പുഖ്ദാന്കോൻ, മാലാഖമാരുടെ കീർത്തനം, കർത്തൃപ്രാർത്ഥന, മർമീസ, ധൂപാശീർവാദം, ഓനീസാ ദ്കങ്കേ (മദ്ബഹഗീതം), സ്ലീവാ ചുംബനം തുടങ്ങിയ ഘടകങ്ങളാണ് ആമുഖശുശ്രൂഷയിൽ മുഖ്യമായും ഉള്ളത്. ഇതിലെ എല്ലാ പ്രാർത്ഥനകളും കർമ്മാനുഷ്ഠാനങ്ങളും പരസ്പരം ഇഴപിരിഞ്ഞു കിടക്കുന്നതും വചനശുശ്രൂഷയിലേക്ക് ആരാധനാസമൂഹത്തെ നയിക്കുന്നതുമാണ്.

ആമുഖശുശ്രൂഷയിലെ ഒന്നാമത്തെ ഘടകമായ 'പുഖ്ദാന്കോൻ' (നിങ്ങളുടെ കല്പ്പന) എന്നു ചൊല്ലിക്കൊണ്ടാണ് കാർമ്മികൻ പരിശുദ്ധ കുർബാന ആരംഭിക്കുന്നത്. 'പ്ഖദ്' എന്ന സുറിയാനി മൂലത്തിൽ നിന്നുമാണ്, 'കല്പ്പന' എന്നർത്ഥമുള്ള 'പുഖ്ദാന' എന്ന നാമം ഉടലെടുത്തിരിക്കുന്നത്. 'പുഖ്ദാന്കോൻ' എന്ന ആശംസ വിശുദ്ധ കുർബാനയുടെ അന്തഃസത്തയും പ്രാധാന്യവും ദൈവജനത്തെ ഓർമിപ്പിക്കു

കയും ദിവ്യരഹസ്യങ്ങളിൽ യോഗ്യതയോടെ പങ്കുചേരുവാൻ ആദ്ധ്യാത്മികമായി ഒരുങ്ങേണ്ടതിന്റെ ആവശ്യകത ദൈവജനത്തെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. 'പുഖ്ദാനെ ദ്മശീഹ' എന്ന ജനത്തിന്റെ മറുപടി ദിവ്യരഹസ്യങ്ങളിൽ പങ്കെടുക്കുവാനുള്ള ആരാധനാസമൂഹത്തിന്റെ ആദ്ധ്യാത്മികമായ ഒരുക്കവും തയ്യാറെടുപ്പും വ്യക്തമാക്കുന്നു.

ഈശോയുടെ ജനനസമയത്ത് മാലാഖമാർ ആലപിച്ച "അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി" എന്ന ഗീതം വിശുദ്ധ രഹസ്യങ്ങളുടെ ആഘോഷത്തിന്റെ ആരംഭത്തിൽത്തന്നെ ആലപിക്കുന്നത് അവിടുത്തെ തിരുപ്പിറവിയിൽ അനാവൃതമായ രക്ഷാചരിത്രം ആരാധനാസമൂഹത്തെ ബോധ്യപ്പെടുത്താനാണ്. ഭൗമിക ദൈവാരാധന സ്വർഗ്ഗീയ ദൈവാരാധനയിൽ പങ്കുചേരുന്നു എന്നതിന്റെ സൂചനയും ഈ സ്തുതിപ്പിൽ ഉൾച്ചേർന്നിരിക്കുന്നു. "ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും" എന്ന ആശംസ മിശിഹായുടെ മനുഷ്യാവതാരം വഴി ഭൂമിയിൽ സംജാതമായ സമാധാനത്തെയും പ്രത്യാശയേയും സൂചിപ്പിക്കുന്നു.

ആദിമ നൂറ്റാണ്ടുകളിൽ മാമ്മോദീസാ സ്വീകരണത്തിനുശേഷം വിശ്വാസികൾ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന ചൊല്ലിയിരുന്നു. തിമോത്തി ഒന്നാമനും മക്കാറിയൂസ് എന്ന യാക്കോബായ സന്യാസിയും തമ്മിലുണ്ടായ സംവാദത്തിന്റെ പശ്ചാത്തലത്തിലാണ് കർത്തൃപ്രാർത്ഥന പരിശുദ്ധ കുർബാനയിൽ തിമോത്തി ഒന്നാമൻ കൂട്ടിച്ചേർത്തതെന്ന് ഈശോയാബ് നാലാമൻ പാത്രിയാർക്കീസ് സാക്ഷ്യപ്പെടുത്തുന്നു. ഒൻപതാം നൂറ്റാണ്ടിൽ എഴുതപ്പെട്ട 'സഭാശുശ്രൂഷകളുടെ വിശകലനം' (Exposition of the Church Services) എന്ന ഗ്രന്ഥത്തിന്റെ കർത്താവെന്ന് ആരോപിക്കപ്പെടുന്ന അർബേലിലെ ജോർജ്ജിന്റെ അഭിപ്രായപ്രകാരം തിമോത്തി ഒന്നാമൻ ഈ പ്രാർത്ഥന കുർബാനയിൽ കൂട്ടിച്ചേർത്തത് മൂന്നു കാരണങ്ങളാലാണ്. ഒന്നാമതായി, ഇത് ഈശോ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയാണ്. രണ്ടാമതായി, ഈ പ്രാർത്ഥനയിൽ ആഴമേറിയ ദൈവശാസ്ത്രതത്ത്വങ്ങൾ ഒളിഞ്ഞുകിടക്കുന്നു. അവസാനമായി സുവിശേഷത്തിന്റെ സാരസംഗ്രഹമാണ് കർത്തൃപ്രാർത്ഥന. സീറോമലബാർ കുർബാനയുടെ ആരംഭത്തിലും ദിവ്യകാരുണ്യസ്വീകരണത്തിന് ഒരുക്കമായും സമാപനാശീർവാദത്തിനു മുൻപായും കർത്തൃപ്രാർത്ഥന ചൊല്ലുന്നു. കുർബാനയുടെ ആരംഭത്തിലും അവസാനത്തിലുമുള്ള കർത്തൃപ്രാർത്ഥന ചൊല്ലുന്നത് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ (ഏശയ്യ 6:3) എന്ന കാനോനയോടുകൂടിയാണ്.

യഹൂദ ആരാധനക്രമരീതി അനുകരിച്ചാണ് പൗരസ്ത്യ ആരാധന കുർബാനക്രമത്തിൽ സങ്കീർത്തനങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയത്. കുർബാനയിൽ സങ്കീർത്തനങ്ങൾ ആലപിക്കുമ്പോൾ മിശിഹായ്ക്കുവേണ്ടിയുള്ള പഴയനിയമ കാത്തിരിപ്പിനെയാണ് സഭ അനുസ്മരിക്കുന്നതെന്ന് പൗരസ്ത്യസുറിയാനി കുർബാന വ്യാഖ്യാതാക്കൾ പ്രസ്താവിക്കുന്നു. സൃഷ്ടി, മനുഷ്യപതനം, ദൈവിക വാഗ്ദാനം

എന്നിവ വിവരിക്കുന്ന പഴയ നിയമത്തെയാണ് മൂന്നു സങ്കീർത്തനങ്ങളുടെ ഗണമായ മർമീസ സൂചിപ്പിക്കുന്നതെന്ന് അർബേലിലെ ജോർജ് സാക്ഷ്യപ്പെടുത്തുന്നു. മാത്രമല്ല, ബേമ്മയിലേക്ക് മെത്രാൻ വരുന്നതു വരെയുള്ള സമയം ഉപയോഗപ്പെടുത്തുകയെന്ന പ്രായോഗിക ലക്ഷ്യവും മർമീസായുടെ ആലാപനത്തിനുണ്ടെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. ആരാധനാവത്സരത്തിന്റെ വിവിധ കാലങ്ങളുടെ ചൈതന്യത്തിനനുസൃതമായ മർമീസകൾ തക്സായിലെ പ്രോപിയാകളിൽ ചേർത്തിട്ടുണ്ട്. തുടർന്നുവരുന്ന മദ്ബഹാഗീതത്തിന് രണ്ടു ഭാഗങ്ങളാണുള്ളത്. ആദ്യഭാഗത്ത് കാലത്തിന്റെയോ തിരുനാളിന്റെയോ ചൈതന്യം അനുസ്മരിക്കുന്നു. രണ്ടാം ഭാഗത്ത് നന്മയുടെ ഉറവിടവും ശക്തിയേറിയ കോട്ടയുമായ സ്ലീവായെ അവതരിപ്പിക്കുന്നു.

യോർദ്ദാൻ നദിയിൽവച്ച് ഈശോ മാമ്മോദീസ സ്വീകരിച്ച വേളയിൽ പരിശുദ്ധ ത്രിത്വം വെളിപ്പെടുത്തപ്പെട്ടപ്പോൾ, സ്വർഗീയ ഗണങ്ങൾ ആലപിച്ച സ്തുതികളെ അഥവാ "ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ 1:29) എന്ന് ഉദ്ഘോഷിച്ചുകൊണ്ട് യോഹന്നാൻ മാംദാന പ്രകടിപ്പിച്ച സ്തുതികളെ ആണ് മദ്ബഹാഗീതം അർത്ഥമാക്കുന്നതെന്ന് പൗരസ്ത്യസുറിയാനി കുർബാന വ്യാഖ്യാതാവായ ഗബ്രിയേൽ ഖത്രായ പഠിപ്പിക്കുന്നു. റാസ കുർബാനയിലെ മദ്ബഹാഗീതത്തിന്റെ സമയത്താണ് കാർമ്മികൻ സ്ലീവാ മുത്തിക്കുന്നത്. സ്ലീവായുടെ രഹസ്യത്തിന്റെ ആഘോഷമാണ് വി. കുർബാനയെന്ന സത്യം ഈ കർമ്മം നമ്മെ ഓർമിപ്പിക്കുന്നു. പരിശുദ്ധ കുർബാനയിൽ ധൂപത്തിന് മുഖ്യമായും രണ്ട് അർത്ഥങ്ങളാണുള്ളതെന്ന് ധൂപാശീർവ്വാദ പ്രാർത്ഥന വ്യക്തമാക്കുന്നു. ദൈവസംപ്രീതിയും ദൈവജനത്തിന്റെ പാപമോചനവുമാണിവ.

ആമുഖശുശ്രൂഷയുടെ സമാപനത്തിലുള്ള "സകലത്തിന്റെയും നാഥാ" (ലാകുമാറ) എന്ന ഗീതം നാലാം നൂറ്റാണ്ടിൽ ശൈമ ബർസബാ എന്ന പാത്രിയാർക്കീസ് (323-341) രചിച്ചതാണ്. ഉത്ഥാനഗീതം ആലപിക്കുമ്പോൾ ദീപാലംകൃതമായ മദ്ബഹാ തുറക്കുകയും ധൂപിക്കുകയും ചെയ്യുന്നു. ക്രൈസ്തവ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും കേന്ദ്രബിന്ദുവായ രണ്ട് ആശയങ്ങളാണ് ഈ ഗീതത്തിലുള്ളത്: ശരീരത്തിന്റെ ഉയിർപ്പും ആത്മാക്കളുടെ രക്ഷയും. 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു' എന്ന് ശ്ലീഹന്മാരെ പ്രതിനിധീകരിച്ച് പത്രോസ് ശ്ലീഹാ നടത്തിയ വിശ്വാസ പ്രഖ്യാപനത്തെ (മത്താ.16:6) ഈ ഗീതം സൂചിപ്പിക്കുന്നുവെന്ന് പൗരസ്ത്യസുറിയാനി കുർബാന വ്യാഖ്യാതാക്കളായ ഗബ്രിയേൽ ഖത്രായയും അബ്രാഹം ബർലീഫായും ജോബർസോബിയും തിമോത്തി രണ്ടാമനും പ്രസ്താവിക്കുന്നു.

**വചനശുശ്രൂഷ**

ത്രിശുദ്ധകീർത്തനം മുതൽ മാമ്മോദീസാർത്ഥികളെ പറഞ്ഞയയ്ക്കുന്ന കർമ്മംവരെയാണ് വചനശുശ്രൂഷയിലുള്ളത്. വചനശുശ്രൂഷയെന്നത് വചനം മുറിയ്ക്കുവാനും പങ്കുവെയ്ക്കുവാനുമുള്ള അവസര

മാണ്. അപ്പത്തിന്റെ ശുശ്രൂഷ ബലിപീഠത്തിലായിരിക്കുന്നതുപോലെ വചനത്തിന്റെ ശുശ്രൂഷ ബേമ്മയിൽ ആയിരിക്കേണ്ടതാണ്. വചന ശുശ്രൂഷയ്ക്ക് ആമുഖമായി നിലകൊള്ളുന്ന ത്രിശുദ്ധകീർത്തനം (ത്രിസാഗിയോൻ) ദൈവവചനം ശ്രവിക്കുവാൻ ആരാധനാസമൂഹത്തെ ആഹ്വാനം ചെയ്യുകയും അതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. മാലാഖമാർ ദൈവത്തെ പരിശുദ്ധൻ പരിശുദ്ധൻ പരിശു ദ്ധൻ എന്നു പാടി സ്തുതിക്കുന്നത് കണ്ട ഏശയ്യായുടെ അനുഭവത്തെ ഈ കീർത്തനം അനുസ്മരിപ്പിക്കുന്നതായി ഗബ്രിയേൽ ഖത്രായ വ്യാഖ്യാനിക്കുന്നു. ദൈവം പരിശുദ്ധനും ബലവാനും അമർത്യനു മാണെന്ന് ഈ ഗീതം വെളിപ്പെടുത്തുന്നു. ഈ ദൈവത്തെ വചനത്തി ലൂടെ ശ്രവിക്കുവാനും സ്വീകരിക്കുവാനുമുള്ള കരുണയ്ക്കുവേണ്ടിയാണ് ഈ ഗീതത്തിലൂടെ ആരാധനാസമൂഹം പ്രാർത്ഥിക്കുന്നത്. നിയമഗ്രന്ഥ ത്തിൽ നിന്നും പ്രവാചകഗ്രന്ഥത്തിൽ നിന്നുമുള്ള ഭാഗങ്ങളാണ് വി.കുർബാന മധ്യേ വായിക്കുന്നത്. ജറുസലേമിൽ നിന്നും എമ്മാവൂ സിലേക്ക് പോയ ശിഷ്യന്മാർക്ക് ഉത്ഥിതനായ മിശിഹാ പ്രത്യക്ഷപ്പെട്ട പ്പോൾ നിയമവും പ്രവാചകഗ്രന്ഥങ്ങളും വ്യഖ്യാനിച്ചുകൊടുത്തതായി ലൂക്കാ സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു (ലൂക്കാ 24:25-27). പഴയ നിയമവായനകൾക്കുശേഷം വരുന്ന 'ശൂറായ' അഥവാ 'പ്രകീർത്തനം' ആരാധനാവത്സരത്തിന്റെ ചൈതന്യം വിശ്വാസികളിൽ നിറയ്ക്കുന്നു.

റാസക്രമത്തിൽ ലേഖനവായനയ്ക്കും സുവിശേഷവായനയ്ക്കും മുമ്പ് 'തുർഗാമ' എന്നറിയപ്പെടുന്ന വ്യാഖ്യാനഗീതമുണ്ട്. ദൈവവചന ത്തിന്റെ ശക്തിവിശേഷങ്ങൾ തുർഗാമ ഉദ്ഘോഷിക്കുന്നു. പുതിയ നിയമ വായനകൾ ശ്രവിക്കുവാൻ വിശ്വാസികളെ ക്ഷണിച്ചുകൊണ്ടുള്ള ഒരു വിശദീകരണഗീതമായും തുർഗാമയെ മനസിലാക്കാം. വിവിധ ക്രൈസ്തവ സഭകളെ വിശ്വാസത്തിൽ ഉറപ്പിക്കുവാനായി അപ്പസ്തോ ലന്മാർ സഭകൾക്ക് അയച്ചുകൊടുത്ത ഉപദേശങ്ങളും പ്രബോധനങ്ങ ളുമാണ് ലേഖനങ്ങളുടെ ഉള്ളടക്കം. യോഹന്നാൻ മാംദാന ഈശോയ്ക്ക് വഴിയൊരുക്കിയതുപോലെ, ലേഖന വായനയുടെ സമയത്ത് മറ്റൊരു ശുശ്രൂഷി തിരി കത്തിച്ചു പിടിച്ചു നിൽക്കുന്നത് 'ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു' (യോഹ 8:12) എന്ന മിശിഹായുടെ വാക്കുകളെ അനുസ്മരിപ്പിക്കാനാണ്. റാസക്രമത്തിൽ സുവിശേഷവായനയ്ക്ക് മുമ്പായി സുമ്മാറ എന്നറിയപ്പെടുന്ന ഹല്ലേല്ലൂയ ഗീതവും ഓനീസാദ്ഏവൻഗേലിയോൻ എന്നറിയപ്പെടുന്ന സുവിശേഷഗീതവു മുണ്ട്. റാസയിൽ സുവിശേഷഗീതത്തിന്റെ സമയത്ത് മദ്ബഹായിലുള്ള എല്ലാവരും സുവിശേഷം ചുംബിക്കുന്നു. മദ്ബഹായിൽ നിന്നും ബേമ്മ യിലേക്കുള്ള സുവിശേഷ പ്രദക്ഷിണം സ്വർഗ്ഗത്തിൽ നിന്നും ജറുസ ലേമിലേക്കുള്ള വചനത്തിന്റെ ആഗമനത്തെകുറിക്കുന്നു. അഥവാ, വച നമായ കർത്താവിനെ ആരാധനാസമൂഹം സ്വീകരിക്കുന്ന വേളയാണ് സുവിശേഷ പ്രദക്ഷിണം.

ഈശോയുടെ മാമ്മോദീസായ്ക്കുശേഷമുള്ള രക്ഷാപദ്ധതിയെയാണ് സുവിശേഷവായന അർത്ഥമാക്കുന്നത്. വചനശുശ്രൂഷയിൽ വായിച്ച വിശുദ്ധഗ്രന്ഥഭാഗങ്ങളുടെ അർത്ഥതലങ്ങളെക്കുറിച്ചുള്ള വിചിന്തനവും വിശദീകരണവുമാണ് സുവിശേഷപ്രസംഗം. ദിവ്യകാരുണ്യശുശ്രൂഷയുടെ സമയത്ത് ഈശോയുടെ തിരുശരീരരക്തങ്ങൾ വിതരണം ചെയ്യുന്നതിന് സമാന്തരമായിട്ടാണ് വചനശുശ്രൂഷയുടെ സമയത്ത് സുവിശേഷ പ്രസംഗം വഴി വിശ്വാസികളുടെ പരിപോഷണത്തിനായി ദൈവവചനം മുറിച്ച് നൽകുന്നതെന്ന് ആരാധനയ്ക്കും കൂദാശകൾക്കുംവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയം 2015 ൽ പ്രസിദ്ധീകരിച്ച സുവിശേഷപ്രസംഗത്തെക്കുറിച്ചുള്ള ഡയറക്ടറി വ്യക്തമാക്കുന്നു. പീഡാനുഭവത്തിന് മുമ്പ് ഈശോ നൽകിയ പ്രബോധനങ്ങളുടെ പ്രതീകമായാണ് ഗബ്രിയേൽ ഖത്രായ സുവിശേഷപ്രസംഗത്തെ കാണുന്നത്.

വിത്തിന്റെയും വിതക്കാരന്റെയും ഉപമയുടെ അർത്ഥം മനസിലാകാത്ത ശിഷ്യർക്ക് ഈശോ വിശദീകരിച്ച് കൊടുത്തതുപോലെ പുരോഹിതൻ ദൈവവചനത്തിന്റെ ഉൾപ്പൊരുൾ പ്രസംഗമധ്യേ ദൈവജനത്തിന് വ്യാഖ്യാനിച്ച് കൊടുക്കണമെന്ന് അർബേലിലെ ജോർജ് നിർദേശിക്കുന്നു.

**കാറോസൂസ**

മൂന്നു ഗണം കാറോസൂസകളാണ് സീറോ മലബാർ കുർബാനയിൽ ഉണ്ടായിരുന്നത്. ഈ മൂന്നു ഗണം കാറോസൂസകളും നോമ്പുകാലത്തെ റംശായിൽ ചൊല്ലുന്നുണ്ടെങ്കിലും, ഒന്നും മൂന്നും ഗണം കാറോസൂസകളാണ് ഇപ്പോഴത്തെ കുർബാന ക്രമത്തിലുള്ളത്. വചനശുശ്രൂഷയുടെ സമാപനത്തിൽ, ഡീക്കന്റെ ആഹ്വാനമനുസരിച്ച് കൈവയ്പ്പിനും കർത്താവിന്റെ ആശീർവാദത്തിനുമായി വിശ്വാസിസമൂഹം തലകുനിക്കുന്നു. സ്വർഗ്ഗാരോഹണത്തിനുശേഷം ഈശോ ശിഷ്യന്മാർക്കു നൽകിയ ആശീർവാദത്തെ കൈവയ്പ്പുപ്രാർത്ഥന അർത്ഥമാക്കുന്നതായി അർബേലിലെ ജോർജ് പ്രസ്താവിക്കുന്നു. വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാൻ അയോഗ്യരായവരെ പറഞ്ഞയയ്ക്കുന്ന ക്രമം ഇപ്പോൾ നിലവിലില്ലെങ്കിലും കുർബാനക്രമത്തിൽ ചേർത്തിട്ടുണ്ട്. മാമ്മോദീസാ സ്വീകരിക്കാത്തവർ, ജീവന്റെ അടയാളം സ്വീകരിക്കാത്തവർ, വിശുദ്ധ കുർബാന സ്വീകരിക്കാത്തവർ എന്നിങ്ങനെ മൂന്നു തരത്തിലുള്ള ആളുകളെയാണ് വചനശുശ്രൂഷയ്ക്ക്ശേഷം പറഞ്ഞയച്ചിരുന്നത്. ഇന്നത്തെ കാലഘട്ടത്തിൽ മാമ്മോദീസാർത്ഥികൾ സീറോമലബാർ സഭയിൽ ഇല്ലാത്തതിനാൽ 'മാമ്മോദീസാ സ്വീകരിക്കുകയും ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ' എന്നു തുടങ്ങുന്ന വിജ്ഞാപനമാണ് വിശുദ്ധ കുർബാനയിൽ ഇപ്പോൾ ഉപയോഗിക്കുന്നത്. മാമ്മോദീസ മുങ്ങുകയും ജീവന്റെ മുദ്ര സ്വീകരിക്കുകയും ചെയ്ത ആരാധനാസമൂഹം യോഗ്യതയോടുകൂടി കുർബാനയുടെ ബലിപരമായ ഭാഗത്തേയ്ക്ക് പ്രവേശിക്കുകയും വിശുദ്ധ

കുർബാന ഉൾക്കൊള്ളുകയും ചെയ്യണമെന്നാണ് ഈ ആഹ്വാനത്തിന്റെ അർത്ഥം. സീറോമലബാർ ആരാധനക്രമത്തിലെ റാസക്രമത്തിൽ കാണുന്ന സാഷ്ടാംഗപ്രണാമം എന്ന കർമ്മം സമൂഹത്തിന്റെ അനുതാപപ്രകടനമായും ഗത്സെമിനിയിൽ വച്ചുള്ള ഈശോയുടെ പ്രാർത്ഥനയുടെ അടയാളമായും മനസിലാക്കാവുന്നതാണ്.

**ഒരുക്കശുശ്രൂഷ**

കുർബാനയർപ്പണവേളയായ അനാഫൊറയ്ക്കു (കൂദാശ) വേണ്ടിയുള്ള ഒരുക്കം കുർബാനയിൽ വളരെ പ്രാധാന്യമർഹിക്കുന്നു. ദ്രവ്യപരം, ആദ്ധ്യാത്മികപരം എന്നിങ്ങനെ രണ്ടുഭാഗങ്ങളാണ് ഒരുക്കശുശ്രൂഷയിലുള്ളത്. ബലിവസ്തുക്കളുടെ ഒരുക്കൽ, സംവഹിക്കൽ, ബലിപീഠത്തിൽ സ്ഥാപിക്കൽ, ശോശപ്പകൊണ്ടുമൂടൽ മുതലായവ ഒരുക്ക ശുശ്രൂഷയുടെ ദ്രവ്യപരമായ ഭാഗങ്ങളാണ്. കാർമ്മികന്റെ കൈകഴുകൽ, വിശ്വാസപ്രമാണം, മദ്ബഹാ പ്രവേശനപ്രാർത്ഥന തുടങ്ങിയവ ഈ ശുശ്രൂഷയുടെ ആദ്ധ്യാത്മികമായ ഘടകങ്ങളാണ്.

ബലിവസ്തുക്കളുടെ ഒരുക്കലും അൾത്താരയിലേക്കുള്ള സംവഹിക്കലും ഈശോയുടെ പീഡാനുഭവ യാത്രയെയാണ് അനുസ്മരിപ്പിക്കുന്നത്. അതേസമയം, ബലിവസ്തുക്കൾ അൾത്താരയിൽ സ്ഥാപിക്കുന്നതും ശോശപ്പകൊണ്ടു മൂടുന്നതും ഈശോയുടെ മരണത്തെയും കബറടക്കത്തെയും കുറിക്കുന്നു. ഒരുക്കശുശ്രൂഷയിൽ അപ്പത്തെയും വീഞ്ഞിനെയും മിശിഹായുടെ ശരീരമെന്നും രക്തമെന്നും വിളിക്കുന്നത് അവ ശരീരരക്തങ്ങളായിത്തീർന്നുവെന്ന അർത്ഥത്തിലല്ല, പ്രത്യുത പെസഹാരഹസ്യത്തിന്റെ അനുസ്മരണത്തിൽ അവ ശരീരരക്തങ്ങളുടെ പ്രതീകങ്ങളാണ് എന്ന അർത്ഥത്തിലാണ്. മാത്രമല്ല, ഭൗമികരായ നമ്മൾ സ്വർഗ്ഗീയ ലിറ്റർജിയിൽ പങ്കുചേരുന്നതുകൊണ്ടും രഹസ്യാത്മകതയുടെ തലം നിറഞ്ഞുനിൽക്കുന്നതിനാൽ സ്ഥലകാലത്തിന് പ്രസക്തിയില്ലാത്തതുകൊണ്ടും ഒരുക്കശുശ്രൂഷയുടെ വേളയിൽ അപ്പത്തിനെയും വീഞ്ഞിനെയും മിശിഹായുടെ തിരുശരീരരക്തങ്ങൾ എന്ന് വിളിക്കാവുന്നതാണ്. ഒരുക്കശുശ്രൂഷയിൽ വീഞ്ഞും വെള്ളവും കൂട്ടിക്കലർത്തുന്നത് മിശിഹായിൽ ദൈവ-മനുഷ്യ സ്വഭാവങ്ങൾ സമ്മേളിച്ചിരിക്കുന്നതിനെ സൂചിപ്പിക്കുന്നുവെന്ന് ആരാധനക്രമ പിതാക്കന്മാർ പഠിപ്പിക്കുന്നു. ദിവ്യരഹസ്യങ്ങൾ ബലിപീഠത്തിലേക്ക് സംവഹിക്കുമ്പോൾ ആലപിക്കുന്ന ഗീതത്തെ ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ) എന്നു വിളിക്കുന്നു. മാലാഖമാരും നീതിമാന്മാരും കർത്താവിനോടൊപ്പം പറുദീസായിൽ പ്രവേശിച്ച സമയത്ത് പാടിയ സ്തുതിഗീതത്തിന്റെ പ്രതീകമായി ഓനീസാ ദ്റാസേയെ ആരാധനക്രമ വ്യാഖ്യാതാക്കൾ ചൂണ്ടിക്കാണിക്കുന്നു. തന്റെയും ദൈവജനത്തിന്റെയും പാപക്കറകൾ കഴുകി ഹൃദയം നിർമ്മലമാക്കുന്നതിന്റെ അടയാളമായിട്ടാണ് മദ്ബഹാ പ്രവേശനത്തിന് ഒരുക്കമായി ബേമ്മയിൽ വച്ച് കാർമ്മികൻ കൈകൾ കഴുകുന്നത്. ബലിവസ്തുക്കൾ പ്രദക്ഷിണമായി മദ്ബഹായിൽ കൊണ്ടു

വന്നശേഷം ആർച്ചുഡീക്കൻ വലത്തുകൈയിൽ കാസായും ഇടത്തു കൈയിൽ പീലാസായും കുരിശാകൃതിയിൽ ഉയർത്തിപ്പിടിച്ചുകൊണ്ട് തക്സായിൽ ചേർത്തിരിക്കുന്ന പ്രാർത്ഥന സ്വരം താഴ്ത്തി ചൊല്ലുന്നു. അനന്തരം ആർച്ചുഡീക്കൻ ബലിപീഠത്തിന്റെ വലതുവശത്ത് കാസായും ഇടത്തു വശത്ത് പീലാസായും വച്ചതിനുശേഷം അവ ശോശപ്പകൊണ്ട് മൂടുന്നു. ശരീരം മുഴുവന്റെയും പോഷണത്തിനായി എല്ലാ ഭക്ഷണ ത്തെയും രക്തമാക്കി രൂപാന്തരപ്പെടുത്തുന്നതും ശരീരത്തിന്റെ വലതു വശത്ത് സ്ഥിതി ചെയ്യുന്നതുമായ കരളിനോടാണ് ബലിപീഠത്തിന്റെ വലതുവതുവശത്ത് വച്ചിരിക്കുന്ന കാസയെ തിമോത്തി രണ്ടാമൻ ബന്ധി പ്പിക്കുന്നത്. പീലാസ ഇടതുവശത്ത് വയ്ക്കുന്നത് ഭക്ഷണവും പാനീ യവും കരൾ വഴി രക്തമായി മാറുന്നതുപോലെ പരിശുദ്ധാത്മാവിന്റെ ആഗമനം വഴി ശരീരവും രക്തവുമായി അപ്പവും വീഞ്ഞും രൂപാന്തര പ്പെടുന്നുവെന്ന് കാണിക്കുവാനാണെന്നും അദ്ദേഹം പറയുന്നു. ഈ കർമ്മങ്ങൾ മിശിഹായുടെ മരണത്തിന്റെയും സംസ്കാരത്തിന്റെയും അടയാളമായി പല ആരാധനക്രമ വ്യാഖ്യാതാക്കളും വിശദീകരിക്കുന്നു.

രക്ഷാരഹസ്യങ്ങളുടെ രത്നച്ചുരുക്കമായ വിശ്വാസപ്രമാണം ഉദ്ഘോഷിച്ചുകൊണ്ട് കാർമ്മികനും സമൂഹവും തങ്ങളുടെ ഉറച്ച വിശ്വാസം പരസ്യമായി ഏറ്റുപറയുന്നു. ബലിയർപ്പണത്തിനുള്ള യോഗ്യ തയ്ക്കായി പ്രാർത്ഥിച്ചുകൊണ്ടും ബലിയർപ്പണത്തിനായി തന്നെ തിരഞ്ഞെടുത്ത ദൈവത്തെ സ്തുതിച്ചുകൊണ്ടുമാണ് കാർമ്മികൻ ബലി പീഠത്തെ സമീപിക്കുന്നത്. ബലിപീഠത്തിങ്കലെത്തുന്ന കാർമ്മികൻ കർത്താവിന്റെ കബറിടത്തോടുള്ള ഭക്ത്യാദരവുകൾ പ്രകടമാക്കു വാനായി മൂന്നുപ്രാവശ്യം കുനിഞ്ഞ് ബലിപീഠത്തെ ചുംബിക്കുന്നു. കാർമ്മികന്റെ ഈ ബലിപീഠചുംബനത്തെ നർസായി സാദൃശ്യപ്പെടു ത്തുന്നത് ഏസാവിനെ സമീപിച്ചപ്പോൾ യാക്കോബ് നടത്തിയ സാഷ്ടാം ഗപ്രണാമത്തോടാണ് (ഉൽപ. 33:3). അതായത്, കാർമ്മികൻ ബലി പീഠത്തെ ചുംബിക്കുക വഴി യാക്കോബിന്റെ ദൈവത്തെ തന്നെയാണ് വണങ്ങുന്നതെന്നർത്ഥം. തത്സമയമുള്ള ഡീക്കന്റെ പ്രഘോഷണ പ്രാർത്ഥനയിൽ സഭയിലെ ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ പിതാ ക്കന്മാരെയും സഭാതനയരെയും അനുസ്മരിക്കുന്നു. ഡീക്കന്റെ ഈ പ്രഘോഷത്തോടെയും കാർമ്മികന്റെ ബലിപീഠ പ്രവേശനത്തോടെയും കൂടി ഒരുക്കശുശ്രൂഷ പൂർത്തിയാകുന്നു.

**അനാഫൊറ (കൂദാശ)**

പരിശുദ്ധ കുർബാനയുടെ ഏറ്റവും പ്രധാനഭാഗമാണ് അനാ ഫൊറ അഥവാ കൂദാശ. അനാഫൊറയെന്ന ഗ്രീക്കുവാക്കിന്റെ അർത്ഥം സമർപ്പണം, ഉയർത്തൽ എന്നൊക്കെയാണ്. കൂദാശ, കുർബാന എന്നീ പേരുകളിലും അനാഫൊറ അറിയപ്പെടുന്നു. കൂദാശ എന്ന വാക്കിന് മഹത്വപ്പെടുത്തൽ, പവിത്രീകരിക്കൽ എന്നൊക്കെ അർത്ഥമുണ്ട്. കുർബാന എന്ന വാക്കിന് സമർപ്പിക്കൽ, സമീപിക്കൽ എന്നൊക്കെയാ ണർത്ഥം.

പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ മൂന്നു കൂദാശകളാണു ള്ളത്. ഏറ്റവും പുരാതനമായ കൂദാശ മാർ അദ്ദായിയുടെയും മാർ മാറിയുടെയും പേരിലറിയപ്പെടുന്നു. രണ്ടാമത്തേത്, മാർ തെയദോറി ന്റെയും മൂന്നാമത്തേത് മാർ നെസ്തോറിയസിന്റെയും പേരിലാണ് അറി യപ്പെടുന്നത്. മാർ അദ്ദായി-മാറി കൂദാശക്രമം ഈസ്റ്റർ മുതൽ പള്ളി ക്കൂദാശക്കാലംവരെയും തെയദോറിന്റെ കൂദാശക്രമം മംഗളവാർത്ത ക്കാലം മുതൽ ഓശാന ഞായർ വരെയും ഉപയോഗിക്കുന്നു. ദനഹാ, യോഹന്നാൻ മാംദാനായുടെ ഓർമ്മദിനം, ഗ്രീക്കു മല്പാന്മാരുടെ ഓർമ്മ ദിനം, നിനവേ ബുധൻ, പെസഹാ വ്യാഴം എന്നീ അഞ്ച് അവസരങ്ങ ളിൽ നെസ്തോറിയസിന്റെ കൂദാശക്രമം പൗരസ്ത്യപാരമ്പര്യത്തിൽ ഉപയോഗിക്കുന്നു. ഈ അനാഫൊറകളുടെ ഉത്ഭവം, പ്രാചീനത, ഘടന, ഉള്ളടക്കം തുടങ്ങിയവയെക്കുറിച്ച് ധാരാളം പഠനങ്ങൾ ഇപ്പോൾ ലഭ്യ മാണ്.

അദ്ദായി-മാറി അനാഫൊറാ രണ്ടാം നൂറ്റാണ്ടിന്റെ അവസാന ത്തിലോ മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ എദേസ്സായിൽ വച്ച് സുറിയാനി ഭാഷയിൽ എഴുതപ്പെട്ടതാണ്. യഹൂദരുടെ ബെറാക്കാ പ്രാർത്ഥനയോട് സാമ്യമുള്ള ഈ കൂദാശക്രമത്തിലെ പ്രധാന ഘടക ങ്ങളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുക, നാലു പ്രണാമജപവൃത്ത ങ്ങൾ ചേർന്നതാണ് ഈ കൂദാശക്രമം. ഓരോ പ്രണാമജപവൃത്ത ത്തിലും കൂശാപ്പ, പ്രാർത്ഥനാഭ്യർത്ഥന, ഗ്ഹാന്ത (പ്രണാമജപം) കാനോന (സ്തുതിപ്പ്) എന്നിങ്ങനെ നാലു ഘടകങ്ങളുണ്ട്.

അദ്ദായി-മാറി ക്രമത്തിലെ ഒന്നാം പ്രണാമജപം അനാഫൊറ മുഴുവനും വേണ്ടിയുള്ള ഒരുക്കപ്രാർത്ഥനയായി നിലകൊള്ളുന്നു. നർസായിയുടെ വ്യാഖ്യാനമനുസരിച്ച് ഒന്നാം പ്രണാമജപമെന്നത് കുർബാനയർപ്പിക്കുന്നതിന് പുരോഹിതൻ ദൈവത്തിന്റെ നിഗൂഢ ശക്തിയും സഹായവും യാചിക്കുന്ന വേളയാണ്. മാത്രമല്ല, ദൈവം നൽകിയിട്ടുള്ള നിരവധിയായ അനുഗ്രഹങ്ങൾക്ക് പൊതുവായി നന്ദിയും സ്തുതിയും ഈ പ്രണാമജപത്തിലൂടെ കാർമികൻ പ്രകടിപ്പിക്കുന്നു.

സഹോദരങ്ങളുമായി രമ്യതയിലും അനുരഞ്ജനത്തിലുമായതി നുശേഷമേ ബലിയർപ്പിക്കാവൂ (മത്താ 5:23-24) എന്ന കർത്താവിന്റെ ആഹ്വാനത്തിന്റെ അനുഷ്ഠാനപരമായ നിറവേറ്റലാണ് കൂദാശയുടെ ആരംഭഭാഗത്തുള്ള സമാധാനാശംസ. ഹൃദയത്തെ തിന്മകളിൽ നിന്നും കോപത്തിൽ നിന്നും വിമുക്തമാക്കി, എല്ലാവരുമായി ഐക്യപ്പെട്ട് ദിവ്യ രഹസ്യങ്ങൾ സ്വീകരിക്കാൻ യോഗ്യത നേടണമെന്നാണ് വിശ്വാസികൾ തമ്മിലുള്ള സമാധാനാശംസയുടെ ഉൾപ്പൊരുളെന്ന് തിമോത്തി രണ്ടാമൻ നിരീക്ഷിക്കുന്നു. തുടർന്ന് വരുന്ന ഡിപ്റ്റിക്സിന്റെ (അനു സ്മരണപ്രാർത്ഥന) സമയത്ത് ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ ചില സഭാംഗങ്ങളുടെ പേരെടുത്ത് പറഞ്ഞ് മ്ശംശാന പ്രാർത്ഥിക്കുന്നു. മരിച്ചവരെ പ്രത്യേകമായി അനുസ്മരിക്കുവാനും ജീവിച്ചിരിക്കുന്നവരുടെ പ്രത്യേക നിയോഗങ്ങൾ സമർപ്പിക്കുവാനുമുള്ള അവസരമാണിത്.

ദൈവം നിർവ്വഹിച്ച മഹനീയ കൃത്യങ്ങൾ അനുസ്മരിച്ച്, അവിടുത്തെ സ്തുതിക്കുവാനും അവിടുത്തേക്ക് കൃതജ്ഞതയർപ്പിക്കുവാനുമുള്ള ക്ഷണമാണ് ഭാഷണപ്രാർത്ഥനയിലുള്ളത്. 'നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും' എന്നു തുടങ്ങുന്ന പൗലോസ് ശ്ലീഹായുടെ അഭിവാദനരീതി (2 കോറി 13:14) അനുസരിച്ചുള്ള ഭാഷണപ്രാർത്ഥന ദൈവജനത്തെ കുർബാനയുടെ ബലിപരമായ ഭാഗത്ത് സജീവമായി പങ്കെടുക്കുവാൻ പ്രേരിപ്പിക്കുന്നു. മൊപ്സേസ്തിയായിലെ തിയഡോറിന്റെ കാലം മുതൽ ഈ അഭിവാദനരൂപം കുർബാനക്രമത്തിലുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ച്, 'ഉന്നതമായ ഒരു ശുശ്രൂഷ പരികർമ്മം ചെയ്യുവാൻ പോകുന്ന പുരോഹിതൻ ആദ്യമേതന്നെ ഇപ്രകാരമുള്ള വചസുകൾ ചൊല്ലുന്നത് യുക്തമാണ്. ഈ ഭാഷണപ്രാർത്ഥനയുടെ അർത്ഥം വ്യാഖ്യാനിച്ചുകൊണ്ട് അർബേലിലെ ജോർജ് ഇപ്രകാരം എഴുതുന്നു: 'പുത്രന്റെ ഇറങ്ങിവരവ് കൃപവഴിയും പിതാവിന്റെ സമ്മതം സ്നേഹം വഴിയും അരൂപിയുടെ ആവാസം പൂർണമാക്കൽ വഴിയുമാണ് സംഭവിക്കുന്നത്. അനാഫൊറയിൽ പരിശുദ്ധ ത്രിത്വത്തിനുള്ള പ്രാധാന്യം മനസിലാക്കാൻ ഈ ഭാഷണപ്രാർത്ഥന ഉപകാരപ്രദമാണ്. 'നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്ക് ഉയരട്ടെ' എന്നു തുടങ്ങുന്ന ആഹ്വാനംവഴി തങ്ങളുടെ ചിന്തകളെ പുഴുവോ ചിതലോ നശിപ്പിക്കാത്ത സ്വർഗ്ഗത്തിലേക്ക് ഉയർത്താൻ കാർമികൻ ജനത്തോട് ആവശ്യപ്പെടുന്നു.

ദൈവത്തിന്റെ സൃഷ്ടികർമ്മത്തെപ്രതി സ്വർഗ്ഗീയഗണങ്ങളോട് ചേർന്ന് അവിടുത്തെ സ്തുതിക്കുകയും അവിടുത്തേക്ക് നന്ദി പ്രകാശിപ്പിക്കുകയുമാണ് രണ്ടാം ഗ്ഹാന്തയിൽ. പരിശുദ്ധ ത്രിത്വത്തെ സംബോധന ചെയ്തുള്ള ഈ ഗ്ഹാന്തയുടെ ആദ്യഭാഗം ദൈവത്തെ സ്തുതിക്കുവാൻ എല്ലാ സൃഷ്ടികളെയും ആഹ്വാനം ചെയ്യുന്നു. ഇതിന്റെ അവസാനഭാഗത്താകട്ടെ, ദൈവനാമത്തെ സ്തുതിക്കുവാൻ ഉദ്ബോധിപ്പിക്കുന്നു. സ്വർഗ്ഗീയ ആരാധനയിൽ പങ്കുചേരുവാൻ ആരാധനാസമൂഹത്തെ ആഹ്വാനം ചെയ്യുക, ഭൗമിക ദൈവാരാധനയെ സ്വർഗ്ഗീയ ദൈവാരാധനയുമായി ബന്ധിപ്പിക്കുക എന്നിവയാണ് തുടർന്നുള്ള കാനോനയുടെ മുഖ്യലക്ഷ്യങ്ങൾ. ആറാം നൂറ്റാണ്ടിൽ അദ്ദായി-മാറി അനാഫൊറയിൽ കൂട്ടിച്ചേർത്ത നാലാം പ്രണാമജപ കൂശാപ്പ പ്രാർത്ഥന സഭയ്ക്കു മുഴുവനും ലോകം മുഴുവനും വേണ്ടിയുള്ള മധ്യസ്ഥപ്രാർത്ഥനയാണ്. ഈ കൂശാപ്പ പ്രാർത്ഥനയുടെ ആദ്യഭാഗത്ത് മാർപാപ്പ, മേജർ ആർച്ച് ബിഷപ്പ്, രൂപതാധ്യക്ഷൻ, സഭാസമൂഹത്തിലെ വിവിധ ഗണങ്ങളിലുള്ളവർ തുടങ്ങിയവരെ അനുസ്മരിക്കുന്നു. സമാപനഭാഗത്താകട്ടെ, കാർമികന്റെയും ആരാധനാസമൂഹത്തിന്റെയും അയോഗ്യത ഏറ്റുപറഞ്ഞ് പാപപ്പൊറുതിക്കായി അപേക്ഷിക്കുന്നു.

**റൂഹാക്ഷണ പ്രാർത്ഥന**

ഈശോയെക്കുറിച്ചുള്ള ഓർമ്മയുമായി ബന്ധപ്പെടുത്തി പരിശുദ്ധ കന്യകാമറിയത്തെയും സഭാപിതാക്കന്മാരെയും അനുസ്മരിക്കാനുള്ള

ആഹ്വാനമാണ് നാലാം ഗ്ഹാന്തായുടെ ആദ്യഭാഗത്തുള്ളത്. നാലാം പ്രണാമജപത്തിന്റെ തുടർച്ചയും അനാഫൊറയുടെ കേന്ദ്രബിന്ദുവുമാണ് റൂഹാക്ഷണ പ്രാർത്ഥന. പരിശുദ്ധാത്മാവ് എഴുന്നള്ളി വരട്ടെയെന്നാണ് ഈ സമയം പുരോഹിതൻ പ്രാർത്ഥിക്കുന്നത്. അപ്പത്തെയും വീഞ്ഞിനെയും ഈശോയുടെ തിരുശരീരരക്തങ്ങളാക്കി മാറ്റുക എന്നതാണ് ഇവിടെ പവിത്രീകരിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. എങ്കിലും ദൈവജനത്തിന്റെ പവിത്രീകരണത്തിലും അദ്ദായി-മാറിയിലെ റൂഹാക്ഷണപ്രാർത്ഥന വലിയ പ്രാധാന്യം നൽകുന്നു.

വി. കുർബാന സ്വീകരണത്തിനു മുന്നോടിയായിട്ടുള്ള മറ്റൊരു ഘടകമാണ് വിഭജനശുശ്രൂഷ. അന്ത്യത്താഴവേളയിൽ ഈശോ അപ്പം മുറിച്ചതിനെ ഈ കർമ്മം സൂചിപ്പിക്കുന്നു (1 കോറി 11:24, മത്താ. 26:26, മർക്കോ. 14:22; ലൂക്ക 22:19). മൊപ്സേസ്തിയായിലെ തിയഡോറിന്റെ അഭിപ്രായമനുസരിച്ച്, മിശിഹായുടെ പീഡാനുഭവ-മരണത്തിന്റെ പ്രതീകമാണ് വിഭജനശുശ്രൂഷ. തിമോത്തി രണ്ടാമന്റെ വ്യാഖ്യന പ്രകാരം മിശിഹായുടെ ശരീരത്തിൽ നിന്നുള്ള ആത്മാവിന്റെ വേർപെടലിനെയാണ് വിഭജന ശുശ്രൂഷ ചിത്രീകരിക്കുന്നത്. തുടർന്ന് വരുന്ന തിരുശരീരരക്തങ്ങളുടെ സംയോജനം കർത്താവിന്റെ ഉത്ഥാനത്തെ അർത്ഥമാക്കുന്നതായി ആരാധനക്രമപണ്ഡിതർ പ്രസ്താവിക്കുന്നു. അനുരഞ്ജനശുശ്രൂഷയുടെ തുടർച്ചയും പൂർത്തീകരണവുമായ ദൈവകൃശുശ്രൂഷയിലെ എല്ലാ പ്രാർത്ഥനകളും ആരാധനാസമൂഹത്തെ ദൈവവുമായുള്ള കൂട്ടായ്മയിലേക്കും ഐക്യത്തിലേയ്ക്കും നയിക്കുവാൻ ഉതകുന്നവയാണ്. നിർമ്മലഹൃദയത്തോടും പ്രസന്നവദനത്തോടും കൂടി ദൈവജനത്തെ "പിതാവേ" എന്നു വിളിച്ചു പ്രാർത്ഥിക്കുവാൻ കാർമ്മികൻ ജനത്തെ ഒരുക്കിയശേഷം എല്ലാവരും ചേർന്ന് ചൊല്ലുന്ന കർത്തൃപ്രാർത്ഥനയാണ് ദൈവകൃശുശ്രൂഷയിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം. തങ്ങളുടെ പാപങ്ങളെല്ലാം മോചിച്ച് ദൈവകൃത്തിലൂടെ ദത്തുപുത്രരായിത്തീർന്ന്, 'അമർത്യതയുടെ ഔഷധമായ' വി. കുർബാന സ്വീകരിക്കുന്നതിനുള്ള യോഗ്യത നൽകണമെന്നാണ് ദൈവജനം ഈ സമയത്ത് പ്രാർത്ഥിക്കുന്നത്. തിമോത്തി രണ്ടാമന്റെ അഭിപ്രായപ്രകാരം, ഹൃദയത്തിൽ സഹോദരനോട് വെറുപ്പ് സൂക്ഷിച്ചുകൊണ്ട് ആരും ദിവ്യരഹസ്യങ്ങളെ സമീപിക്കാതിരിക്കേണ്ടതിനാണ് ഈ സമയത്ത് "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥന സമൂഹം ചൊല്ലുന്നത്. പ്രലോഭനങ്ങളിൽ നിന്ന് സംരക്ഷിച്ച് നന്മയിൽ ജീവിക്കാനുള്ള അനുഗ്രഹത്തിനായിട്ടാണ് കർത്തൃപ്രാർത്ഥനയെത്തുടർന്നുള്ള എംബോളിസത്തിലൂടെ (ജപം) കാർമ്മികൻ അപേക്ഷിക്കുന്നത്.

സമൂഹം പ്രത്യുത്തരഗീതവും (ഊനായ ദിവേമ്മ) അതിന്റെ അനുഗീതവും (ബാത്തേ ദ്ഊനായ) അടങ്ങുന്ന ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മ) ആലപിക്കുന്ന വേളയിൽ കാർമികൻ ഒന്നാമതായി വി. കുർബാന സ്വീകരിക്കുന്നു. അർബേലിലെ ജോർജിന്റെ അഭിപ്രായമനുസരിച്ച് അന്ത്യത്താഴവേളയിൽ സ്വശരീരരക്തങ്ങൾ ആദ്യമേ

ഉൾക്കൊണ്ടശേഷം തന്റെ ശിഷ്യന്മാർക്ക് നൽകിയ മിശിഹായുടെ പ്രതിനിധിയായ പുരോഹിതൻ ഒന്നാമതായി തന്നെ വി. കുർബാന സ്വീകരിക്കണം.

വി. കുർബാന സ്വീകരിക്കപ്പെടേണ്ട ദാനമാകയാൽ കാർമ്മികൻ അത് എല്ലാവർക്കും വിതരണം ചെയ്യണം. തന്മൂലം, കാർമ്മികനും ശുശ്രൂഷകളും ദിവ്യകാരുണ്യം വഹിച്ച് പ്രദക്ഷിണമായി മദ്ബഹായുടെ കവാടത്തിലേക്ക് പോകുന്നു. ഈ കർമ്മത്തെ ഉത്ഥിതനായ മിശിഹായുടെ കല്ലറയുടെ അടുത്തേക്കുള്ള ശിഷ്യന്മാരുടെ യാത്രയുമായിട്ടാണ് നർസായി ബന്ധിപ്പിക്കുന്നത്. എന്നാൽ സ്വർഗ്ഗത്തിൽ നിന്നും ജറുസലേമിലേക്കുള്ള മിശിഹായുടെ മഹത്വപൂർണമായ രണ്ടാം വരവിന്റെ പ്രതീകമായിട്ടാണ് അർബേലിലെ ജോർജ് ദിവ്യരഹസ്യങ്ങൾ വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണത്തെ വ്യാഖ്യാനിക്കുന്നത്. സ്വർഗ്ഗീയരുടെയും ഭൗമീകരുടേതുമായ രണ്ട് പ്രദക്ഷിണങ്ങളുടെ സമ്മേളനമായിട്ടാണ് നർസായി ദിവ്യകാരുണ്യസ്വീകരണസമയത്തെ കാർമികന്റെയും ശുശ്രൂഷികളുടെയും ജനങ്ങളുടെയും പ്രദക്ഷിണങ്ങളെ വീക്ഷിക്കുന്നത്. വേണ്ടത്ര ഒരുക്കവും സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള ആഴമായ ബോധ്യവും വി. കുർബാന സ്വീകരിക്കാൻ വരുന്നവർക്ക് ഉണ്ടാകണമെന്ന് ഡീക്കന്റെ ഈ സമയത്തുള്ള ആഹ്വാനം സൂചിപ്പിക്കുന്നു. വി. കുർബാന സ്വീകരിക്കാൻ എല്ലാവരെയും പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള ഫ്രാൻസീസ് പാപ്പ അമോരിസ് ലെറ്റീസ്യായിൽ (Amoris Laetitia) കുറിച്ചിട്ട വാക്കുകൾ ഇത്തരുണത്തിൽ പ്രസക്തമാണ്. അദ്ദേഹമെഴുതുന്നു: "വി. കുർബാനയെന്നത് പൂർണരായവർക്കുള്ള ഒരു സമ്മാനമല്ല, മറിച്ച്, ബലഹീനരായവർക്കുള്ള വീര്യമേറിയ ഒരു ഔഷധമാണ്. ആത്മാവിനെ വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഈ ഔഷധം വി. കുർബാനയിൽ പങ്കുചേരുന്ന എല്ലാവരും യോഗ്യതയോടും ഒരുക്കത്തോടുംകൂടി സ്വീകരിച്ച് ദിവ്യകാരുണ്യാധിഷ്ഠിതമായ ജീവിതം നയിക്കണം.

ആരാധനാസമൂഹം സ്വീകരിച്ച അവർണനീയമായ ദാനങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കാനുള്ള അവസരമാണ് ദിവ്യകാരുണ്യസ്വീകരണത്തെ തുടർന്നുള്ള സമാപനശുശ്രൂഷകൾ. വചനശുശ്രൂഷയിലൂടെയും അനാഫൊറയിലൂടെയും ദിവ്യകാരുണ്യ ശുശ്രൂഷയിലൂടെയും ദൈവം ചൊരിഞ്ഞ നിരവധിയായി അനുഗ്രഹങ്ങൾക്ക് സമൂഹവും ശുശ്രൂഷിയും കാർമ്മികനും തുടർന്നു വരുന്ന പ്രാർത്ഥനകളിലൂടെ നന്ദി അർപ്പിക്കുന്നു. വി. കുർബാന സ്വീകരിച്ച സമൂഹം കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ ചൊല്ലുന്നതാണ് സ്തോത്ര പ്രാർത്ഥന അഥവാ തെശ്ബൊഹത്താ. തിമോത്തി രണ്ടാമന്റെ വാക്കുകളിൽ "ശ്ലീഹന്മാർ ദിവ്യരഹസ്യങ്ങൾ സ്വീകരിച്ചശേഷം ഒലിവുമലയിലേക്ക് പുറപ്പെടുന്നതിനു മുൻപായി ആലപിച്ച സ്തോത്രഗീതത്തിന് സദൃശ്യമാണ് തെശ്ബൊഹ്ത്താ. ഈ പ്രാർത്ഥനയെത്തുടർന്ന് വി. കുർബാനയെ അവർണനീയ ദാനം ഉൾക്കൊള്ളുവാൻ യോഗ്യനാക്കിയ ദൈവത്തിന് നന്ദി പറയുവാൻ

ഡീക്കൻ തന്റെ പ്രഘോഷണം വഴി ദൈവജനത്തെ ക്ഷണിക്കുന്നു. ഉത്ഥാനത്തിനു മുമ്പായി സ്വർഗ്ഗരാജ്യത്തെക്കുറിച്ച് ശ്ലീഹന്മാർ കർത്താവിനോട് ചോദിച്ച ചോദ്യത്തിന്റെ അടയാളമായി ഡീക്കന്റെ ഈ ആഹ്വാനത്തെ ജോ ബർസോബി വ്യാഖ്യാനിക്കുന്നു.

കർത്തൃപ്രാർത്ഥനയോടുകൂടി എല്ലാ ശുശ്രൂഷകളും ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യണമെന്നതുതന്നെ പൗരസ്ത്യ ലിറ്റർജിയിലുള്ള ഈ പ്രാർത്ഥനയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. കുർബാനയുടെ എല്ലാ പ്രാർത്ഥനകൾക്കുമുള്ള മുദ്രവയ്ക്കലാണ് ഹുത്താമയ്ക്ക് മുമ്പുള്ള കർത്തൃപ്രാർത്ഥനയെന്ന് പാത്രിയർക്കീസ് തിമോത്തി രണ്ടാമൻ അഭിപ്രായപ്പെടുന്നു. കാർമ്മികൻ മദ്ബഹായുടെ കവാടത്തിന്റെ വലതുവശത്തേക്ക് അൽപം മാറിനിന്നുകൊണ്ടാണ് ഹൂത്താമ ചൊല്ലുന്നത്. നമ്മുടെ കർത്താവ് തന്റെ പന്ത്രണ്ട് ശിഷ്യന്മാരെ ആശീർവദിച്ചതിന്റെ പ്രതീകമായിട്ടാണ് നർസായി ഹൂത്താമയെ വീക്ഷിക്കുന്നത്. ഗബ്രിയേൽ ഖത്രായയുടെ വ്യാഖ്യാനമനുസരിച്ച് കർത്താവ് സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തശേഷം ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവിന്റെ കൃപാവരം ചൊരിഞ്ഞതിന്റെ പ്രതീകമാണ് ഹൂത്താമ (യോഹ 16:7; അപ്പ 2:3). ഹൂത്താമയ്ക്ക് ശേഷം കാർമ്മികൻ ബലിപീഠം ചുംബിച്ച് ബലിപീഠത്തോട് വിടപറയുന്നു. മിശിഹായുടെ കല്ലറയുടെ പ്രതീകമായ ബലിപീഠത്തെ സമീപിക്കാനും അതിന്മേൽ ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യാനും ഭാഗ്യം സിദ്ധിച്ച കാർമ്മികൻ നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവത്തിന് സ്തുതിയർപ്പിക്കുന്നതാണ് ബലിപീഠത്തോടുള്ള വിടപറച്ചിൽ കർമ്മം സൂചിപ്പിക്കുന്നത്.

**ഉപസംഹാരം**

'പ്രാർത്ഥനയുടെ നിയമം, വിശ്വാസത്തിന്റെ നിയമം' (Lex Orandi, Lex Credendi) എന്ന തത്ത്വമായിരിക്കണം ആരാധനക്രമ ആഘോഷത്തെ നയിക്കുന്ന ചാലകശക്തി, സഭയുടെ ആരാധനക്രമ നിയമങ്ങളും പാരമ്പര്യങ്ങളും അനുസരിച്ചുകൊണ്ടായിരിക്കണം വി. കുർബാന നമ്മൾ ആഘോഷിക്കേണ്ടത്. വി. കുർബാനയിലെ പ്രാർത്ഥനകളുടെയും കർമാനുഷ്ഠാനങ്ങളുടെയും അർത്ഥവും പ്രതീകാത്മകതയും മനസിലാക്കുന്നത് ദിവ്യകാരുണ്യാനുഭവത്തിൽ വളരുവാൻ നമ്മെ സഹായിക്കും. വി. കുർബാനയിൽ കേന്ദ്രീകൃതമായ ആദ്ധ്യാത്മിക ശൈലി രൂപപ്പെടുത്തിയെടുക്കുമ്പോഴാണ് ബലിയാകാനും ബലിയേകാനും മുറിക്കപ്പെടാനുമുള്ള ആന്തരികശക്തി നമുക്ക് ലഭിക്കുന്നത്. നമ്മുടെ ആരാധനശൈലിയും ജീവിതശൈലിയും ഒരേ പാതയിൽ സഞ്ചരിക്കുമ്പോഴാണ് ക്രിസ്തീയജീവിതത്തിൽ സ്വർഗീയ ആരാധനയും ഭൗമിക ആരാധനയും തമ്മിൽ സംഗമിക്കുകയും ഒന്നായിത്തീരുകയും ചെയ്യുന്നത്.

*(കടപ്പാട്: സൺഡേശാലോം, 2016 ഒക്ടോബർ)*

# രൂപതാകച്ചേരി വാർത്തകൾ

**തിരുബാലസഖ്യം ഫെബ്രുവരി 12**

ഫെബ്രുവരി 12 ന് തിരുബാലസഖ്യദിനമായി ആചരിക്കുന്നു. അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കുവാൻ എത്രയും വേഗം രൂപതാ കേന്ദ്രത്തിലെത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സ്നേഹസ്മരണ**

ബഹു. ജോസഫ് മഞ്ചുവള്ളി അച്ചന്റെ ഒന്നാം ചരമവാർഷികം ഫെബ്രുവരി 1 ബുധനാഴ്ചയാണ്. അന്നേദിവസം രാവിലെ 7 മണിക്ക് സിയോൻ ചാപ്പലിൽ വി.കുർബാനയും തുടർന്ന് സിമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. വി.ബലിയിലും പ്രാർത്ഥനകളിലും അച്ചനെ അന്നേദിവസം പ്രത്യേകം അനുസ്മരിക്കാം.

ഫെബ്രുവരി 7 ന് ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും ഫെബ്രുവരി 15 ന് ബഹു. ജെയിംസ് കരോട്ടച്ചന്റെയും മാർച്ച് 3 ന് ബഹു. ജോർജ് മൂലയിൽ അച്ചന്റെയും മരണവാർഷികദിനങ്ങളാണ്. ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം. ഫെബ്രുവരി 7 നും മാർച്ച് 3 നും രാവിലെ 7 മണിക്ക് വിയാനിഭവൻ ചാപ്പലിൽ വി.കുർബാനയും തുടർന്ന് സിമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

**വൈദികസമ്മേളനം (Priests' Conference)**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം ഫെബ്രുവരി 22 ബുധനാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. എല്ലാ വൈദികരും ആ ദിവസത്തെ പരിപാടികളെല്ലാം മുൻകൂട്ടി ക്രമീകരിച്ച് സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഭക്തസംഘടനകളുടെ ഭാരവാഹികളുടെ യോഗം**

നമ്മുടെ രൂപതയിലെ ഭക്തസംഘടനകളുടെ രൂപതാഭാരവാഹികളുടെ ഒരു യോഗം ഫെബ്രുവരി 25 ന് ശനിയാഴ്ച രാവിലെ 10.30

മുതൽ 1.00 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്. എല്ലാ ഭാരവാഹികളും ഡയറക്ടർമാരും യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ചർച്ചകളെയും നിഗമനങ്ങളെയും അടിസ്ഥാനമാക്കി സീറോമലബാർ സിനഡ് അംഗീകരിച്ച ശുപാർശകളുടെയും നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ മേജർ ആർച്ച് ബിഷപ്പ് പുറപ്പെടുവിച്ച *ഒന്നായി മുന്നോട്ട്* എന്ന പ്രബോധനരേഖ സംഘടനാതലത്തിൽ ചർച്ച ചെയ്ത് അതത് സംഘടനാതലങ്ങളിൽ മുൻതൂക്കം നൽകി നടപ്പിലാക്കാൻ സാധിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഒരു രൂപരേഖ സമ്മേളനത്തിൽ അവതരിപ്പിക്കാൻ തക്കവിധം ഒരുങ്ങി തയ്യാറായി വരേണ്ടതാണ്.

**പ്രസ്ബിറ്ററൽ കൗൺസിൽ (Presbyteral Council)**

മാനന്തവാടി രൂപതയിലെ വൈദിക സെനറ്റിന്റെ ഒരു സമ്മേളനം മാർച്ച് 8 ബുധനാഴ്ച 10.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ ബിഷപ്സ് ഹൗസിൽ വച്ച് ചേരുന്നതാണ്. വിശദവിവരങ്ങൾ അംഗങ്ങളെ കത്ത് മുഖേന അറിയിക്കുന്നതാണ്.

**വൈദികരുടെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെയും ഒരു സംയുക്ത സമ്മേളനം മാർച്ച് 11 ശനിയാഴ്ച രാവിലെ 10.30 മുതൽ 1.30 മണിവരെ പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. ആ ദിവസത്തെ പരിപാടികളെല്ലാം മുൻകൂട്ടി ക്രമീകരിച്ച് വൈദികരും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും സമ്മേളനത്തിൽ മുഴുവൻ സമയവും സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സമ്മേളനത്തിന്റെ വിശദവിവരങ്ങൾ കത്തിലൂടെ അറിയിക്കുന്നതായിരിക്കും.

**അഭിനന്ദനങ്ങൾ**

അജപാലനരംഗത്ത് തിളക്കമാർന്ന പ്രവർത്തനം കാഴ്ചവച്ച ബഹു. ജോബ് മൈലാടിയിൽ സി.എം.ഐ. അച്ചന്റെ ഓർമ്മ നിലനിർത്തുന്നതിനും തനിമയാർന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന അജപാലകരെയും ഇടവകകളെയും അഭിനന്ദിക്കുവാനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കോഴിക്കോട് ചാവറ കൾച്ചറൽ സെന്ററും അമലാപുരി ഇടവകയും ബാംഗ്ലൂർ സെന്റ് തോമസ് ഇടവകയും സംയുക്ത

മായി ഏർപ്പെടുത്തിയ മികച്ച ഇടവകയ്ക്കുള്ള ഫാ. ജോബ് മൈലാടിയിൽ എക്സലൻസ് അവാർഡിന് 2016-ൽ ഒന്നാം സമ്മാനത്തിന് അർഹമായ ചുങ്കക്കുന്ന് ഫൊറോനാ ഇടവകയ്ക്ക് അഭിനന്ദനങ്ങൾ. താമരശ്ശേരി, കോഴിക്കോട്, ബത്തേരി, മാനന്തവാടി, തലശ്ശേരി, മണ്ഡ്യ രൂപതകളിൽ നിന്നുള്ള എല്ലാ ഇടവകകളിലും വച്ച് ഏറ്റവും മികച്ച രീതിയിൽ അജപാലന പ്രവർത്തനം നടത്തിയ ഇടവകയ്ക്കും വികാരിയ്ക്കും ഉള്ള അവാർഡായാണ് എക്സലൻസ് അവാർഡ് ഏർപ്പെടുത്തിയത്. നൂതനമായ അജപാലന പദ്ധതികൾ രൂപപ്പെടുത്തുകയും നടപ്പിലാക്കാൻ നേതൃത്വം നൽകുകയും ചെയ്ത ചുങ്കക്കുന്ന് വികാരി ബഹു. തോമസ് മണക്കുന്നേൽ അച്ചനും പ്രസ്തുത കാലയളവിൽ സഹവികാരിമാരായിരുന്ന ബഹു. സിബി മാടപ്പള്ളിക്കുന്നേൽ അച്ചനും, ബഹു. ആന്റണി പാലക്കാട്ട് അച്ചനും അവരോട് ചേർന്ന് സഹകരിച്ച ബഹു. സിസ്റ്റേഴ്സ്, കൈക്കാരന്മാർ, കമ്മറ്റിക്കാർ, മതാധ്യാപകർ, സംഘടനാ ഭാരവാഹികൾ തുടങ്ങി ഇടവകജനം മുഴുവനും അഭിനന്ദനങ്ങൾ.

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദികരുടെ മാസധ്യാനം

## ചുങ്കക്കുന്ന് ഫൊറോന

ചുങ്കക്കുന്ന് ഫൊറോനയിലെ വൈദികരുടെ 2017 ലെ ആദ്യമാസ ധ്യാനം വെള്ളൂന്നി പ്രൊവിഡൻസ് ചർച്ചിൽ 10–1–2017 ന് നടന്നു. ഇടവക വികാരി ബഹു. ജോണി കപ്യാരുമലയിൽ അച്ചന്റെ സ്വാഗതത്തോടു കൂടി തുടങ്ങിയ ധ്യാനത്തിൽ ബഹു. ഫാ. ജേക്കബ് ധ്യാനചിന്തകൾ പങ്കുവച്ചു. എപ്പോഴും സന്തോഷമുള്ളവരായിരിക്കുവാനും ചിരിക്കുന്ന മുഖമുള്ളവരായിത്തീരുവാനും അതുവഴി നമ്മുടെ കൂട്ടായ്മകൾ വളർത്തുവാനും, അജപാലന ശുശ്രൂഷയിൽ തീക്ഷണതയുള്ളവയായി ത്തീരണമെന്നും അച്ചൻ ഓർമ്മിപ്പിച്ചു. വിവിധ സംഘടനകളുടെയും ഇടവകകളുടെയും പ്രവർത്തനങ്ങളെ വിലയിരുത്തി. ഫൊറോനാതല ത്തിൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഭിന്നശേഷി ക്കാർക്കുള്ള സംഗമവും, കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ നട ത്തിയ 'ക്രിസ്തോ സാന്തോ' – ക്രിസ്തുമസ് പപ്പാമാരുടെ സംഗമവും നടത്തുന്നതിൽ സഹകരിച്ച എല്ലാ വൈദികർക്കും നന്ദി പറഞ്ഞു. മല ബാറിലെ ആറ് രൂപതകളിലെ ഏറ്റവും മികച്ച ഇടവകയായി തിരഞ്ഞെ ടുക്കപ്പെട്ട ചുങ്കക്കുന്ന് ഇടവകയെ നയിക്കുന്ന ബഹു. തോമസ് മണ ക്കുന്നേലച്ചനെ അനുമോദിച്ചു. ഈ ഫൊറോനയിൽ നിന്നും സ്ഥലം മാറി പോകുന്ന ബഹു. ഫാ. അനീഷ് ആലുങ്കൽ, ഫാ. നിധിൻ പാല ക്കാട്ട് അച്ചന്മാർക്ക് ഫൊറോനയുടെപേരിൽ നന്ദി പറയുകയും ചെയ്തു. ബഹു. റോബിൻ വടക്കുംചേരി അച്ചൻ എല്ലാവർക്കും നന്ദി പറയുകയും അടുത്ത മാസധ്യാനം കൊട്ടിയൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ വച്ച് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

**സെക്രട്ടറി**

## നടയവയൽ ഫൊറോന

2017 ജനുവരി മാസം നടവയൽ ഫൊറോനയിലെ വൈദികരുടെ മാസധ്യാനം വാളവയൽ സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ വച്ച് നടത്തി. മാസധ്യാനത്തിൽ പത്തൊമ്പതു വൈദികർ പങ്കെടുത്തു. ബഹു. ഇടവകവികാരി ജോസ് കുളിരാനിയച്ചൻ ഏവർക്കും സ്വാഗതം നേർന്നു. പറളിക്കുന്ന് വികാരി ബഹു. ശാന്തിദാസ് മുതുകാട്ടിലച്ചൻ ധ്യാനചിന്തകൾ പങ്കുവെച്ചു. ലളിതമായി നടന്ന നടവയൽ ഫൊറോന ദേവാലയത്തിരുനാളിനെക്കുറിച്ചുള്ള ചർച്ചകളും വിലയിരുത്തലുകളും

നടത്തി. ഫൊറോനതലത്തിൽ ഡി.എഫ്.സി. ശാക്തീകരണത്തിന്റെ ഭാഗമായി രൂപതാടീം അംഗം ശ്രീ. സജി പൂവാറ്റിൻചിറയിലും ഫൊറോനാ പ്രസിഡണ്ട് ശ്രീ. പീറ്റർ ഞരളക്കാട്ടും വികാരിയച്ചന്മാരോട് ഡി.എഫ്.സി യൂണിറ്റ് പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. ഒരു ഫൊറോനസംഗമത്തെക്കുറിച്ചും തിരുമാനമായി. മറ്റു സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് ധ്യാനത്തിൽ ചർച്ച ചെയ്തു. മിഷൻ ലീഗിന്റെ ഓഹരികൾ തരാനുള്ളവർ ഉടൻ തന്നുതീർക്കണമെന്നോർപ്പിച്ചു. പുൽക്കൂടു നിർമ്മാണ മത്സരത്തിൽ ഒന്നാം സ്ഥാനം പനമരവും, രണ്ടാം സ്ഥാനം വാളവയലും, മൂന്നാം സ്ഥാനം ചെറുകാട്ടൂർ ഇടവകയും സ്വന്തമാക്കിയതായി അറിയിച്ചു. ഫെബ്രുവരി 5-ാം തീയതി നടക്കുന്ന തിരുബാല സഖ്യത്തിന്റെ മേഖലാ മത്സരത്തെക്കുറിച്ച് അറിയിച്ചു. മിഷൻലീഗിന്റെ ബെസ്റ്റ് ശാഖാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി എല്ലാ ശാഖകളും റിപ്പോർട്ടുകൾ ഉടൻ സമർപ്പിക്കണമെന്നറിയിച്ചു. മതബോധനവിഭാഗം വരാനിരിക്കുന്ന പ്ലസ് വൺ, പ്ലസ് ടു പരീക്ഷകളെ ഓർമ്മിപ്പിച്ചു. മാതൃവേദിയുടെ അടുക്കളത്തോട്ട നിർമ്മാണ മത്സരറിസൽട്ട് അറിയിച്ചു. ഒന്നാം സ്ഥാനം കുറുമ്പാലക്കോട്ടയും രണ്ടാം സ്ഥാനം ചെറുകാട്ടൂരും നേടി. കെ.സി.വൈ.എം. മേഖലാസെനറ്റും പ്രവർത്തനമാർഗ്ഗരേഖാ പ്രകാശനവും ജനുവരി 22-ന് പനമരം ഇടവകയിലെന്നറിയിച്ചു. വിവിധ മത്സരങ്ങളിൽ വിജയികളായ ഇടവകകളെ വൈദിക കൂട്ടായ്മ അഭിനന്ദിച്ചു. സ്ഥലം മാറ്റത്തിന്റെ അറിയിപ്പുകൾ ലഭിച്ച കൊച്ചച്ചന്മാർ ബഹു. ഫാ. വർഗ്ഗീസ് ചിറ്ററയ്ക്കൽ, ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ എന്നിവർ കൃതഞ്ജത രേഖപ്പെടുത്തി. ഇടവകത്തിരുനാളുകൾക്ക് വികാരിയച്ചന്മാർ വാളവയൽ, ചെറുകാട്ടൂർ, കേണിച്ചിറ, ചുണ്ടക്കര, കുറുമ്പാലക്കോട്ട, അരിഞ്ചേർമല എന്നിവടങ്ങളിലേയ്ക്കു ക്ഷണിച്ചു. റിട്ടയർ ചെയ്ത പെൻഷനേഴ്സിന്റെ ഒരു ഫൊറോനതല സംഗമത്തെക്കുറിച്ച് ശ്രീ. ബാബു ചിറപ്പുറം അറിയിപ്പു നൽകി. നടവയൽ ഫൊറോനാപള്ളിയിൽ വച്ച് ജനുവരി 22 ന് ഞായറാഴ്ച 4.00 മണിക്കാണ് സംഗമം നടത്താൻ തീരുമാനിച്ചു. അടുത്ത മാസധ്യാനം പച്ചിലക്കാട് ജസ്യൂട്ട് ആശ്രമത്തിൽ വച്ച് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

**ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ**
സെക്രട്ടറി

**SMCC പ്രതിഭാ സംഗമം - അരുൺ ചേറാടിയിൽ സംസ്ഥാനപ്രതിഭ**

സീറോ മലബാർ കാറ്റകെറ്റിക്കൽ കമ്മീഷൻ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടത്തിയ XII -ാം ക്ലാസ്സ് കുട്ടികളുടെ പ്രതിഭാ സംഗമത്തിൽ രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അരുൺ ചേറാടിയിൽ (പാലാങ്കര), ആനന്ദ് മറ്റത്തിൽ (കൊട്ടിയൂർ), നിമിത മൂലനിരപ്പേൽ (മീനങ്ങാടി), അതുല്യ കെ. കുര്യൻ (കബനിഗിരി) എന്നിവർ പങ്കെടുത്തു. രൂപതാ പ്രതിഭകളായി തെരഞ്ഞെടുക്കപ്പെട്ട നാലുപേർക്കും അഭിനന്ദനങ്ങൾ. സംസ്ഥാനപ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട അരുൺ ചേറാടിക്ക് പ്രത്യേക അഭിനന്ദനങ്ങളും ആശംസകളും.

രൂപതാ പ്രതിഭകൾക്ക് വേണ്ട പരിശീലനം നൽകിയ ശ്രീ. ജോൺസൺ വടക്കേക്കര, സി. ആൻസി സി. എം. സി. എന്നിവരുടെ നേതൃത്വത്തിലുള്ള രൂപതാടീം അംഗങ്ങൾ, പ്രതിഭകളുടെ മാതാപിതാക്കൾ, അദ്ധ്യാപകർ, വികാരിയച്ചൻമാർ ഏവരേയും പ്രത്യേകം അനുമോദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു.

**HDC പരീക്ഷകൾ**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്ത്യൻ സ്റ്റഡീസ് നടത്തുന്ന HDC കോഴ്സിന്റെ എഴുത്തു പരീക്ഷ ഫെബ്രുവരി 4 ന് ശനിയാഴ്ച രാവിലെ 10 മണിമുതൽ 1.00 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. വാചാപരീക്ഷ ഫെബ്രുവരി 18, 19 തീയതികളിൽ ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നു.

**HCC (Plus One, Plus Two) പരീക്ഷകൾ**

Plus One, Plus Two പരീക്ഷകൾ നിശ്ചയിക്കപ്പെട്ട സെന്ററുകളിൽ ഫെബ്രുവരി 5-ാം തീയതി 10.00 മണി മുതൽ 12.00 മണിവരെ നടത്തപ്പെടുന്നതാണ്. മേഖലാ ഡയറക്ടറുടെ നേതൃത്വത്തിൽ മേഖലാ സെക്രട്ടറിയും മേഖലാ ടീം അംഗങ്ങളും പരീക്ഷാ സെന്ററിലെ വികാരിയച്ചനും, ഹെഡ്മാസ്റ്ററും ആവശ്യമായ ക്രമീകരണങ്ങൾ

ചെയ്യുമല്ലോ. പരീക്ഷകൾ സുഗമമായി നടത്തുവാൻ ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഇന്റേണൽ അസ്സസ്മെന്റ്**

XI, XII ക്ലാസ്സുകളിലെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ തയ്യാറാക്കി പരീക്ഷ നടക്കുന്ന ദിവസം തന്നെ മേഖലാ സെക്രട്ടറിയെ ഏൽപ്പിക്കണം.

**Say പരീക്ഷ**

XI, XII ക്ലാസുകളിൽ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് Say Exam എഴുതാനുള്ള അവസരം ഉണ്ടാകും. വാർഷിക പരീക്ഷ എഴുതുകയും പരാജയപ്പെടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും Say Exam എഴുതാനുള്ള യോഗ്യത ഉണ്ടാവുക. ആദ്യ പരീക്ഷ എഴുതാത്തവരെ Say Exam എഴുതാൻ അനുവദിക്കുന്നതല്ല. മാർച്ച് 18-ാം തീയതിയാണ് Say പരീക്ഷ നടത്തുക. സമയം: 10-12. നീലഗിരി, മണിമൂളി റീജിയണിൽ ഉള്ള വിദ്യാർത്ഥികൾക്ക് മണിമൂളി പാസ്റ്ററൽ സെന്ററിലും മറ്റുള്ളവർക്ക് ദ്വാരക യു.പി. സ്കൂളിൽ വച്ചുമായിരിക്കും പരീക്ഷ നടത്തപ്പെടുന്നത്. മാർച്ച് 11-ന് മുമ്പായി പരീക്ഷ എഴുതേണ്ട വിദ്യാർത്ഥികളുടെ അപേക്ഷ വികാരിയച്ചന്റെ ഒപ്പോടുകൂടി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപയായിരിക്കും. ഹെഡ്മാസ്റ്റേഴ്സ് ഈ കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ. മാർച്ച് 11 -ന് ശേഷം നൽകുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**ചോദ്യപേപ്പർ**

HCC പരീക്ഷയുടെ ചോദ്യപേപ്പർ, ആൻസർ ഷീറ്റ് എന്നിവ ഫെബ്രുവരി 3-ാം തീയതി ഫൊറോനാ സെക്രട്ടറിമാർ രൂപതാ ഓഫീസിൽ നിന്നും എടുക്കാൻ ശ്രദ്ധിക്കണം.

**ഫാ. റോയി വട്ടക്കാട്ട്**
രൂപതാ മതബോധന ഡയറക്ടർ

**തിരുബാല സഖ്യദിനാശംസകൾ...**

ഫെബ്രുവരി 12 ന് നാം തിരുബാലസഖ്യ ദിനമായി ആചരിക്കുകയാണല്ലോ? ഫ്രാൻസിലെ, നാൻസിയിലെ ബിഷപ്പായിരുന്ന ചാൾസ് ഡി ഫോർബിൻ-ജാൻസ, 1843-ലാണ് ഈ സംഘടനയ്ക്ക് രൂപം കൊടുത്തത്. ലോകത്തിലും സഭയിലും കുട്ടികളുടെ ആവശ്യകതയും അവരുടെ അസ്വസ്ഥതയും മനസ്സിലാക്കിയിട്ടാണ് ഇത്തരത്തിലുള്ള സംഘടനയെ വിഭാവനം ചെയ്ത് വളർത്തികൊണ്ട് വന്നത്. ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുവാൻ അതീവ തത്പരനായിരുന്നു ബിഷപ്പ് ചാൾസ്. മിഷൻ രൂപതകളിൽ കഴിയുന്ന കുട്ടികളുടെ ആവശ്യങ്ങൾ മനസ്സിലാക്കുവാനും അവർക്ക് വേണ്ടി പ്രാർത്ഥിക്കുവാനും തന്റെ രൂപതയിലെ കുട്ടികളെ അദ്ദേഹം ഉദ്ബോധിപ്പിക്കുമായിരുന്നു. ഈ അവസരത്തിൽ ബിഷപ്പിന് ചൈനയിൽ നിന്നും ഒരു കത്ത് ലഭിച്ചു. ചൈനയിൽ പട്ടിണി അനുഭവിക്കുന്നതായും മാതാപിതാക്കളുടെ സംരക്ഷണം ലഭിക്കാത്തതുമായ ഒത്തിരി പേരുണ്ടെന്നും അവർക്ക് വേണ്ടി എന്തെങ്കിലും ചെയ്യണം എന്നുള്ളതുമായിരുന്നു, കത്തിന്റെ ഉള്ളടക്കം. പിതാവിന്റെ സുഹൃത്തുമായി ഈ വിശേഷം പങ്കുവച്ചപ്പോൾ, 'കുട്ടികൾക്കേ കുട്ടികളുടെ ആവശ്യം അറിയൂ'എന്ന തത്വം മനസ്സിലാക്കി. കുട്ടികളെ പ്രബോധിപ്പിച്ചുകൊണ്ട്, കുട്ടികളിലൂടെ കുട്ടികളെ സഹായിക്കുവാനായി പിതാവ് തീരുമാനിച്ചു. അപ്രകാരം തന്റെ രൂപതയിലെ കുട്ടികളെയെല്ലാം വിളിച്ചുകൂട്ടി, 'Children Helping Children' എന്ന മുദ്രാവാക്യത്തോടുകൂടി ഈ സംഘടനയ്ക്ക് രൂപം കൊടുത്തു. ഇപ്പോൾ 120 രാജ്യങ്ങളിൽ ഈ സംഘടന പ്രവർത്തിക്കുന്നുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസം, വ്യകതിത്വ വികസനം, ആരോഗ്യപരിപാലനം, രോഗീപരിചരണം എന്നിങ്ങനെ വ്യത്യസ്ത പ്രവർത്തന മേഖലകളിലൂടെ സംഘടന വളരുന്നു. 'എല്ലാ ദിവസവും കുട്ടികൾക്ക് വേണ്ടി ഒരു നന്മനിറഞ്ഞ മറിയമേ ചൊല്ലുക, സാമ്പത്തീക വിഹിതമായി മാസത്തിൽ ഒരു കോയിൻ സംഭാവന ചെയ്യുക' -ഇതായിരുന്നു കുട്ടികൾക്കുള്ള നിർദ്ദേശം. ഉണ്ണിയേശുവിനോട് ചേർന്ന്

നിന്നുകൊണ്ട് ക്രൈസ്തവ വ്യക്തിത്വം വളർത്തികൊണ്ടുവരുവാൻ എല്ലാ കുഞ്ഞുങ്ങൾക്കും മാർഗ്ഗവും ശക്തിയും ആകാൻ നമുക്കെല്ലാവർക്കും പരിശ്രമിക്കാം.

നമ്മുടെ ഇടവകയിലും കാലോചിതമായ മാറ്റങ്ങൾ വരുത്തി സംഘടനയെ പരിപോഷിപ്പിക്കാം. കാലോചിതമായ മാറ്റങ്ങൾ വരുത്തുമ്പോൾ അടിസ്ഥാന തത്വങ്ങളും ലക്ഷ്യങ്ങളും മറക്കാതിരിക്കാം. കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കാനും അവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റികൊടുക്കാനും അവരെ പ്രാപ്തരാക്കുകയും അവരെ സഹായിക്കുകയും ചെയ്യാം.

സ്നേഹപൂർവ്വം,

**ജോജോച്ചൻ**

**ദൈവവിളി പ്രോത്സാഹന സെമിനാർ**

28-12-2016, ബുധനാഴ്ച, രാവിലെ 9.30 മുതൽ 1 മണിവരെ Vocation Congress മീറ്റിംഗ് നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നായി 65 പേർ പങ്കെടുത്തു. ബഹു. ലാൽ പൈനുങ്കൽ അച്ചൻ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. നമ്മുടെ ഇടവകയിലെ 7,8,9 ക്ലാസ്സുകളിൽ പഠിക്കുന്ന സമർപ്പിത വൈദീക ജീവിതാന്തസ്സിനോട് ആഭിമുഖ്യമുള്ള കുട്ടികളുടെ കൂട്ടായ്മയാണിത്.

**മൗനപ്രാർത്ഥനാ യാത്ര**

ബഹു. ടോം ഉഴുന്നാലിൽ അച്ചന്റെ മോചനത്തിനായി മിഷൻ ലീഗ് രൂപത നേതൃത്വത്തിൽ മൗനപ്രാർത്ഥനാ യാത്ര നടത്തി.

**തുടർപരിശീലന പരിപാടി**

കൂട്ട്-2016, തുടർപരിശീലന പരിപാടിയുടെ രണ്ടാംഘട്ട സമ്മേളനം 28-12-2016 ന് രാവിലെ 9.30 മുതൽ 12.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

'പുസ്തക കൂട്ട്'-എന്ന പേരിൽ വായാനാശീലം വളർത്തുന്നതിനായി പുസ്തകശേഖരണവും വിതരണവും നടത്തി.

**താലന്ത്-സംസ്ഥാന മത്സരാർത്ഥി സംഗമം**

2016-17 വർഷത്തെ മിഷൻ ലീഗ് സംസ്ഥാന മത്സരാർത്ഥികളുടെ സംഗമം, 28-12-2016 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേർന്നു. പ്രതിഭകൾ അവരുടെ വ്യത്യസ്തമായ കഴിവുകൾ മറ്റുള്ളവർക്കായി പ്രകടിപ്പിച്ചു. ബഹു.ബെന്നി മുതിരക്കാലായിലച്ചൻ പ്രതിഭകൾക്ക് ആശംസകൾ നേർന്ന് സമ്മാനം നൽകി.

**ക്രിസ്തുമസ് സംഗമം**

മിഷൻലീഗ് അംഗങ്ങളുടെ ക്രിസ്തുമസ് സംഗമവും ക്രിസ്തുമസ് ഗിഫ്റ്റ് കൈമാറ്റവും ഡിസംബർ 28 ന് നടന്നു.

**മിഷൻഗ്രാമ സന്ദർശനം**

മിഷൻലീഗ് രൂപതാ എക്സിക്യുട്ടീവ് അംഗങ്ങളും ടീം അംഗങ്ങളും ചേർന്ന് മണ്ഡ്യ രൂപതയിലെ മിഷൻ പ്രദേശമായ ഹന്നമ്മനകട്ടെ എന്ന ഗ്രാമം സന്ദർശിച്ച് അവർക്ക് ആവശ്യമായ വസ്ത്രവും നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്തു.

**സീറോമലബാർ മിഷൻ ഞായർ**

ജനുവരി 6 മുതൽ 12 വരെ സീറോമലബാർ മിഷൻ വാരമായി ആചരിക്കുകയും, 8-ാം തീയതി സിറോമലബാർ മിഷൻ ഞായറായി കൽപ്ര ശാഖയിൽ വച്ച് ആചരിക്കുകയും ചെയ്തു.

**കരുണയുടെ തീരം - പയ്യംമ്പള്ളി**

ചെറുപുഷ്പമിഷൻലീഗ് പയ്യംമ്പള്ളി മേഖലയുടെ നേതൃത്വത്തിൽ ഡിസം. 12 ന് നടവയൽ ഓശാനാം ഭവനിൽ കരുണയുടെ തീരം നടത്തി. പയ്യംമ്പള്ളി മേഖല ഭാരവാഹികൾ നേതൃത്വം കൊടുത്തു. രൂപതാ ഭാരവാഹികളായ ശ്രീ. ഷാജി ചന്ദനപറമ്പിൽ ശ്രീ.ബിനീഷ് തുമ്പിയാംകുഴിയിൽ, ശ്രീ. ജോയ്സ് പുൽപറമ്പിൽ എന്നിവർ പങ്കെടുത്തു.

**സീറോമലബാർ മിഷൻ പ്രേഷിതവാരാചരണം-എറണാകുളം**

ഡിസംബർ 16 ന് എറണാകുളത്ത് വച്ച് നടന്ന സീറോമലബാർ മിഷൻ പ്രേഷിതവാരാചരണത്തിൽ രൂപതാ ഡയറക്ടർ ഫാ.ജോജോ ചങ്ങനാംതുണ്ടത്തിൽ പങ്കെടുത്തു.

**മിഷൻ പച്ചക്കറിത്തോട്ടം - ദീപ്തിഗിരി**

ദീപ്തിഗിരി ശാഖയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ മിഷൻ പച്ചക്കറിത്തോട്ടത്തിൽ നിന്നുള്ള പച്ചക്കറിയുടെ വിളവുശേഖരണോത്ഘാടനം രൂപതാ ഡയറക്ടർ ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ നിർവ്വഹിച്ചു. ദീപ്തിഗിരി ശാഖാ ഡയറക്ടർ ഫാ. ജോസ് കപ്യാരുമലയിൽ, ശാഖാഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**ഏയ്ഞ്ചൽ മീറ്റ് അർദ്ധദിന സെമിനാർ**

കൽപ്പറ്റ മേഖലയുടെ നേതൃത്വത്തിൽ ഏയ്ഞ്ചൽ മീറ്റ് സംഘടിപ്പിച്ചു. രൂപതാ പ്രസിഡണ്ട് ഷാജി സാർ സെമിനാറിന് നേതൃത്വം നൽകി. ചുങ്കക്കുന്ന് മേഖലയിൽ, കേളകം ശാഖയിൽ വച്ച് രൂപതാ നേതൃത്വത്തിൽ അൾത്താര ബാലസംഗമം നടത്തി. ടീം അംഗം, സോയി കൈതാരത്ത് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**ആദരാഞ്ജലികൾ**

മിഷൻ ലീഗിന്റെ ആദ്യകാല സജീവ പ്രവർത്തകനായിരുന്ന, കത്തീഡ്രൽ ഇടവകാംഗം, പരേതനായ വി.എസ്. വർഗീസ് മാസ്റ്ററുടെ മാതാവിന്റെ നിര്യാണത്തിൽ രൂപതാ ടീം അനുശോചനം അറിയി

ക്കുകയും മൃതസംസ്ക്കാര ശുശ്രൂഷകളിൽ സംബന്ധിക്കുകയും ചെയ്തു.

**FAMILIA 2017**

2017 മാർച്ച് , ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തപ്പെടേണ്ട ശാഖാ, മേഖലാ ക്യാമ്പുകളുടെ തീയതികൾ രൂപതാ ഓഫീസിൽ അറിയിക്കുവാനായിട്ട് ശ്രദ്ധിക്കുക.

**കുഞ്ഞുമിഷനറിയുടെ ഡയറി**

ശാഖകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട, കുഞ്ഞുമിഷനറിയുടെ ഡയറി ഫെബ്രുവരി 28 ന് മുമ്പ് രൂപതാ ഒഫീസിൽ എത്തികേണ്ടതാണ്.

**ബൈബിൾ ശേഖരണം**

ബൈബിൾ അപ്പസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ, മിഷൻലീഗിന്റെ സഹകരണത്തോടെ ഇടവകയിലെ ഭവനങ്ങളിലുള്ള പഴകിയതും കേടുപാടുകൾ ഉള്ളതുമായ ബൈബിളുകൾ ശേഖരിക്കുന്നുണ്ട്. അവ ശേഖരിച്ച് ഏപ്രിൽ 15 ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. (ഫിയാത്ത് മിഷനെ ഏൽപ്പിക്കുവാൻ) ബൈബിൾ സർവ്വേ നടത്തുവാനും ശ്രദ്ധിക്കുമല്ലോ.

**വചനതാരം-2017**

വി.മത്തായിയുടെ സുവിശേഷത്തെ ആസ്പദമാക്കി 2017, ഏപ്രിൽ മാസത്തിൽ നടത്തപ്പെടുന്ന വചനതാരം ക്വിസ്സ് പ്രോഗ്രാമിനുള്ള രജിസ്ട്രേഷൻ സമാപിച്ചു. നവംബർ മാസം മുതലുള്ള മാസാവസാന ഞായറാഴ്ചകളിൽ വചനതാരത്തിന് രജിസ്റ്റർ ചെയ്തവർക്കുള്ള ടെലി ക്വിസ്സ് ഫോൺ ഇൻ പരിപാടി നടക്കുന്നതാണ്. ഫോൺ നമ്പർ-04935 241017.

**വിഹിതങ്ങൾ**

2016-17 വർഷത്തെ വാർഷിക വിഹിതങ്ങൾ തരാനുള്ളവർ ഫെബ്രുവരി 28 ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കണം. (കാണിക്ക, പലതുള്ളി, മിഷൻകലണ്ടർ, നക്ഷത്രം, സംസ്ഥാനവിഹിതം, മിഷൻ പിരിവിന്റെ വിഹിതം)

**തിരുബാലസഖ്യ മത്സരം**

മിക്ക മേഖലകളിലും തിരുബാലസഖ്യ മത്സരം നടത്തപ്പെട്ടതായി അറിഞ്ഞു. വേദപാഠത്തിന്റെയും മിഷൻലീഗിന്റെയും സഹകരണത്തോടെ രൂപതാ തലത്തിൽ തിരുബാലസഖ്യ ദിനമായി ആചരിക്കുകയും മത്സരങ്ങൾ നടത്തുകയും ചെയ്യുന്നു. 1, 2 ക്ലാസ്സുകൾക്കും 3, 4 ക്ലാസ്സുകൾക്കും പ്രത്യേകമായിട്ടായിരിക്കും മത്സരം. മേഖലയിൽ നിന്നും ഒന്നാം സ്ഥാനം കരസ്ഥമാക്കിയവർക്ക് മാത്രമേ രൂപതാതല മത്സരത്തിൽ പങ്കെടുക്കാൻ അവസരമുണ്ടാകുകയുള്ളൂ.

**മത്സര ഇനങ്ങൾ: 1, 2 ക്ലാസ്സുകൾ**
**ബൈബിൾ കഥ** (5 മിനുട്ട്), സംഗീതം, പ്രസംഗം (3, മിനുട്ട്)
വിഷയം-**പ്രാർത്ഥനയും കുഞ്ഞുങ്ങളും**
**ജലഛായം** (A4 drawing sheet)
**മത്സര ഇനങ്ങൾ: 3, 4 ക്ലാസ്സുകൾ**
**ബൈബിൾ കഥ** (5 മിനുട്ട്) സംഗീതം, പ്രസംഗം (3 മിനുട്ട്)
**ബൈബിൾ വായന**
**ജലഛായം** (A4 drawing sheet)
**പൊതുവായത്**
**ആക്ഷൻ സോങ്ങ് –** 7 മിനുട്ട്, 7 പേർ
**ശാഖ ജോ.ഡയറക്ടേഴ്സിന്റെ ശ്രദ്ധക്ക്** (ഓഫീസിൽ ഏൽപ്പിക്കേണ്ടവ..)

- പ്രതിമാസ റിപ്പോർട്ടും (റിപ്പോർട്ട് ഫോം), ബുള്ളറ്റിൻ വാർത്തകളും എല്ലാമാസവും 10-ാം തീയതിക്ക് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കണം.
- കുഞ്ഞുമിഷനറിയുടെ ഡയറി. (മാർഗ രേഖ, പേജ് 32)
- മിഷൻ പിരിവിന്റെ 25% തുക രൂപതാ വിഹിതമായി തരേണ്ടതാണ്.
- സംസ്ഥാന വിഹിതമായി ഓരോ ശാഖയും 100 രൂപ തരണം.
- മിഷൻ കലണ്ടറിന്റെ തുക, ഒന്നിന് 5 രൂപ വീതം ഓഫീസിൽ ഏൽപിക്കുക.
- ശാഖകളിൽ നിന്ന് കാണിക്ക, പലതുള്ളി തുകകൾ തരാത്തവർ ഉടനെ ഏൽപിക്കുക.
- നക്ഷത്രത്തിന്റെ തുക തരാത്തവർ ഉടനെ ഏൽപ്പിക്കുമല്ലോ.

**ശാഖാ വാർത്തകൾ**
*വെള്ളൂന്നി:-* ക്രിസ്തുമസ് ട്രീ ഒരുക്കി, അർദ്ധദിന സെമിനാർ നടത്തി.
*കൊട്ടിയൂർ:-* ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരം നടത്തി, സുകൃത മഞ്ചരി-ഉണ്ണിക്ക് സമ്മാനം നൽകി, 25 ദിവസവും പള്ളിയിൽ വന്നവർക്ക് സമ്മാനം നൽകി, പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ വിലയിരുത്തി സമ്മാനം നൽകുന്നു. ക്രിസ്തുമസ് ട്രീ ഒരുക്കി, ഗാന പരിശീലനം, പ്രാർത്ഥനാ പരിശീലനം എന്നിവ നൽകുന്നു.
*തൃശ്ശിലേരി:-* വാർഡടിസ്ഥാനത്തിൽ ക്രിസ്തുമസ് ആഘോഷം നടത്തി, ക്രിസതുമസ് ട്രീ നിർമ്മിച്ചു, പുൽക്കൂട് നിർമ്മിച്ചു, സമരിറ്റൻ ഭവൻ സന്ദർശിച്ചു.രോഗികളെ സന്ദർശിച്ച്- സഹായം നൽകി. 25 ദിവസവും പള്ളിയിൽ വന്നവർക്ക് സമ്മാനം നൽകി.

*പയ്യമ്പള്ളി:-* കോളനിയിലെ 35 വീടുകൾ സന്ദർശിക്കുകയും ക്രിസ്തുമസ് സന്ദേശം പകരുകയും ചെയ്തു, പുൽക്കൂട്, നക്ഷത്ര നിർമ്മാണം നടത്തി, മിഷൻമാസത്തിലും, ഡിസംബർ മാസത്തിലും പള്ളിയിൽ വന്നവർക്ക് സമ്മാനം നൽകി, വചനമത്സരം, കരോൾഗാന മത്സരം, തിരുബാലസഖ്യ മത്സരം എന്നിവ നടത്തി, അൾത്താര സംഘം, ഗായക സംഘം എന്നീ പരിശീലനം നടത്തി, ധ്യാനം നടത്തി.
*കാട്ടിക്കുളം:-* ക്രിസ്തുമസ്സിന് ഒരുക്കമായി ആരാധനയും ജപമാലയും നടത്തി, ക്രിസ്തുമസ് ട്രീ ഒരുക്കി.
*കണിയാരം:-* സംസ്ഥാന മത്സരത്തിന് ആതിഥ്യം വഹിച്ചു, സ്റ്റാൾ നടത്തി, മതാദ്ധ്യപകരെ ആദരിച്ചു, സെമിത്തേരി സന്ദർശനം നടത്തി, ദണ്ഡവിമോചന റാലി നടത്തി, വൃദ്ധമാതാപിതാക്കളെ സന്ദർശിച്ചു.
*പുതിയിടം:-* പുൽക്കൂട് നിർമ്മാണം, വാർഡുകളിൽ ക്രിസ്തുമസ് ആഘോഷം, കലാപരിപാടികൾ എന്നിവ നടത്തി.
*പോരൂർ:-* കോളനികളിൽ ക്രിസ്തുമസ് ആഘോഷം നടത്തി, വൃദ്ധമാതാപിതാക്കളെ പള്ളിയിൽ കൊണ്ടുവന്ന് ക്രിസ്തുമസ്സിന് ഒരുക്കി, ക്രിസ്തുമസ് കിറ്റ് വിതരണം ചെയ്തു, 25 ദിവസവും പള്ളിയിൽ വന്നവർക്ക് സമ്മാനം നൽകി,
*മുതിരേരി:-*വാർഡുകളിൽ ക്വിസ്സ് മത്സരം നടത്തി, ക്രിസ്തുമസ് ഫ്രണ്ടിന് നൽകുന്ന തുകകൾ ശേഖരിച്ച് -രോഗീ സഹായം നൽകി, പുൽക്കൂട് മത്സരം നടത്തി, ക്രിസ്തുമതത്തിലേക്ക് വന്ന പുതിയ കുടുംബത്തോട് ചേർന്ന് ക്രിസ്തുമസ് ആഘോഷിച്ചു. വർഷാവസാന പ്രാർത്ഥന നടത്തി.
*കല്ലോടി:-* ബൈബിൾ റാലി നടത്തി, 15000 രൂപ കാരുണ്യ നിധിയിലേക്ക് സംഭാവന നൽകി, ക്രിസ്തുമസ് സമ്മാനം-പുതിയ ഡ്രസ്സ് വാങ്ങി നൽകി.
*കൊമ്മയാട്:-* അർദ്ധദിന സെമിനാർ നടത്തി, അൾത്താരബാല സംഗമം നടത്തി, കരോൾഗാന മത്സരം നടത്തി, പുൽക്കൂട് നിർമ്മിച്ചു.
*വഞ്ഞോട്:-* എല്ലാ ദിവസവും പള്ളിയിൽ വന്ന കുട്ടികൾക്ക് സമ്മാനം നൽകി, ക്രിസ്തുമസ് ട്രീ, പുൽക്കൂട് നിർമ്മാണം എന്നിവയിൽ പങ്കെടുത്തു. രോഗീ സഹായം നൽകി, വിദ്യാഭ്യാസ സഹായം നൽകി, ക്രിസ്തുമസ്സിന് രണ്ട് കുടുംബത്തെ സഹായിച്ചു.
*കരിമ്പിൽ:-* ബൈബിൾ ഞായർ ആഘോഷിച്ചു, ബൈബിൾ പ്രതിഷ്ഠ നടത്തി, അനുരഞ്ജനദിനം നടത്തി.
*പുതുശ്ശേരി:-*ഏകദിന സെമിനാർ നടത്തി, പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ സഹായിച്ചു. ശാഖാമാഗസിൻ പ്രകാശനം ചെയ്തു,

നക്ഷത്ര നിർമ്മാണം നടത്തി, മിഷൻ ഗ്രാമത്തിനായി ആരാധന നടത്തി,

*പുതിയിടംകുന്ന്:-* അമലോത്ഭവ തിരുനാൾ ആഘോഷിച്ചു, എല്ലാ ദിവസവും പള്ളിയിൽ വന്നവർക്ക് സമ്മാനം നൽകി, കരോൾഗാന മത്സരത്തിൽ പങ്കെടുത്തു, വൊക്കേഷൻ കോൺഗ്രസ്സിൽ പങ്കെടുത്തു. ക്രിസ്തുമസ് ട്രീ നിർമ്മിച്ചു.

*കാവുമന്ദം:-* ബൈബിൾ ക്വിസ്സ് മത്സരം നടത്തി, കരോൾഗാന മത്സരം നടത്തി, കിടപ്പുരോഗികളെ സന്ദർശിച്ച് സഹായം നൽകി, ക്രിസ്തുമസ് ട്രീ തയ്യാറാക്കി.

*പന്തിപൊയിൽ:-* മധുര പലഹാരങ്ങൾ ഉപേക്ഷിച്ച് കാരുണ്യ പ്രവർത്തികൾ ചെയ്തു, ഇടവക തിരുനാളിന്റെ ക്രമീകരണങ്ങളിൽ പങ്കെടുത്തു. ക്രിസ്തുമസ് വചന ട്രീ നിർമ്മിച്ചു.

*മംഗളം:-* പുതിയ നിയമം പകർത്തിയെഴുതി, എല്ലാ ദിവസവും വി.ബലിയിൽ പങ്കെടുത്തു. ബൈബിൾ പാരായണമാസം ആചരിച്ചു.

*മഞ്ഞൂറ:-* സുകൃത പുൽക്കൂട് ഒരുക്കി, ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരം നടത്തി, ക്രിസ്തുമസ് ട്രീ, കരോൾഗാന മത്സരം എന്നിവ നടത്തി.

*പുതുശ്ശേരിക്കടവ്:-* സുകൃത പുൽക്കൂട് നിർമ്മിച്ചു.

*ചാരിറ്റി:-* വൈത്തിരി ജയിൽ സന്ദർശിച്ച് ക്രിസ്തുമസ് സന്ദേശം നൽകി, എയ്ഡ്സ് രോഗികൾക്ക് ക്രിസ്തുമസ് കിറ്റ് നൽകി, കരുണയുടെ ഭവനത്തിന്റെ നിർമ്മാണത്തിൽ പങ്കെടുത്തു. കോളനിയിലെ 30 കുടുംബങ്ങളെ ദത്തെടുത്തു.

*വൈത്തിരി :-* എല്ലാ ദിവസവും പള്ളിയിൽ വന്നവർക്ക് സമ്മാനം നൽകി. വർഷാവസാന പ്രാർത്ഥനയിൽ പങ്കെടുത്തു.

*ഒലുവുമല:-* 25 നോമ്പാചരണം നടത്തി, ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരം നടത്തി, എയ്ഞ്ചൽ മീറ്റ് നടത്തി, പുൽക്കൂട് നിർമ്മിച്ചു.

*വാഴവറ്റ:-* കിടപ്പുരോഗികളായ മാതാപിതാക്കളുടെ ഭവനത്തിൽ ക്രിസ്തുമസ് കേക്ക് മുറിച്ചു. ക്യാൻസർ രോഗത്തെക്കുറിച്ച് സെമിനാർ നടത്തി, ടോം ഉഴുന്നാലിലച്ചനുവേണ്ടി പ്രാർത്ഥിച്ചു.

*ബത്തേരി:-* കയ്യെഴുത്തുമാസിക, കരോൾഗാനമത്സരം, നക്ഷത്ര നിർമ്മാണ മത്സരം നടത്തി.

*അരിഞ്ചേർമല:-* സുകൃതബോർഡ് സ്ഥാപിച്ചു. മരണവീടുകൾ സന്ദർശിച്ചു. ബൈബിൾ വായനാ ദിനം ആചരിച്ചു. ബൈബിൾ മുഴുവനും വായിച്ചു.

*കുറുമ്പാലക്കോട്ട:-* വസ്ത്ര ശേഖരണം നടത്തി, കയ്യൂന്നിയിൽ വച്ച് നടന്ന മെഗാ ക്വിസ്സ് ഈവന്റിൽ പങ്കെടുത്തു. രോഗീ സഹായം നൽകി.

*ചുണ്ടക്കര:-* നിർദ്ധന കുടുംബത്തിൽ ക്രിസ്തുമസ് ആഘോഷം നടത്തി.
*വിളമ്പുകണ്ടം:-* വ്യക്തിത്വ വികസനത്തെക്കുറിച്ച് ഏകദിന സെമിനാർ നടത്തി, കരോൾ ഗാനം, കൊളാഷ് മത്സരം നടത്തി, ക്രിസ്തുമസ് കിറ്റ് നൽകി.
*ആടികൊല്ലി:-* ബൈബിൾ പ്രതിഷ്ഠ നടത്തി, ബൈബിൾ ഞായർ ആചരിച്ചു, കരോൾഗാന പരിശീലനം നൽകി, എല്ലാ ദിവസവും പള്ളിയിൽ വന്ന കുട്ടികൾക്ക് സമ്മാനം നൽകി.
*ഇരുളം:-* വചനവൃക്ഷം നിർമ്മിച്ചു, പാവപ്പെട്ട ഭവനത്തിൽ ക്രിസ്തുമസ് ആഘോഷിച്ചു. ബൈബിൾ വായനാദിനം ആചരിച്ചു. രോഗീ സന്ദർശനം നടത്തി, ഏകദിന സെമിനാർ നടത്തി.
*പുൽപ്പള്ളി:-* ജയമാതാ ആശ്രമത്തിൽ പൊതിച്ചോറ് നൽകി, സീനിയർ അംഗങ്ങൾ പുൽക്കൂട് നിർമ്മിച്ചു. മേഖലാതല അൾത്താര സംഗമം നടത്തി, ലോഗോസ് ക്വിസ്സ് വിജയികൾക്ക് സമ്മാനം നൽകി, എല്ലാ ദിവസവും പള്ളിയിൽ വന്ന കുട്ടികൾക്ക് സമ്മാനം നൽകി.
*സീതാമൗണ്ട്:-* ക്രിസ്തുമസ് മാസത്തിലെ ത്യാഗത്തിന്റെ തുക വൃദ്ധസദനത്തിന് നൽകി, ക്രിസ്തുമസ് ഫ്രണ്ടിന്റെ സമ്മാനതുക -അഗതി മന്ദിരത്തിന് നൽകി.
*പനംചിറ:-* യൽദ ഫെസ്റ്റ് - പത്രം പ്രകാശനം ചെയ്തു, പുൽക്കൂട് മത്സരം നടത്തി, പാവപ്പെട്ടകുട്ടിക്ക് ക്രിസ്തുമസ് സമ്മാനം നൽകി, എല്ലാ ദിവസവും പള്ളിയിൽ വന്നവർക്ക് സമ്മാനം നൽകി, ക്രിസ്തുമസ് ബേബിയെ തെരഞ്ഞെടുത്തു.
*ഇടിവണ്ണ:-* ആശംസാ കാർഡ് നിർമ്മാണം നടത്തി, അഭിവന്ദ്യ പിതാവിന് ആശംസ അയച്ചു, രോഗീ സന്ദർശനം നടത്തി.
*പൂളപ്പാടം:-* ക്രിസ്തുമസ് ട്രീ, ക്രിസ്തുമസ് കാർഡ് നിർമ്മാണം, സൺഡേ സ്റ്റാർ, ജപമാല സൈന്യം, അൾത്താരബാല സംഘം, രോഗീ സന്ദർശനം, പ്രത്യേക കുമ്പസാരം, സഭാ വാർത്ത എന്നിവ ചെയ്യുന്നു.

ഹൃദയത്തിലും മനസ്സിലും മിഷൻ ചൈതന്യം നിറച്ച് കർമ്മനിരതരായി ഊർജസ്വലരായി ചെമ്മഞ്ഞ കൊടിയുടെ കീഴിൽ അണിനിരന്ന് ജപമാല രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് പ്രേഷിത തീക്ഷ്ണതയിൽ വളരുന്ന പ്രിയപ്പെട്ട മിഷൻലീഗിന്റെ പ്രവർത്തകർക്ക് മിഷൻ അഭിവാദ്യങ്ങളോടെ

**ബിനീഷ് തുമ്പിയാംകുഴിയിൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# Department of Youth Ministry

**J Professionals**

മാനന്തവാടി രൂപതയിലെ ഉദ്യോഗസ്ഥരെയും ഉദ്യോഗാർത്ഥി കളെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന J Professionals ന്റെ അധ്യാ പക കൂട്ടായ്മ 2017 ജനുവരി 1 ന് ഞായറാഴ്ച രാവിലെ 9 മണി മുതൽ 4 മണി വരെ ദ്വാരക യൂത്ത് മിനിസ്ട്രി ഹാളിൽ വെച്ച് നടന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന – യുവജന കൂട്ടായ്മ**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഫാ.ടോം ഉഴുന്നാലിന്റെ മോചനം നിയോഗം വെച്ചു കൊണ്ട് അസ്സീസി ഇടവകയിൽ യുവജനങ്ങൾ മീനങ്ങാടി ഉപവാസ പ്രാർത്ഥന നടത്തി. 2017 ജനുവരി 14 ന് ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ചു. ഫാ. ആന്റണി ആരോദ ആരാധന നയിച്ചു. സി.നോയൽ മരിയ SABS, കു മാരി ലിൻഷ എന്നിവർ പ്രാർത്ഥനക്ക് നേതൃത്വം നല്കി. ഇരുപതോളം യുവജനങ്ങൾ പങ്കെടുത്തു. എല്ലാ സൗകര്യങ്ങളും ഒരുക്കി തന്ന വികാ രി ബേബി അച്ചനും മറ്റ് ഇടവകാംഗങ്ങൾക്കും ഹൃദയംഗമമായ നന്ദി.

**LIFE Training 2017 - Admission Camp**

നടവയൽ, മാനന്തവാടി, കൊട്ടിയൂർ, കൽപ്പറ്റ, പുൽപ്പള്ളി, നില മ്പൂർ എന്നീ കേന്ദ്രങ്ങളിലായി പുതിയ ബാച്ചിന്റെ ഇടവകതല എൻട്ര ൻസ് ടെസ്റ്റ് 2016 ഡിസം.18 ഞായറാഴ്ച നടന്നു. 265 കുട്ടികൾ പങ്കെ ടുത്തു. എൻട്രൻസിന്റെ രണ്ടാമത്തെ സെഷൻ റസിഡൻഷ്യൽ ക്യാംപ് ഡിസംബർ 29, 30, 31 തീയതികളിലായി ചെറുകാട്ടൂർ സെന്റ് ജോസഫ് സ്കൂളിൽ വെച്ച് നടന്നു. തെരഞ്ഞെടുക്കപ്പെട്ട 111 വിദ്യാർത്ഥികൾ പങ്കെ ടുത്തു. വികാരി ജോർജ് തേരകത്തിലച്ചൻ ക്യാംപ് ഉദ്ഘാടനം ചെയ്തു. മാസ്റ്റർ ജോയൽ പി.ജോൺ സ്വാഗതം അർപ്പിച്ചു. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണം നടത്തി. സി.ആൻസി CMC നന്ദി പറ ഞ്ഞു

LIFE Training ന്റെ മൂന്നാംഘട്ട എൻട്രൻസ് ഡിസംബർ 2 ന് തിങ്ക ളാഴ്ച ചെറുകാട്ടൂർ സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ വെച്ച് നടന്നു. മാതാപിതാക്കൾക്കുള്ള ക്ലാസുകൾ ശ്രീമതി ഗ്രേസി ചിറ്റിനപ്പള്ളി നയിച്ചു. ഫാ.ജോബി മുക്കാട്ടുകാവുങ്കൽ കുട്ടികൾക്കുള്ള പരീക്ഷകൾക്ക് നേതൃത്വം നല്കി. 91 കുട്ടികളും 141 മാതാപിതാക്കളും പങ്കെടുത്തു.

കുട്ടികൾക്കും മാതാപിതാക്കൾക്കുമായി ജനുവരി 7 ന് ശനിയാഴ്ച 9 മണി മുതൽ 4 മണി വരെ ദ്വാരക യൂത്ത് മിനിസ്ട്രി ഓഫീസിൽ വെച്ച് ഫാ. ലാൽ പൈനുങ്കൽ ഇന്റർവ്യൂ നടത്തി.

**നന്ദിയുടെ പൂച്ചെണ്ടുകൾ**

LIFE Training ന്റെ ആദ്യഘട്ടം മുതൽ സഹകരിക്കുകയും സഹായിക്കുകയും ചെയ്ത വിവിധ ഇടവകകളിലെ വികാരിമാർ, അസി. വികാരിമാർ, സിസ്റ്റേഴ്സ്, താമസസൗകര്യം ഒരുക്കിയ വികാരി, ജോർജ് തേരകത്തച്ചൻ, കൊച്ചച്ചൻ, ഇടവകാംഗങ്ങൾ, സെന്റ് ജോസഫ് സ്കൂൾ അധികാരികൾ, ടീമംഗങ്ങളായ ലാലച്ചൻ, സി.ആൻസി CMC, സി. നോയൽ SABS, സി.ലിൻസി SCV, പരീക്ഷകൾക്കു സഹായിച്ച ഫാ.ജോബി മുക്കാട്ടുകാവുങ്കൽ, സി. അനിജ CMC, സി. മഞ്ജു CMC, അജയ് ആലുങ്കൽ, സ്റ്റെല്ല, റോസ് മേരി, മാതാപിതാക്കൾ, ഭക്ഷണം ഒരുക്കിയ ബേബി ചേട്ടൻ എന്നിവർക്ക് ഹൃദയംഗമമായ നന്ദി അർപ്പിക്കുന്നു.

**LIFE Training**

ലൈഫ് ട്രയിനിംഗ് വിദ്യാർത്ഥികൾക്കായി ആത്മമിത്ര ടീം നയിച്ച 3 ദിവസത്തെ റസിഡൻഷ്യൽ ക്യാപ് 2016 ഡിസംബർ 26, 27, 28 തീയതികളിൽ ചെറുകാട്ടൂർ വെച്ച് നടന്നു. ഫാ.ടോബി SJ, കുമാരി ശ്രുതി എന്നിവർ നേതൃത്വം നൽകി. 28 ന് വൈകുന്നേരം 5 മണിയോടെ അവസാനിച്ചു.

29-ാം തീയതി വിദ്യാർത്ഥികൾക്ക് വിവിധ പരീക്ഷകൾ നടത്തി. സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**Career CAR**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ആരംഭിച്ച കരിയർ കാർ ന്റെ ആദ്യ ക്ലാസ് 7-1-17 ഞായറാഴ്ച പുൽപ്പള്ളി ടൗൺ ചർച്ചിൽ വെച്ച് നടന്നു. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, മനോജ് സാർ, സി.ലിൻസി SCV എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. 25 കരിയർ കാർ അംഗങ്ങൾ പങ്കെടുത്തു. സ്ഥലസൗകര്യം ഒരുക്കിയ വികാരി ജോസ് മുണ്ടക്കലച്ചനും, ഇടവകാംഗങ്ങൾക്കും ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു.

**ലിൻഷ മരിയ ഷാന്റി**
വോളന്റിയർ, യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**പ്രവർത്തന വർഷ ഉദ്ഘാടനവും വഴി പ്രകാശനവും**

കെ.സി.വൈ.എം. മാനന്തവാടി രൂപത 2017 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖ *വഴി* പ്രകാശനവും ബത്തേരി നിയോജന മണ്ഡലം എം.എൽ.എ. ശ്രീ. ഐ.സി ബാലകൃഷ്ണൻ നിർവ്വഹിച്ചു. രൂപതാ പ്രസിഡണ്ട് ശ്രീ. എബിൻ ഫിലിപ്പ് മുട്ടപ്പള്ളി പതാക ഉയർത്തി. തുടർന്ന് നടന്ന ജപമാല പ്രാർത്ഥനയ്ക്ക് ശലഭ കിഴക്കേപ്പറമ്പിൽ നേതൃത്വം നൽകി. വചന പ്രതിഷ്ഠയ്ക്ക് മാനന്തവാടി മേഖല ആനിമേറ്റർ സി.ലില്ലി എസ് എച്ച്, മാനന്തവാടി മേഖലാ പ്രസിഡണ്ട് ശ്രീ. അനീഷ് മൂലയിൽ എന്നിവരുടെ നേതൃത്വത്തിലുള്ള ടീമംഗങ്ങൾ നേതൃത്വം നൽകി. രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ രൂപതാ സമിതിയുടെ ക്ഷണം സ്വീകരിച്ച് എത്തിചേർന്ന പ്രസ്ഥാനത്തിന്റെ മുൻ പ്രസിഡണ്ടുമാരെ ഹൃദയപൂർവ്വം സ്വാഗതം ചെയ്തു. രൂപതാ വൈസ് പ്രസിഡണ്ട് കുമാരി റോസ് മേരി തേറുകാട്ടിൽ, രൂപതാ കോഡിനേറ്റർ ശ്രീ. സിജോ തൈപ്പറമ്പിൽ എന്നിവർ അതിഥികളായി എത്തിയ ഫാദർ ഷൈജു ഐക്കരക്കാനായിൽ, ഷാജു പി. ജെയിംസ്, ജിതേഷ് മുളക്കക്കുന്നേൽ, ബിനോയ് പാനിക്കുളം, റെജിമോൻ പുന്നോലിൽ എന്നിവരെ സദസ്സിന് പരിചയപ്പെടുത്തി. സെക്രട്ടറിയേറ്റ് അംഗങ്ങൾ അതിഥികളെ പൊന്നാടയണിയിച്ച് ആദരിച്ചു. തുടർന്ന് സംഘടനാ സംവിധാനത്തെക്കുറിച്ചും, ആവശ്യകതയെക്കുറിച്ചും ശ്രീ. റെജിമോൻ പുന്നോലിയിൽ ക്ലാസ്സെടുത്തു. ഉദ്ഘാടന സമ്മേളനത്തിന് ബത്തേരി നിയോജന മണ്ഡലം എം.എൽ.എ. ശ്രീ. ഐ.സി ബാലകൃഷ്ണൻ വിശിഷ്ടാതിഥി യായിരുന്നു. രൂപതാ പ്രസിഡണ്ട് ശ്രീ. എബിൻ ഫിലിപ്പ് മുട്ടപ്പള്ളി അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാ ത്തടത്തിൽ സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ റവ. ഫാദർ ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണം നടത്തി. സിൻഡിക്കേറ്റംഗം ശ്രീ. സന്തോഷ് ചെട്ടിശ്ശേരി, രൂപതാ ആനിമേറ്റർ

സി.സ്മിത എസ്. എ. ബി. എസ്. എന്നിവർ ആശംസകൾ അർപ്പിച്ചു. അരുൺ, ബിനു എന്നിവരുടെ നേതൃത്വത്തിൽ നാടൻപാട്ടുത്സവം നടന്നു. ശ്രീ. ജിജോ തോമസ്, ശ്രീ. സുബിൻ കൊഴുപ്പാത്തടത്തിൽ എന്നിവർ ഭക്ഷണ ക്രമീകരണങ്ങളും സ്റ്റേജ് ഡെക്കറേഷനും വേണ്ട വിധത്തിൽ ക്രമീകരിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ അക്ഷയ വടക്കേൽ, അലീന മണൽവിള എന്നിവർ രജിസ്ട്രേഷന് നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നായി 150 യുവജനങ്ങൾ പങ്കെടുത്തു. യൂണിറ്റ്, മേഖലാ ഭാരവാഹികളെ പറഞ്ഞയച്ച എല്ലാ ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും പങ്കെടുത്തവർക്കും ഒത്തിരി നന്ദി.

**അനുമോദനങ്ങൾ**

കെ.സി.വൈ.എം. സംസ്ഥാന വൈസ്സ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട മാനന്തവാടി രൂപത പട്ടാണിക്കൂപ്പ് ഇടവകാംഗം ശ്രീ. ബിബിൻ ചെമ്പക്കരയ്ക്ക് മാനന്തവാടി രൂപതാ കുടുംബത്തിന്റെ അനുമോദനങ്ങളും പ്രാർത്ഥനകളും.

**കരുതൽ- രൂപതാ ടീമിന്റെ മേഖലാ സന്ദർശനം**

രൂപതാ ടീമംഗങ്ങളുടെ മേഖലാ സന്ദർശന തീയതികൾ ചുവടെ ചേർക്കുന്നു. അന്നേദിവസം മേഖലാ സെനറ്റ് വിളിച്ചുകൂട്ടേണ്ടതാണ്. രൂപതാ ടീം സന്ദർശിക്കേണ്ട സമയവും സ്ഥലവും രൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

ഫെബ്രുവരി 12-ന് ചുങ്കക്കുന്ന്, കല്ലോടി, കൽപ്പറ്റ, മാനന്തവാടി, മണിമൂളി എന്നിവിടങ്ങളിലും, ഫെബ്രുവരി 19-ന് മുള്ളൻക്കൊല്ലി, നടവയൽ, പയ്യംപ്പള്ളി, തരിയോട്, ബത്തേരി, എന്നിവിടങ്ങളിലും രൂപത സമിതി സന്ദർശനം നടത്തുന്നതാണ്.

**മേഖലാ ഡയറക്ടേഴ്സ് ആൻഡ് ആനിമേറ്റേഴ്സ് മീറ്റ്**

ഈ പ്രവർത്തന വർഷത്തെ മേഖല ഡയറക്ടേഴ്സ് ആൻഡ് ആനിമേറ്റേഴ്സ് മീറ്റ് ഫെബ്രുവരി 9 -ന് വൈകുന്നേരം 6 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു വീഴ്ച കൂടാതെ എല്ലാ മേഖലകളിലെയും ഡയറക്ടേഴ്സും ആനിമേറ്റേഴ്സും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

**സ്വാഗതം**

രൂപതയുടെ ട്രഷറായിരുന്ന സബിൻ മാത്യു (മണിമൂളി) ജോലി സംബന്ധമായ കാരണങ്ങളാൽ സ്ഥാനം രാജിവയ്ക്കുകയും, ട്രഷറർ സ്ഥാനത്തേയ്ക്ക് സുബിൻ ജോസ് കൊഴുപ്പാംത്തടത്തിൽ (മാനന്തവാടി) തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. രൂപതാ സമിതിയിലേയ്ക്ക് കടന്നുവന്നിരിക്കുന്ന സുബിന് സ്വാഗതം.

**ചരിത്ര ദർശനം**

ഫെബ്രുവരി 24 ന് വെള്ളിയാഴ്ച്ച രാവിലെ 9.30 മുതൽ 4 മണി വരെ *കേരള ചരിത്രവും ക്രൈസ്തവരുടെ സംഭാവനകളും* എന്ന വിഷയത്തെക്കുറിച്ചുള്ള പഠനശിബിരം നടത്തപ്പെടുന്നു. എല്ലാ യൂണിറ്റിൽ നിന്നും പരമാവധി യുവജനങ്ങളെ പങ്കെടുപ്പിക്കുമല്ലോ.

**യൂണിറ്റ് വാർത്തകൾ**

**പുതുശ്ശേരി**

4-12-16 ന് ചേർന്ന യോഗത്തിൽ വച്ച് പുതിയ പ്രവർത്തന വർഷത്തിലേയ്ക്കുള്ള യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു. ശ്രീ.അജിൻ കൂനത്ത് യൂണിറ്റ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. ഇടവക ദേവാലയത്തിൽ കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ മനോഹരമായ പുൽക്കൂട് നിർമ്മിച്ചു. ക്രിസ്തുമസ്സ് ദിനത്തിന്റെ തിരുകർമ്മങ്ങളിലും ക്രിസ്തുമസ്സ് കരോളിലും കെ.സി.വൈ.എം. അംഗങ്ങൾ സജീവമായി പങ്കെടുത്തു.

**മഞ്ഞൂറ**

ക്രിസ്തുമസ്സിന് ഒരുക്കമായി നടത്തിയ വാർഡ് പ്രാർത്ഥനയിലും കലാപരിപാടികളിലും യുവജനങ്ങൾ സജീവമായി പങ്കെടുത്തു. പുൽക്കൂട് നിർമ്മാണത്തിന് നേതൃത്വം നൽകി. ക്രിസ്തുമസ് ദിനത്തിലെ ബൈബിൾ വായനകൾക്ക് നേതൃത്വം നൽകി. 2017 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡണ്ട് - മൃദുൽ മണ്ണത്താനി.

**കാവുമന്ദം**

ക്രിസ്തുമസിനൊരുക്കമായി യുവജനങ്ങൾ നക്ഷത്രം ഉണ്ടാക്കുകയും മനോഹരമായ പുൽക്കൂട് നിർമ്മിക്കുകയും ചെയ്തു. 31-ാം തീയതി വൈകിട്ട് യൂണിറ്റ് വാർഷികം നടത്തി. 60 യുവജനങ്ങൾ പങ്കെടുത്തു. കെ.സി.വൈ.എം. നിയുക്ത പ്രസിഡണ്ട് ശ്രീ. എബിൻ ഫിലിപ്പ് മുട്ടപ്പള്ളിക്ക് സ്വീകരണം നൽകി. സന്യാസ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി നിറവിലായിരിക്കുന്ന ബഹുമാനപ്പെട്ട സി. പിയൂസ്സ് എഫ്.സി.സിക്ക് ജൂബിലിയുടെ മംഗളങ്ങൾ നേർന്നു. തുടർന്ന് ശ്രീ. സജിൻ ചാലിൽ ക്ലാസ്സെടുത്തു. കരോക്ക ഗാനമേള നടത്തി. ശേഷംനടന്ന സ്നേഹവിരുന്നിൽ എല്ലാവരും ഹൃദയപൂർവ്വം പങ്കെടുത്തു. വർഷാവസാന പ്രാർത്ഥനയിലും ആരാധനയിലും വിശുദ്ധ കുർബാനയിലും യുവജനങ്ങൾ പങ്കെടുത്ത് ന്യൂ ഇയർ ആഘോഷങ്ങൾ മനോഹരമാക്കി.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

പാസ്റ്ററൽ സെന്ററിൽ ഡിസംബർ 27 മുതൽ 30 വരെ നടന്ന കോഴ്സിൽ 111 പേരും, ജനുവരി 8 മുതൽ 11 വരെ നടന്ന കോഴ്സിൽ 95 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| ഫെബ്രുവരി 17 - 20 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| മാർച്ച് 3 - 6 | - | മണിമൂളി |
| മാർച്ച് 12 - 15 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

**പ്രത്യേക ശ്രദ്ധയ്ക്ക്**

മാർച്ച് 3 മുതൽ 6 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന വിവാഹഒരുക്ക കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ ബഹു. വികാരിയച്ചൻമാർ അറിയിക്കു മല്ലോ.

**യുവദമ്പതികൾക്കുള്ള സെമിനാർ**

മാനന്തവാടി കത്തീഡ്രൽ ഇടവകയിൽ വിവാഹിതരായി 10 വർഷം പൂർത്തിയാക്കിയ ദമ്പതികൾക്കായി 2016 ഡിസംബർ 10,11,12 തീയതികളിൽ സായാഹ്ന സെമിനാർ നടത്തി. കത്തീഡ്രൽ വികാരി ബഹു. ജോർജ്ജ് മൈലാടൂർ അച്ചന്റെ നേതൃത്വത്തിൽ സംഘടിപ്പിക്ക പ്പെട്ട സെമിനാർ വളരെ വിജയകരമായി നടത്തുവാൻ കഴിഞ്ഞു. കുടുംബ പ്രേഷിതത്വ ടീമംഗങ്ങളായ ബഹു. ചാണ്ടി പുനക്കാട്ടച്ചൻ, ജോസഫ് മോളി വട്ടക്കുന്നേൽ ദമ്പതികൾ, ശ്രീമതി ഗ്രേസി ജേക്കബ് ചിറ്റിനപ്പിള്ളി എന്നിവർ ക്ലാസുകൾ നയിച്ചു. സെമിനാർ സംഘടിപ്പിച്ച ഇടവക നേതൃത്വത്തിന് അഭിനന്ദനങ്ങൾ.

**മാതൃവേദി**

മാതൃവേദിയിൽ പുതുതായി ചേർക്കേണ്ട അംഗങ്ങളുടെ പേരും വീട്ടുപേരും, ജനനതീയതിയും മാർച്ച് 31-ന് മുമ്പ് തരുവാൻ ശ്രദ്ധിക്കുമല്ലോ. രൂപതാവിഹിതവും, 'ഒരമ്മ ഒരുരൂപ പദ്ധതി'യുടെ തുകയും തരാത്ത ഇടവകകൾ അത് രൂപതാ ഓഫീസിൽ ഏൽപ്പിക്കുമല്ലോ.

**മണിമൂളി മേഖല**

ഡിസംബർ 3-ാം തീയതി 'കുടുംബം കരുണയുടെ ഉറവിടം' എന്ന വിഷയത്തെക്കുറിച്ച് ശ്രീ. ബേബി ചക്കാലയ്ക്കൽ സാർ ക്ലാസ് നയിച്ചു. മേഖലയിലെ എല്ലാ ഇടവകയിലെയും അമ്മമാർ സംബന്ധിച്ചു. മേഖലാ തലത്തിൽ നടത്തിയ സാഹിത്യ മൽസരവിജയികൾക്ക് സമ്മാനങ്ങൾ നൽകി. മാതൃവേദിയുടെ രൂപതാ വാർഷികത്തിൽ മേഖലാ ടീം അംഗങ്ങൾ സംബന്ധിച്ചു.

**കല്ലോടി മേഖല**

ഡിസംബർ 3-ന് ദീപ്തിഗിരി പള്ളിയിൽവച്ച് മേഖലാ വാർഷി കവും കരോൾഗാന മൽസരവും നടത്തി. രൂപതാ ഡയറക്ടർ റവ. ഫാ. ജോഷി മഞ്ഞക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു.

**തരിയോട് മേഖല**

നവംബർ 18 –ന് ചെന്നലോട് പള്ളിയിൽ വച്ച് കരോൾഗാന മത്സരം നടത്തി. ബെസ്റ്റ് ശാഖയ്ക്കുള്ള സമ്മാനം കാവുംമന്ദം ഇടവക കരസ്ഥമാക്കി. പൗരോഹിത്യ ജൂബിലി ആഘോഷിക്കുന്ന തരിയോട് ഫൊറോന വികാരി ബഹു. ജോണി കുന്നത്ത് അച്ചന് സ്നേഹോപഹാരം നൽകി. ലോഗോസ് ക്വിസ്സിൽ ഒന്നാം സ്ഥാനം നേടിയ കാവുംമന്ദം ശാഖയ്ക്ക് സമ്മാനം കൊടുത്തു.

**പയ്യമ്പള്ളി മേഖല**

ഡിസംബർ 30-ന് മേരിമാതാ കോളേജിൽ വച്ച് മേഖലാ വാർഷികം നടത്തി. ബെസ്റ്റ് ശാഖയ്ക്കുള്ള സമ്മാനം പയ്യമ്പള്ളി ശാഖ കരസ്ഥമാക്കി. എല്ലാ ശാഖകൾക്കും പ്രോൽസാഹന സമ്മാനം നൽകി. വിവിധ ശാഖകളിൽ നിന്ന് കലാപരിപാടികൾ അവതരിപ്പിച്ചു.

**തൃശിലേരി**

ഡിസംബർ 1 മുതൽ വാർഡുകളിൽ തിരുനാൾ ആഘോഷവും വി.കുർബാനയും വിവിധ കലാപരിപാടികളും നടത്തി. ക്രിസ്മസ്സ് കരോളിൽ പങ്കെടുത്തു. 28-ാം തീയതി കുഞ്ഞുങ്ങൾക്കായ് പള്ളിയിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തി.

**ദ്വാരക**

25 നോമ്പിൽ ഇടവകയിലെ മുഴുവൻ കുടുംബങ്ങളുടെയും പേരെഴുതി മാതൃവേദിയിലെ എല്ലാ അമ്മമാർക്കും നൽകി. കുടുംബത്തിനുവേണ്ടി ഒരു ജപമാലയും സത്കൃത്യങ്ങളും കാഴ്ച്ചവെച്ചു. ഡിസംബർ 3-ന് വാഴവറ്റയിലെ ജ്യോതി നിവാസ് സന്ദർശിച്ചു.

**കൽപ്ര**

ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് ഒരു വിധവയെ സന്ദർശിച്ച് 2500/- രൂപ നൽകി സഹായിച്ചു; ക്യാൻസർ രോഗിയായ സരോജ എന്ന സ്ത്രീയുടെ ഭവനം സന്ദർശിച്ച് 3000/- രൂപയും മധുര പലഹാരങ്ങളും നൽകി. വൃദ്ധയായ കാളിയമ്മയെ സന്ദർശിച്ചു.

**പൂളപ്പാടം**

ഡിസംബർ 8-ന് മാതാവിന്റെ ഗ്രോട്ടോയിലേക്ക് ജപമാല റാലി നടത്തി. കരോൾഗാന മൽസരത്തിൽ പങ്കെടുത്തു. സാഹിത്യ മൽസരത്തിൽ മേഖലാ, രൂപതാ തലങ്ങളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**തോണിച്ചാൽ**

അമ്മമാർ നിർമ്മിച്ച ജപമാലകൾ 8-ാം തീയതി വി.ബലി മധ്യേ വെഞ്ചരിച്ച് ദേവാലയത്തിൽ വന്ന എല്ലാവർക്കും നൽകി. അമ്മമാർ പള്ളിയും പരിസരങ്ങളും വൃത്തിയാക്കുന്നതിനാവശ്യമായ ചൂൽ നിർമ്മിച്ചു.

**മഞ്ഞൂറ**

മേഖലയിൽ നടത്തിയ കരോൾഗാന മൽസരത്തിൽ പങ്കെടുത്തു. ക്യാൻസർ രോഗിയായ ഒരു അക്രൈസ്തവ സഹോദരിക്ക് 1500/- രൂപ ചികിൽസാ സഹായം നൽകി.

**പുതിയിടംകുന്ന്**

ക്രിസ്തുമസ് ആഘോഷവുമായി ബന്ധപ്പെട്ട് വാർഡുതലത്തിൽ നടത്തിയ ദിവ്യബലി, കലാപരിപാടികൾ എന്നിവയ്ക്ക് അമ്മമാർ നേതൃത്വം നൽകി. ക്രിസ്തുമസ് ദിനത്തിൽ ആകാശപറവകൾക്ക് എക്സിക്യൂട്ടീവ് അംഗങ്ങൾ പൊതിച്ചോറുകൾ വിതരണം ചെയ്തു.

**കാവുംമന്ദം**

ക്രിസ്തുമസ്സിന് ഒരുക്കമായി ഇടവകയിലെ രോഗികൾ, പ്രായമായവർ എന്നിവരെ മാതൃവേദി അംഗങ്ങൾ ദേവാലയത്തിൽ കൊണ്ടുവരികയും അവർക്ക് കുമ്പസാരം, വി.കുർബാന സ്വീകരണം എന്നീ കൂദാശകൾ സ്വീകരിക്കാൻ അവസരമൊരുക്കുകയും ചെയ്തു. ജാതിമത ഭേദമെന്യേ പാവപ്പെട്ടവർക്കും, രോഗികൾക്കും 'ക്രിസ്തുമസ് കിറ്റ്' നൽകി. ഒരു ക്വിന്റൽ അരി വിതരണം ചെയ്തു. ധനസഹായവും നൽകി.

**ശാന്തിഗിരി**

ഭിന്നശേഷിയുള്ളവരുടെ മേഖലാസംഗമത്തിൽ ഇടവകയിൽ നിന്നുള്ളവരെ പങ്കെടുപ്പിക്കുകയും മാതൃവേദി അംഗങ്ങൾ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു.

**കോട്ടത്തറ**

ഡിസംബർ 8-ന് പരി.അമ്മയുടെ അമലോൽഭവ തിരുനാൾ സമുചിതമായി ആഘോഷിച്ചു. ഉണ്ണിയേശുവിന്റെ തിരുപ്പിറവിക്കായി നോമ്പെടുത്ത് 25 ദിവസവും ദിവ്യബലിയിൽ മുടങ്ങാതെ പങ്കെടുത്ത അമ്മമാർക്ക് സമ്മാനം നൽകി.

**മരിയൻ സിംഗിൾസ്**

ജനുവരി 16- ന് നടന്ന കൂട്ടായ്മയിൽ 19 പേർ പങ്കെടുത്തു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**

ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സീയോൻ ആദ്യശനി ഏകദിന കൺവെൻഷൻ 7-1-2017**

സീയോൻ ടീം മെമ്പേഴ്സ് കൺവെൻഷന്റെ ഒരുക്കത്തിനായി ആദ്യവെള്ളിയാഴ്ച പ്രാർത്ഥന നടത്തി. ആദ്യശനി രാവിലെ 6 മണിക്ക് ശുശ്രൂഷകൾ ആരംഭിച്ചു. ബഹു. സോണി വാഴകാട്ടച്ചൻ സീയോൻ ഹാളും പരിസരവും വിശുദ്ധജലം തളിച്ച് വിശുദ്ധീകരിച്ചു. ജപമാല പ്രദക്ഷിണം നടത്തി. 8.45 ന് കൺവെൻഷൻ ആരംഭിച്ചു. മാനന്തവാടി രൂപതയിലെ നവാഭിഷിക്തരായ 4 നവവൈദികർ ഒരുമിച്ച് വി.കുർബാന അർപ്പിച്ചു. കൽപ്പറ്റ താബോർ സി.എസ്.റ്റി. സെമിനാരി വൈസ്റെക്ടർ റവ.ഫാ. ജോഫിൻ കുരുവുംമാക്കൽ വചനപ്രഘോഷണം നടത്തി. അനുഭവ സാക്ഷ്യത്തിനുശേഷം ദിവ്യകാരുണ്യ ആരാധനയും ദിവ്യകാരുണ്യ പ്രദക്ഷിണവും നടന്നു. 3.30 ന് കൺവെൻഷൻ സമാപിച്ചു.

**രണ്ടാംശനി - സ്പിരിച്ച്വൽ ഷെയറിംഗ് ദിനം 14-1-2017**

രണ്ടാം വെള്ളി എൽഡേഴ്സ് ശുശ്രൂഷയ്ക്കായുള്ള ഒരുക്കത്തിന്റെ ഭാഗമായി ദിവ്യകാരുണ്യ സന്നിധിയിലിരുന്ന് പ്രാർത്ഥിച്ച് ഒരുങ്ങി ജനുവരി 14 രണ്ടാം ശനി സ്പിരിച്ച്വൽ ഗൈഡൻസ് നൽകി.

**ആന്തരികസൗഖ്യ ധ്യാനം**

ജനുവരി 15-19 തീയതികളിൽ സിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് ആന്തരികസൗഖ്യ ധ്യാനം നടത്തപ്പെട്ടു.

**ഏകദിനം, ഓസാനാഭവൻ**

ജനുവരി 21-ാം തീയതി ഓസാനാഭവനിലെ അന്തേവാസികൾക്കായി ഏകദിന ശുശ്രൂഷ നടത്തി.

**ജാഗരണ പ്രാർത്ഥന**

ജനുവരി മാസത്തിന്റെ 3-ാം വെള്ളി (ജനു.20) സീയോൻ ചാപ്പലിൽ വച്ച് വൈകിട്ട് 6 മുതൽ രാവിലെ 6 മണിവരെ ജാഗരണ പ്രാർത്ഥന നടന്നു.

**രോഗസൗഖ്യദിനം 28-1-2017**

സൗഖ്യത്തിനായിവന്ന രോഗികൾക്കുവേണ്ടി ജപമാല, ആരാധന

എന്നീ ശുശ്രൂഷകളോടെ ആരംഭിച്ചു. വി.കുർബാന, സൗഖ്യ പ്രാർത്ഥന, കൈവെപ്പു പ്രാർത്ഥന തുടങ്ങിയ ശുശ്രൂഷകൾ നടത്തി.

**തൂവാനീസ 13–1–2017**

യേശുവിനെ അനുഗമിക്കുന്ന സ്ത്രീകളുടെ കൂട്ടായ്മ രാവിലെ 9.30 ന് ആരംഭിച്ചു. ബഹു. ജോസഫ് നെച്ചിക്കാട്ടച്ചൻ വി.കുർബാന അർപ്പിച്ചു സന്ദേശം നൽകി. ആരാധന, ഷെയറിംഗ്, ജപമാല എന്നിവയ്ക്കുശേഷം ശുശ്രൂഷ സമാപിച്ചു.

**സിയോൻ ഫെബ്രുവരി മാസത്തിൽ**

| | | | |
|---|---|---|---|
| ഫെബ്രുവരി | 3 | – | ടീം മീറ്റിംഗ്, ഏകദിനകൺവെൻഷൻ |
| ഫെബ്രുവരി | 4 | – | ഏകദിന കൺവെൻഷൻ |
| ഫെബ്രുവരി | 11 | – | രണ്ടാംശനി പൊതുസ്പിരിച്ച്വൽ ഷെയറിംഗ് ദിനം |
| ഫെബ്രുവരി | 12–16 | – | വിശ്വാസവളർച്ചാ ധ്യാനം |
| ഫെബ്രുവരി | 17 | – | മൂന്നാം വെള്ളി – ജാഗരണ പ്രാർത്ഥന |
| ഫെബ്രുവരി | 18 | – | ഓസാനാംഭവൻ – ഏകദിനം |
| ഫെബ്രുവരി | 25 | – | നാലാം ശനി – രോഗികൾക്കായുള്ള സൗഖ്യശുശ്രൂഷാദിനം |

**ഡയറക്ടർ**
സിയോൻ സി.ആർ.സി.

# ജീസസ് യൂത്ത് മിനിസ്ട്രി

"കർത്താവ് ജ്ഞാനത്താൽ ഭൂമിയെ സ്ഥാപിച്ചു. വിജ്ഞാനത്താൽ ആകാശത്തെ ഉറപ്പിച്ചു." (സുഭാ. 3/19)

ജനുവരി 14, രണ്ടാം ശനിയാഴ്ച യുവജന ധ്യാനത്തിനായി ജീസസ് യൂത്ത് ലീഡേഴ്സ് 2-ാം വെള്ളിയാഴ്ച പ്രാർത്ഥിച്ചൊരുങ്ങി. ശനിയാഴ്ച രാവിലെ 9.30 ന് ജപമാലയോടുകൂടി ശുശ്രൂഷകൾ ആരംഭിച്ചു. ശ്രീ. ബിജു അരീപ്ലാക്കൽ സ്തുതി ആരാധനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് വചനശുശ്രൂഷ, വി.കുർബാന എന്നിവയ്ക്ക് റവ.ഫാ. ജെയ്സൻ കള്ളിയാട്ട് നേതൃത്വം നൽകി. ലഘുഭക്ഷണശേഷം ജീസസ് യൂത്ത് ഫുൾടൈമർ മിന്റുമരിയ ജോർജ്ജ് അനുഭവസാക്ഷ്യം പങ്കുവച്ചു. ആരാധനയ്ക്ക് ജീസസ് യൂത്ത് ടീമംഗങ്ങൾ നേതൃത്വം നൽകി. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**പരീക്ഷാ ഒരുക്കധ്യാനം**

10,11,12 ക്ലാസുകളിലെ കുട്ടികൾക്കുവേണ്ടിയുള്ള പരീക്ഷാ ഒരുക്കധ്യാനം ജീസസ്‌യൂത്തിന്റെ നേതൃത്വത്തിൽ ദ്വാരക സെന്റ് അൽഫോൻസാ ദേവാലയത്തിൽ വച്ച് ഫെബ്രുവരി 11, രണ്ടാം ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 4 മണിവരെ നടത്തപ്പെടുന്നു. റെജിസ്ട്രേഷൻ ഫീസ് 50 രൂപ.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, ജീസസ് യൂത്ത്

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

ഒരു പുതിയ വർഷത്തിലേയ്ക്ക് നാം കടന്നുവല്ലൊ. പ്രതീക്ഷയുടെയും പ്രത്യാശയുടെയും ഒരു വർഷമാണ് നമ്മുടെ മുന്നിലുള്ളത്. ജീവിതത്തിന്റെ വിവിധങ്ങളായ രംഗങ്ങളിൽ പ്രവർത്തിക്കുന്ന നമ്മൾ ദൈവത്തോട് എപ്പോഴും നന്ദിയുള്ളവരായിരിക്കണം. ഒരു കാര്യം നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുവാനായി ഈ അവസരം വിനിയോഗിക്കട്ടെ. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സി.സി.യുടെ കീഴിലുള്ള എല്ലാ അംഗങ്ങളുടെയും ദത്തുകുടുംബമാണല്ലൊ ഓസാനാംഭവൻ. കുടുംബത്തിന്റെ സന്തോഷത്തിൽ പങ്കുചേരുകയും ദുഃഖത്തിൽ ആശ്വാസമേകുകയും ചെയ്യുന്നവരാണ് യഥാർത്ഥ കുടുംബാംഗങ്ങൾ.

ഇന്ന് ഓസാനാംഭവൻ വളരെയേറെ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. തെരുവിൽനിന്നും, ബസ്റ്റാന്റിൽനിന്നുമൊക്കെ നാം കണ്ടെത്തി കൊണ്ടുവന്നവരാണ് ഓസാനാംഭവനിലെ അന്തേവാസികൾ. അവർക്ക് ഭക്ഷണവും, വസ്ത്രവും, മരുന്നും നൽകേണ്ടത് നമ്മുടെ കടമയാണ്. നമ്മുടെ കുടുംബാംഗങ്ങൾ ഭക്ഷണമില്ലാതെ-വസ്ത്രമില്ലാതെ-രോഗംവന്നാൽ മരുന്നില്ലാതെ കഷ്ടപ്പെടുമ്പോൾ ഓസാനാംഭവനെ സ്നേഹിക്കുന്ന ഒരു വിൻസെൻഷ്യന് സ്വസ്ഥമായി എങ്ങിനെയാണ് ഭക്ഷണം കഴിക്കുവാനോ ആഘോഷങ്ങളിൽ പങ്കുചേരുവാനോ കഴിയുന്നത്. പ്രിയപ്പെട്ടവരെ, സമ്പത്തും, സ്നേഹവുമെല്ലാം പങ്കുവയ്ക്കുവാനുള്ളതാണ്. ധനവാന്റെയും ലാസറിന്റെയും ഉപമ നാമോരോരുത്തരും ഓർമ്മിക്കണം. ഈ ഭൂമിയിൽ ചെയ്യേണ്ട നന്മകൾ ചെയ്യാതെ പോകരുത്. ദൈവം തന്ന സമ്പത്തിന്റെ ഉടമകളല്ല നാം, പ്രത്യുത കാവൽക്കാർ മാത്രമാണ്. യജമാനൻ തന്ന ദനാറ മണ്ണിൽ കുഴിച്ചിട്ടവനെപ്പോലെയാകരുത് നാം. ഓസാനാംഭവന്റെ അനുദിന പ്രവർത്തനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. വിൻസെൻഷ്യൻ അംഗങ്ങളുടെ സന്ദർശനങ്ങൾ വളരെയേറെ കുറഞ്ഞു. സാമ്പത്തികസഹായത്തിലും വളരെ

യേറെ കുറവ് വന്നിട്ടുണ്ട്. ഓസാനാംഭവനിൽ നേരിട്ടുവന്ന് സഹായ ങ്ങൾ നല്കുവാൻ കഴിയാത്തവർ താഴെക്കൊടുത്തിരിക്കുന്ന അക്കൗണ്ടിൽ പണം നിക്ഷേപിച്ചാലും അത് വളരെയേറെ സഹായ മാകും. കോർപ്പറേഷൻബാങ്ക്, നടവയൽ-അക്കൗണ്ട് നമ്പർ- 348401601000019. IFSE Code - CORP 0003484

**എ.സി.വാർഷികം**

മാനന്തവാടി എ.സി.യുടെ വാർഷികം ജനുവരി 14-ന് മാനന്ത വാടി കത്തീഡ്രൽ ഹാളിൽ നടന്നു. സിസ്റ്റർ റോസ കുറിയേടത്ത് പ്രർത്ഥനക്ക് നേതൃത്വം നല്കി. ബ്രദർ കെ.എം.ജോസഫ് ജ്ഞാന വായന നടത്തി. മാനന്തവാടി എ.സി. പ്രസിഡന്റ് ബ്രദർ എൻ.യു.ജോൺ അധ്യക്ഷത വഹിച്ചു. സി.സി. പ്രസിഡന്റ് ബ്രദർ ജോർജ്ജ് ആക്കാ ന്തിരി ഉദ്ഘാടനം ചെയ്തു. എ.സി. സെക്രട്ടറി ബ്രദർ ഷാജു പാലത്തു ന്തലയ്ക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. ഷിബിൻ കുര്യൻ ക്ലാസ് എടുത്തു. സി.സി. വൈസ്പ്രസിഡന്റ് ബ്രദർ അഗസ്റ്റിൻ കൊടിയം കുന്നേൽ സന്ദേശം നല്കി. ചർച്ചകൾക്ക് സി.സി. ജനറൽ സെക്രട്ടറി ബ്രദർ ബാബു നമ്പുടാകം നേതൃത്വം നല്കി. സി.സി. ഓഫീസ് സെക്ര ട്ടറി ബ്രദർ കെ. പി. ജോൺ പ്രസംഗിച്ചു. പൗലോസ് പാലമറ്റം സ്വാഗ തവും, ജോൺ അതിരംകുളങ്ങര നന്ദിയും പറഞ്ഞു. സ്നേഹവിരു ന്നോടെ വാർഷികം സമാപിച്ചു.

**കല്ലോടി എ.സി. വാർഷികം മാർച്ച് 11-ന്**

കല്ലോടി എ.സി.യുടെ വാർഷികാഘോഷങ്ങൾ 2017-മാർച്ച് 11-ന് നടക്കും. സി.സി. പ്രസിഡന്റ് ബ്രദർ ജോർജ്ജ് ആക്കാന്തിരി ഉദ്ഘാ ടനം ചെയ്യും. രാവിലെ 9.30-ന് ദീപ്തിഗിരി സെൻറ് തോമസ് പള്ളി ഹാളിലാണ് വാർഷികം നടക്കുന്നത്.

**എസ്.എസ്.വി.പി.എസ് യൂത്ത് വിഭാഗം വാർത്തകൾ**

എസ്.എസ്.വി.പി.എസ് യുവജന വിഭാഗം കോഴിക്കോട് മേഖല സെമിനാർ ജനുവരി എട്ടിന് നടവയൽ ഓസാനാംഭവനിൽ നടന്നു. എട്ട് രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. ബ്രദർ വിശ്രുത് ജോസഫ് വള്ളോംകുന്നേൽ സ്വാഗതമാശംസിച്ചു. സി.സി. പ്രസിഡന്റ് ബ്രദർ ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി നാഷണൽ കൗൺസിലറും ട്രിന്നിംഗ് കോ-ഓർഡിനേറ്ററുമായ ബ്രദർ സിറിയക് മാത്യു ഉദ്ഘാടനം ചെയ്തു. കെ.ആർ.സി.സി.ജോ.കോ-ഓർഡിനേറ്റർ ബ്രദർ സുനിൽ. ജെ.കുരുവിള

മുഖ്യപ്രഭാഷണം നടത്തി. ഫാ. ഷെബിൻ ടി.ഒ.ആർ, സി.സി.വൈസ് പ്രസിഡന്റ് ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ എന്നിവർ ക്ലാസ് നയിച്ചു. സി.സി.ജനറൽ സെക്രട്ടറി ബ്രദർ ബാബു നമ്പുടാകം, ഓസാനാംഭവൻ സെക്രട്ടറി ബ്രദർ വിൻസെന്റ് ജോൺ, സി.സി.യുവജന പ്രതിനിധി ജെൻട്രി പോൾ എന്നിവർ പ്രസംഗിച്ചു.

**യുവജന വിഭാഗത്തിന് പുതിയ രൂപതാ സാരഥികൾ**

എസ്.എസ്.വി.പി.എസ് യുവജന വിഭാഗത്തിന് സി.സി. തലത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ബ്രദർ ജെൻട്രി പോൾ കളരിക്കൽ. ദീപ്തിഗിരി (പ്രസിഡന്റ്), ദിൽന വർക്കി മൂത്തേടത്ത്. തരിയോട് (വൈസ് പ്രസിഡന്റ്), ബ്രദർ വിശ്രുത് ജോസഫ് വള്ളോംകുന്നേൽ. മരകാവ് (ജനറൽ സെക്രട്ടറി), ബ്രദർ ടോണി തെക്കെക്കാപ്പിൽ. വാഴവററ (ട്രഷറർ).

**യുവജന വിഭാഗം രൂപതാതല കലാമത്സര വിജയികൾ**

ബൈബിൾ ക്വിസ് (ജൂനിയർ)- 1. ജീവൻ തോമസ് പെരുമ്പള്ളിയിൽ (കബനിഗിരി), 2. ഡെൽനബെന്നി തട്ടത്തുപറമ്പിൽ (ബത്തേരി), 3. ജോസിയ സിബി കുര്യക്കാട്ടിൽ (നെയ്ക്കുപ്പ).

ക്വിസ് (മെമ്പർ) യൂത്ത്- 1. അമൃതജോർജ്ജ് കൊച്ചുമലയിൽ (കാവുംമന്ദം)

ക്വിസ് (നോ മെമ്പർ) യൂത്ത് - 1. ലിജൊ പൂവക്കോട്ടിൽ (കുറുമ്പാല), 2. സാന്ദ്ര സ്റ്റീഫൻ പുലിക്കോട്ടിൽ (ബത്തേരി), ആനന്ദ് വിൻസെന്റ് റാത്തപ്പള്ളിൽ (ബത്തേരി), 3. സാന്ദ്ര തേക്കാനത്ത് (ബത്തേരി)

പ്രസംഗം (ജൂനിയർ)- 1. നിമൽ ബെന്നി നെല്ലിനിൽക്കുംതടത്തിൽ (വാഴവററ), 2. നോജിൻ വിൻസെന്റ് മുണ്ടങ്ങാട്ടിൽ (കൊമ്മയാട്) സീനിയർ -1. ആനന്ദ് വിൻസെന്റ് റാത്തപ്പള്ളിൽ (ബത്തേരി) 2. സാന്ദ്ര തേക്കാനത്ത് (ബത്തേരി)

ഭക്തിഗാനം (ജൂനിയർ) 1. ഹൃദ്യആൻ മാത്യു പുതിയകുന്നത്ത് (ബത്തേരി) 2. നിഖിത സുനിൽ ഐത്തിച്ചാലിൽ (മുള്ളൻകൊല്ലി) 3. നിമ മെറീന സാബു മഠത്തിൽ (മുള്ളൻകൊല്ലി)

യൂത്ത്തലം - 1. അഞ്ജുജോർജ്ജ് മഠത്തിക്കുന്നേൽ (കൊമ്മയാട്), 2. റിൻസി റാപ്പള്ളിൽ(വാളവയൽ), 3. ജിൻസി മാത്യു ഊളിപ്പറമ്പിൽ (തരിയോട്). ഉപന്യാസം (ജൂനിയർ)- നിമൽബെന്നി നെല്ലിനിൽക്കുംതടത്തിൽ (വാഴവററ), 2. ജീവൻ തോമസ് പെരുമ്പള്ളിൽ (കബനിഗിരി), 3. അനു അൽഫോൻസ പുത്തൂർ (വാളവയൽ). യൂത്ത് വിഭാഗം 1. ജസ്ന ജോസ് പുതുശ്ശേരിയിൽ (കൊമ്മയാട്).

**അഭിനന്ദനങ്ങൾ**

എസ്.എസ്.വി.പി.എസ്. യൂത്ത് വിഭാഗത്തിന്റെ സംസ്ഥാനതല കലോത്സവത്തിൽ ബൈബിൾ ക്വിസ് മത്സരത്തിൽ തുടർച്ചയായി രണ്ടാംസ്ഥാനം നേടിയ ബ്രദർ ലിജൊ പുവക്കോട്ടിലിന് (കുറുമ്പാല) അഭിനന്ദനങ്ങൾ.

**ഓസാനാംഭവൻ സന്ദർശനം**

| | | |
|---|---|---|
| 2017 ഫെബ്രുവരി 1-15 | - | കുറുമ്പാല എ.സി |
| ഫെബ്രുവരി 16-28 | - | തരിയോട് എ.സി |
| മാർച്ച് 1-15 | - | കല്പ്പററ എ.സി |
| മാർച്ച് 16-31 | - | ചുങ്കക്കുന്ന് എ.സി. |

**സി.സി.യോഗം ഫെബ്രുവരി 11-ന്**

അടുത്ത സി.സി.യോഗം ഫെബ്രുവരി 11 ന് നടവയൽ ഓസാനാംഭവൻ ഹാളിൽ രാവിലെ 10-ന് ആരംഭിക്കും. അജണ്ട-ടിന്നിംഗ് ഗ്രാന്റ്, എ.സി. വാർഷികങ്ങൾ, കോൺഫ്രൻസ് സന്ദർശനം, മുൻപ്രവർത്തകരുടെ സംഗമം.

**നിയമനം**

എ.സി.തല എക്സ്റ്റൻഷൻ ഓഫീസർമാർ-ബ്രദർ ജോസഫ് മൂങ്ങനാനിയിൽ (കല്ലോടി), സിസ്ററർ റോസ്ലിന്റ് (കല്പ്പററ), ബ്രദർ ജോസഫ് ചെറുപ്ലാവിൽ (കൊട്ടിയൂർ), ബ്രദർ കുര്യാക്കോസ് പാറേക്കാട്ടിൽ (കുറുമ്പാല), ബ്രദർ തോമസ് വാളോട്ടിൽ (മാനന്തവാടി), ബ്രദർ മാണി കുഴികണ്ടത്തിൽ (നടവയൽ), ബ്രദർ ഷാജൻ തലച്ചിറ (മാണ്ഡ്യ), ബ്രദർ ടി. കെ. ലൂക്കാ മാസ്റ്റർ (പുൽപ്പള്ളി), ബ്രദർ ജോർജ്ജ് തടത്തിപുത്തൻപുരയിൽ (തോണിച്ചാൽ)

**ബ്രദർ ജോർജ്ജ് ആക്കാന്തിരി**
സി.സി.പ്രസിഡന്റ്

## സാമൂഹ്യ സേവനരംഗം (WSSS)

**നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തൊണ്ടർനാട്, തവിഞ്ഞാൽ ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതി കാര്യക്ഷമമായി പുരോഗമിക്കുന്നു. കഴിഞ്ഞമാസം 22 വനിതാസ്വാശ്രയങ്ങൾക്ക് വിവിധ വരുമാനവർദ്ധക സംരംഭങ്ങൾ ആരംഭിക്കുന്നതിന് 22 ലക്ഷം സാമ്പത്തിക സഹായം നൽകി.

**സേവ് എ ഫാമിലി പ്ലാൻ**

സമൂഹത്തിലെ നിർദ്ധനരായ കുടുംബങ്ങളെ മുഖ്യധാരയിലേയ്ക്ക് നയിക്കുന്നതിനുള്ള ഈ പദ്ധതിയിൽ ഇന്ന് 335 കുടുംബങ്ങൾ പങ്കാളികളാണ്.

മേഖലാതല യോഗങ്ങളിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കായ് ഒരു യോഗം ഡിസംബർ 12-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. WSSS പ്രോഗ്രാം ഓഫീസർ ശ്രീ. പി.എ. ജോസ് യോഗം ഉദ്ഘാടനം ചെയ്തു. ശ്രീ. ചാക്കോ ജൈവപച്ചക്കറികൃഷിയേപ്പറ്റി ക്ലാസെടുത്തു.

സേവ് എ ഫാമിലി പ്ലാനിൽനിന്ന് സ്വാവലംബൻ പദ്ധതിയിൽ പങ്കുകാരായവർ ജനുവരി ഫെബ്രുവരി മാസങ്ങളിലായ് പദ്ധതി പുതുക്കേണ്ടതാണ്.

സേവ് എ ഫാമിലി പ്ലാൻ പുതുതായി അംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള തെരഞ്ഞെടുപ്പ് പുരോഗമിക്കുന്നു.

**DDU-DKY**

കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും

സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രൊജെക്റ്റ് ആണ് നടപ്പിൽ ആക്കുന്നത്.

DDU-GKY ഇതുവരെ 201 കുട്ടികളെ രണ്ടു കോഴ്സുകളിലായി പഠിപ്പിക്കുകയും 150 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു. പത്തോളം കുട്ടികളെ വിദേശ രാജ്യങ്ങളിൽ ജോലി നൽകുന്നതിനുള്ള കമ്പനി പരിശീലനത്തിലാണ് ഇപ്പോൾ. അടുത്ത വർഷത്തേക്ക് പുതിയ കോഴ്സുകളും ആരംഭിക്കുന്നുണ്ട്. അതിനുള്ള സർക്കാർ അംഗീകാരം കിട്ടിയാൽ ഉടനെ അറിയിക്കുന്നതാണ്.

NULM മായി ചേർന്ന് കൽപ്പറ്റയിൽ സ്നേഹസധൻ കോൺവെന്റിൽ Sewing Machine Operator കോഴ്സ് ആരംഭിച്ചു. ഇത് കൽപ്പറ്റ മുൻസിപ്പാലിറ്റിയിൽ ഉള്ളവർക്ക് മാത്രമാണ്. മാനന്തവാടി മുൻസിപ്പാലിറ്റിയിൽ ഉള്ളവർക്ക് Food Processing, Accountant with Tally എന്നീ കോഴ്സുകൾ NULM മായി ചേർന്ന് ആരംഭിക്കുന്നു. താൽപര്യ മുള്ളവർ എത്രയും വേഗം കൽപ്പറ്റ മുൻസിപ്പാലിറ്റിയുമായോ WSSS ഓഫീസിയുമായോ ബന്ധപ്പെടുക.

**കേരളാ ലേബർ മൂവ്മെന്റ് (KLM)**

തൊഴിലാളികളുടെ ആദ്ധ്യാത്മികവും സാംസ്കാരികവും സാമ്പ ത്തികവുമായ പുരോഗതിക്ക്വേണ്ടിയും തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനുവേണ്ടിയും പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**ബോധവൽക്കരണ ക്ലാസ്**

സീതാമൗണ്ട് സെന്റ് ജോസഫ് ദേവാലയത്തിൽ 17-12-16 ന് KLM നെക്കുറിച്ചും കേരളാ ഗവൺമെന്റിന്റെ വിവിധതരം ക്ഷേമപദ്ധതികളെ ക്കുറിച്ചും KLM കോഡിനേറ്റർ ശ്രീമതി മിനി ക്ലാസ് നടത്തി. അന്നേ ദിവസം തയ്യൽ തൊഴിലാളി ക്ഷേമനിധി, ചെറുകിടതോട്ടം തൊഴിലാളി, നിർമ്മാണതൊഴിലാളി ക്ഷേമനിധി എന്നിവയിൽ അംഗത്വം എടുക്കുക യുണ്ടായി.

**KLM യൂണിറ്റ് രൂപീകരണം**

മാനന്തവാടി രൂപതയിലെ അമ്പായത്തോട്, ചുങ്കക്കുന്ന്, മുള്ളൻകൊല്ലി, കണിയാരം, ശശിമല, ഇരുളം, തവിഞ്ഞാൽ, പയ്യംമ്പള്ളി, പാടിച്ചിറ, സീതാമൗണ്ട്, പുതുശ്ശേരിക്കടവ്, കുറ്റിമൂല, ബോയ്സ്ടൗൺ, കാരക്കാമല, കല്ലുവയൽ, വാളവയൽ, തോമാട്ടുചാൽ, ചെറുകാട്ടൂർ, കാട്ടിമൂല, പുതിയിടംകുന്ന് തുടങ്ങിയ ഇടവകയിൽ KLM ന്റെ യൂണിറ്റ് രൂപീകരണം നടന്നു.

**സ്വാവലംബൻ (സുരക്ഷ)**

കേന്ദ്രഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയായ സ്വാവലംബൻ പദ്ധതിയിൽ അംഗങ്ങളായവരുടെ 2016-17 ലെ പുതുക്കൽ നടപടി തുടരുന്നു. പുതുക്കാത്തവർ എത്രയും പെട്ടെന്ന് പുതുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**KLM യൂണിറ്റ് ലീഡേഴ്സ് മീറ്റിംഗ്**

കെ.എൽ.എം. രൂപതാ സമിതിയുടെ യൂണിറ്റ് ലീഡേഴ്സ് മീറ്റിംഗ് 31-12-2016 WSSS ഓഡിറ്റോറിയത്തിൽ നടന്നു. KLM കോഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡണ്ട് ശ്രീ. ബിജു പുയ്ക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ രൂപതാ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ ഉദ്ഘാടനം നിർവ്വഹിച്ചു. KLM രൂപതാ സെക്രട്ടറി ശ്രീമതി ആലീസ് സിസിൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. WSSS പ്രോഗ്രാം ഓഫീസർ ശ്രീ. പി.എ. ജോസ് മുഖ്യപ്രഭാഷണം നടത്തി. കേരളാ ലേബർ മൂവ്മെന്റിനെക്കുറിച്ചും കേരളാ ഗവൺമെന്റിന്റെ വിവിധതരം ക്ഷേമപദ്ധതികളെകുറിച്ചും KLM സംസ്ഥാന പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ ബോധവൽക്കരണം നൽകി. തുടർന്ന് പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു. പ്രസിഡന്റ് ശ്രീ. ബിജു പുയ്കുന്നേൽ, വൈസ്പ്രസിഡന്റ് ശ്രീമതി സിസിലി മാത്യു, സെക്രട്ടറി ശ്രീ. ബിജു മരോട്ടിമൂട്ടിൽ, ജോയിന്റ് സെക്രട്ടറി ശ്രീമതി സാൽവി ചാക്കോ എന്നിവരെ തിരഞ്ഞെടുത്തു. മുൻസെക്രട്ടറി ആലീസ് സിസിൽ സംസ്ഥാന സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. സെക്രട്ടറി ശ്രീ. ബിജു മരോട്ടിമൂട്ടിൽ നന്ദി പറഞ്ഞു.

**പാരമ്പര്യകുരുമുളകു സംരക്ഷണപദ്ധതി** (TRADITIONAL PEPPER CONSERVATION PROJECT)

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ബോയ്സ് ടൗണിൽ നടപ്പിലാക്കുന്ന പാരമ്പര്യ കുരുമുളകു സംരക്ഷണപരിപാടിയുടെ സർവ്വെയും, കുരുമുളകിനങ്ങളുടെ ശേഖരണവും കഴിഞ്ഞ മാസം നടന്നു.

പദ്ധതി ആരംഭിച്ചതിനുശേഷം 30 ഇനം പാരമ്പര്യകുരുമുളകിനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. കുതിരവള്ളി, ബാലൻകൊട്ട, ഐപിരിയൻ, കരിമുണ്ട തുടങ്ങിയ ഇനങ്ങൾ നല്ല ഗുണനിലവാരം ഉള്ളതായി കണ്ടു. പടിഞ്ഞാറത്തറ, നിരവിൽപ്പുഴ, പുതുശ്ശേരി, പേരിയ, കൊട്ടിയൂർ എന്നിവിടങ്ങളിൽ സർവ്വെ നടന്നു. ഓരോ ഇനങ്ങളുടെയും ജൈവസവിശേഷതകൾ രേഖപ്പെടുത്തുകയും, സാംബിളുകൾ ശേഖരിക്കുകയും ചെയ്തു. ഈ കഴിഞ്ഞമാസം പത്തിനങ്ങൾ കണ്ടെത്തുകയും,

വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. ശേഖരിച്ച കുരുമുളകിനങ്ങളുടെ സാംമ്പിളുകൾ ബോയ്സ് ടൗണിലെ മ്യൂസിയത്തിൽ ശേഖരിച്ചു. കുരുമുളകിനങ്ങളുടെ തൈകൾ ഉദ്പാദിപ്പിക്കുവാനുള്ള പ്രവർത്തനം കഴിഞ്ഞമാസം ആരംഭിച്ചു. പാരമ്പര്യ ഇനങ്ങളുടെ പുന:സംരക്ഷണത്തിനായി ഒരുങ്ങിയിട്ടുള്ള സ്ഥലത്തിന്റെ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

ജൈവകർഷകർക്കുവേണ്ടി നടപ്പിലാക്കുന്ന ബയോഡൈനാമിക് കൃഷിക്കാവശ്യമായ വളനിർമ്മാണം ബോയ്സ് ടൗണിൽ പൂർത്തിയായി. ആദ്യഘട്ടത്തിൽ പുതുശ്ശേരി ഇടമുണ്ട കോളനിയിൽ രണ്ടു ആദിവാസി കർഷകരുടെ കൃഷിഭൂമി ഒരു മാതൃക കൃഷിത്തോട്ടമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഇതിനോടനുബന്ധിച്ചുള്ള വൃക്ഷായുർവേദ വിജ്ഞാനകേന്ദ്രത്തിന്റെ (Urikshayurveda Knowledge Centre) പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി കഴിഞ്ഞമാസം 30-ന് കോട്ടയം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ വച്ചുനടന്ന അന്താരാഷ്ട്ര ജൈവ വൈവിധ്യ സെമിനാറിൽ പങ്കെടുക്കുകയും, ചർച്ചകളിൽ ഭാഗഭാക്കാകുകയും ചെയ്തു.

**ജലനിധി**

1) 17-2-2016 കമ്മന ആസ്ഥാനമായ മഹാത്മ ശുദ്ധജലവിതരണ പദ്ധതി എടവക ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഉഷാവിജയൻ ഉദ്ഘാടനം ചെയ്തു.
2) ODF പദ്ധതിപ്രകാരം 8 കുടുംബങ്ങൾക്ക് ടോയ്ലറ്റിന് ഫണ്ട് ലഭ്യമാക്കി (15400) രൂപവീതം.
3) 21-12-2016 GWR (ഭൂജലപരിപോഷണം) സെമിനാർ ഗ്രാമപഞ്ചായത്ത് ഹാളിൽവെച്ച്.
4) പദ്ധതി എഞ്ചിനീയറിംഗ് വാല്യുവേഷൻ രേഖകളുടെ പരിശോധന RPMU വിൽ നിന്ന് ഉദ്യോഗസ്ഥർ നടത്തിവരുന്നു.
5) ജലനിധി പ്രോജക്ട് ഓഫീസ് എടവകപഞ്ചായത്തിൽ നിന്ന് WSSS ഓഫീസിലേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചു.

**വികാസ്പീഡിയ**

**ഡിജിറ്റൽ ഫിനാൻസ് ശില്പശാലകൾ**

കറൻസി നിരോധനത്തെതുടർന്നുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് പൊതുജനങ്ങളെ സഹായിക്കുന്നതിന് വികാസ്പീഡിയയുടെ നേതൃത്വത്തിൽ അക്ഷയ, കുടുംബശ്രീ, സാക്ഷരതാമിഷൻ തുടങ്ങിയവയുമായി സഹകരിച്ച് ഡിജിറ്റൽ പണമിടപാടുകളെകുറിച്ചുള്ള ശില്പശാലകൾ സംഘടിപ്പിച്ചുവരുന്നു. വയനാട്, കണ്ണൂർ, മലപ്പുറം,

തിരുവനന്തപുരം ജില്ലകളിലായി അമ്പതിലധികം സെമിനാറുകൾ നടത്തി. വിവിധ ഗ്രന്ഥശാലകൾ, അക്ഷയകേന്ദ്രങ്ങൾ, ക്രിസ്ത്യൻ കൾച്ചറൽഫോറം, ദീപിക ഫ്രണ്ട്സ്ക്ലബ് എന്നിവയുമായി സഹകരിച്ച് വിവിധ ഇടവകകളിലും പരിപാടികൾ സംഘടിപ്പിച്ചു. വികാസ്പീഡിയ സ്റ്റേറ്റ്കോഡിനേറ്റർ സി.വി.ഷിബു ക്ലാസെടുത്തു.

**പനമരം ഡിജിറ്റൽ ബ്ലോക്ക് ബത്തേരി ഡിജിറ്റൽ താലൂക്ക്**

ഡിജിറ്റൽ ബോധവൽക്കരണ പരിപാടികളുടെ ഫലമായി സുൽത്താൻബത്തേരി താലൂക്കിനെ ഡിജിറ്റലായി പ്രഖ്യാപിച്ചു. ബീനാച്ചി മദ്രസഹാളിൽ നടന്ന ചടങ്ങിൽ നഗരസഭ, വൈസ്ചെയർ പേഴ്സൺ ജിഷഷാജി പ്രഖ്യാപനം നടത്തി. ബീനാച്ചി ഓട്ടോസ്റ്റാന്റിനെ ക്യാഷ്ലെസ്സ് ഓട്ടോസ്റ്റാന്റായും പ്രഖ്യാപിച്ചു. പനമരം വ്യാപാരഭവനിൽ നടന്ന ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് വിനീത്കുമാർ പനമരം ബ്ലോക്കിനെ ഡിജിറ്റൽ ബ്ലോക്കായി പ്രഖ്യാപിച്ചു.

മാനന്തവാടി വ്യാപാരഭവനിൽ വ്യാപാരികൾക്കായും കൽപ്പറ്റ പ്രസ്ക്ലബിൽ മാധ്യമ പ്രവർത്തകർക്കായും പരിശീലന പരിപാടി സംഘടിപ്പിച്ചു. ജില്ലാതല ശില്പശാല വയനാട് ജില്ലാകലക്ടറും ക്രിസ്റ്റ്യൻ കൾച്ചറൽ ഫോറം നടത്തിയ ജില്ലാതല ശില്പശാല ബിഷപ് മാർ ജോസ് പൊരുന്നേടവും ഉദ്ഘാടനം ചെയ്തു. ഊർജ്ജസംരക്ഷണദിന പരിപാടി ഒ.ആർ. കേളു എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി**

സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെയും വനിതാ സ്വാശ്രയ സംഘങ്ങളുടെയും പ്രവർത്തനങ്ങൾ ഭംഗിയായി നടന്നുവരുന്നു. 20-12 -2016 ന് CDO (കമ്യൂണിറ്റി ഡെവലപ്മെന്റ് ഓർഗനൈസ്) മാരുടെയും SWS സെക്രട്ടറിമാരുടെയും ഏകദിന സെമിനാർ WSSS ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. സോളാർ വാട്ടർ ഹീറ്ററിന്റെ ഉപയോഗത്തെകുറിച്ചും സബ്സിഡിയെകുറിച്ചും അന്ത്യോദ്യയുടെ ഓഫീസിൽനിന്നും പ്രോഗ്രാം ഓഫീസറായ പീറ്റർ സാർ ക്ലാസെടുത്തു. വനിതാസ്വാശ്രയ സംഘങ്ങളുടെയും SWS, PSSS, ക്രെഡിറ്റ് യൂണിയൻ എന്നിവയുടെയും ഓഡിറ്റുകൾ യഥാസമയം നടത്തിവരുന്നു. ആശാകിരണം പദ്ധതിയെ കുറിച്ച് സോഷ്യൽവെൽഫയർ സൊസൈറ്റികൾക്ക് ബോധവൽക്കരണം നടത്തുകയും, കേന്ദ്രഗവൺമെന്റ് പദ്ധതിയായി നൈറോഷ്നി പ്രോഗ്രാമിന്റെ പ്രാഥമികഘട്ട ഒരുക്കങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു.

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ, വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി

# ബയോവിൻ അഗ്രോ റിസർച്ച്

**(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയും അനുബന്ധ മേഖലകളും)**

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ ഡിസംബർ മാസം വിവിധ പ്രവർത്തനങ്ങൾ നടത്തുവാനും കർഷകരുടെ പങ്കാളിത്തം ഉറപ്പു വരുത്തുവാനും സാധിച്ചു. പദ്ധതിയിലേക്ക് ഡിസംബർ മാസം പുതു തായി 159 കർഷകർ അംഗങ്ങളായി. ഇവരെ ഫീൽഡ് ഓഫീസർമാരുടെ നേതൃത്വത്തിൽ ഗ്രൂപ്പുകളാക്കി തിരിക്കുകയും വേണ്ട മാർഗ്ഗ നിർദ്ദേശ ങ്ങൾ നൽകുകയും ചെയ്തു.

**കർഷകഗ്രൂപ്പ് മീറ്റിഗുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിം ഗുകൾ 300 വില്ലേജ് ഫാം ക്ലബ്ബുകളിൽ നടക്കുകയും 74 മീറ്റിംഗുകളിൽ റീജിയണൽ കോർഡിനേറ്റർമാർ, 226 മീറ്റിംഗുകളിൽ മോണിറ്ററിംഗ് ഓഫീസർമാർ എന്നിവർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും പുതുതായി രൂപീ കരിച്ച ഗ്രൂപ്പുകളിൽ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

**ജൈവസാക്ഷ്യപത്രം പുതുക്കൽ**

ജൈവ കർഷകരുടെ ഉത്പ്പന്നങ്ങൾ ആഭ്യന്തര-വിദേശ വിപണി കളിൽ വിപണനം നടത്തുന്നതിനാവശ്യമായ സാക്ഷ്യപത്രം പുതുക്കുന്ന തിനാവശ്യമായ നടപടികൾ ശ്രീ. അമലിന്റെ നേതൃത്വത്തിൽ കൃഷിയി ടങ്ങളിലും, ആവശ്യമായ രേഖകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ രമ്യയുടെ നേതൃത്വത്തിലും നടന്നുവരുന്നു.

**സെമിനാർ സംഘടിപ്പിച്ചു**

**കയ്യൂന്നി**

പുതുതായി അംഗങ്ങളായ കർഷകർക്ക് കയ്യൂന്നി കേന്ദ്രീകരിച്ച് ശ്രീ. സുജേഷിന്റെ നേതൃത്വത്തിൽ കർഷക സെമിനാർ സംഘടിപ്പിച്ചു. ജൈവകൃഷി നേട്ടങ്ങളും, കൃഷി രീതിയും, ജൈവ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന-സംഭരണ-വിപണന രീതികൾ തുടങ്ങിയ വിഷയങ്ങളിൽ

ശ്രീ. ജോസ് പി.എ. ക്ലാസ്സുകൾ നയിച്ചു. ശ്രീ. ഷാജി ജോസ്, ശ്രീ. അമൽ, ശ്രീ. സുജേഷ് എന്നിവർ സംസാരിച്ചു. 130 കർഷകർ പങ്കെടുത്തു.

**കൂളിവയൽ**

കൂളിവയൽ കേന്ദ്രമായി രൂപംകൊണ്ട ജൈവകർഷക കൂട്ടായ്മയ്ക്ക് ജൈവകൃഷിരീതി, ജൈവ കൃഷിയുടെ നേട്ടങ്ങൾ, കർഷക ഗ്രൂപ്പുകൾ തുടങ്ങിയ വിഷയങ്ങളിൽ ശ്രീ. ഷാജി ജോസ് ക്ലാസ്സുകൾ നയിച്ചു. ശ്രീ. അമൽ, ശ്രീമതി ഷാലി എന്നിവർ സംസാരിച്ചു. 70 കർഷകർ പങ്കെടുത്തു.

**ട്രെസിബിലിറ്റി വർക്ക് ഷോപ്പ്**

ലാക്കോൺ ഓപ്പറേഷൻ മാനേജർ ശ്രീ. അനിൽ മാത്യു വർഗീസിന്റെ നേതൃത്വത്തിൽ പ്രോഡക്ട് ട്രെസിബിലിറ്റി എന്ന വിഷയത്തിൽ ബയോവിന്നിൽ വച്ച് ഏകദിന പരിശീലനം സംഘടിപ്പിച്ചു. പർച്ചേസ് മാനേജർ, ICS കോർഡിനേറ്റർ, ക്വാളിറ്റി കൺട്രോൾ മാനേജർ, ഫീൽഡ് ഓഫീസർമാർ എന്നിവർ പങ്കെടുത്തു. കർഷകരുടെ ഉൽപ്പന്നങ്ങൾ വിളവെടുപ്പ് മുതൽ വിപണിയിൽ എത്തുംവരെയുള്ള ട്രെയ്സിബിലിറ്റി ഉറപ്പുവരുത്തുവാനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്തു.

**വൊഫാ**

**സംഭരണം, സംസ്കരണം, വിപണനം**

വൊഫായിൽ അംഗങ്ങളായ കർഷകരിൽ നിന്നും ഡിസംബർ മാസം 190328 കിലോ കാപ്പി 85 രൂപ നിരക്കിലും, 1.7 കിലോ ഗ്രാമ്പൂ 950 രൂപ നിരക്കിലും, 5.3 കിലോ മഞ്ഞൾ 110 രൂപ നിരക്കിലും, 20.5 കിലോ ജാതിക്ക 275 രൂപ നിരക്കിലും, 1.5 കിലോ ജാതിപത്രി 1050 രൂപ നിരക്കിലും, 30 കിലോ കൊക്കോ ബീൻസ് 270 രൂപ നിരക്കിലും സംഭരിച്ചു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

# റേഡിയോ മാറ്റൊലി 90.4 mhz

**പ്രക്ഷേപണ സമയം ദീർഘിപ്പിച്ചു**

ജനുവരി 1 മുതൽ റേഡിയോ മാറ്റൊലിയുടെ പ്രക്ഷേപണം 20 മണിക്കൂറായി ദീർഘിപ്പിച്ചു. രാവിലെ 05.30 മുതൽ രാത്രി 01.30 വരെയാണ് സമയം.

**പുതിയ പ്രക്ഷേപണ പരിപാടികൾ**

- ധന്യമീ ജീവിതം – വയോജന സൗഹൃദ പരിപാടി.
- ടെക്നോ മാറ്റൊലി–പുതിയ സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തുന്ന പരിപാടി.
- ഓവർ ഡ്രൈവ്–പുതിയ വാഹനങ്ങളെ പരിചയപ്പെടുത്തുന്ന പരിപാടി.
- മൂപ്പന്റെ കൗതുകങ്ങൾ – കൗതുക വാർത്തകൾ.
- തുടിച്ചെത്തം വിശേഷങ്ങൾ–ചുറ്റുവട്ടം ദിവസേന ആദിവാസി ഭാഷയിൽ.

**സംഗീത പരിപാടികൾ**

- രാഗമാലിക–ഫാ.വിജയൻ ചോഴംപറമ്പിൽ തയ്യാറാക്കിയ മേളകർത്താരാഗങ്ങൾ എന്ന സംഗീത ആൽബം ആസ്പദമാക്കിയുള്ള പരിപാടി.
- വിസ്മയചെപ്പ്
- സപ്തസ്വരങ്ങൾ
- ഓർമ്മതാളുകൾ
- പാട്ടിന്റെ പാലാഴി

**സല്ലാപം തത്സമയ പ്രക്ഷേപണം**

റേഡിയോ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്തുവരുന്ന സല്ലാപം ഫോൺ ഇൻ പരിപാടിയിൽ എല്ലാ തിങ്കളാഴ്ചയും തത്സമയ ഇഷ്ടഗാന പരിപാടി, എല്ലാ വ്യാഴാഴ്ചയും പ്രത്യേക ഫോൺ ഔട്ട് പ്രോഗ്രാം, എല്ലാ ഞായറാഴ്ചയും സാമൂഹ്യ പ്രതിബദ്ധതയുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്ന പരിപാടി എന്നിവ ഉൾപ്പെടുത്തി.

**പുതുവത്സര ദിനത്തിൽ പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു**

വിനോദസഞ്ചാര വകുപ്പ് ഡയറക്ടറും മിൽമ എം.ഡി.യുമായ ശ്രീ യു.വി. ജോസ് IAS മാറ്റൊലി സന്ദർശിച്ചു. സ്റ്റാഫും കോർ ടീമും ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു. മാറ്റൊലി ടീമിനെ അഭിസംബോധന ചെയ്ത് അദ്ദേഹം സംസാരിച്ചു. ഭാവി പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്തു. മാറ്റൊലി അസി. ഡയറക്ടർ ഫാ. ജസ്റ്റിൻ മാത്യു അദ്ദേഹവുമായി നടത്തിയ അഭിമുഖം റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്തു.

**റേഡിയോ പാനൽ ചർച്ച**

ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായി രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന ഡിജിറ്റൽ ധനകാര്യവ്യവസ്ഥയെ പരിചയപ്പെടുത്തുന്നതിന് റേഡിയോ മാറ്റൊലിയിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. കറൻസി രഹിത ഇടപാടുകൾ ജീവിത ശൈലിയാക്കണമെന്ന് ചർച്ച അഭിപ്രായപ്പെട്ടു. ഡിജിറ്റൽ പേയ്മെന്റ് സിസ്റ്റം, ഡെബിറ്റ് കാർഡുകൾ, ഓൺലൈൻ വ്യാപാരം, സാങ്കേതിക സഹായം, ബോധവത്കരണ പരിപാടികൾ എന്നിവ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്തു. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാനകമ്മിറ്റി അംഗം കെ ഉസ്മാൻ, അക്ഷയ ജില്ലാ കോ ഓർഡിനേറ്റർ ജിൻസി ജോസഫ്, പ്രോജക്റ്റ് അസിസ്റ്റന്റ് ജിതേഷ് ഏ.സി എന്നിവർ ചർച്ചയിൽ പങ്കെടുത്തു. വികാസ് പീഡിയ സ്റ്റേറ്റ് കോഡിനേറ്റർ സി.വി. ഷിബു മോഡറേറ്ററായിരുന്നു. പരിപാടി കേരളത്തിലെ എല്ലാ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനുകളും പ്രക്ഷേപണം ചെയ്തു.

**വെഞ്ചരിപ്പ് നടത്തി**

റേഡിയോ മാറ്റൊലിയിൽ വാർഷിക വെഞ്ചരിപ്പ് ദ്വാരക ഇടവക വികാരി ഫാ. അനിൽ മൂഞ്ഞനാട്ട് നിർവ്വഹിച്ചു. സ്റ്റാഫ് അംഗങ്ങളും സന്നദ്ധ പ്രവർത്തകരും കർമ്മങ്ങളിൽ പങ്കെടുത്തു. ന്യൂ ഇയർ പ്രത്യേക സ്റ്റാഫ് മീറ്റിംഗ് നടത്തി. റേഡിയോ മാറ്റൊലി ചെയർമാൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അനുഗ്രഹ പ്രഭാഷണം നടത്തി. ആസ്സാമിലെ ജോർഹട്ട് ബോസ്കോ ഇൻസ്റ്റിറ്റ്യൂട്ടിലെ ഫാ. ജെറി തോമസ് മുഖ്യാതിഥി ആയിരുന്നു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

## MARY MATHA ARTS & SCIENCE COLLEGE

**December 2016 -January 2017**

The Research Department of Mathematics conducted an Open Defence Seminar on 20 December 2016 in which Mr Sudev N K successfully completed his PhD. Arun M S and Deepa got selected to the KSEB state level Power Quiz competition to be held on 18 Jan 2017. The College Union and the Fine Arts were formally inaugurated on 6 Jan 2017 in which Mr Rajith Menon (Cine Actor) and Mr Muzzafar Ahamed (Editor, Madhyamam Weekly) were the chief guests. The college hosted Inter collegiate Yoga Competitions on 10 January 2017 in which our Men's and Women's teams became champions. Our Mens's team won the Inter collegiate Archery Championship held at Govt College, Mananthavady on 12 January 2017. Kerala State Council for Science, Technology and Environment (KSCSTE) conducted a programme in which Dr C Anilkumar (Principal Scientist) and Mr Abdul Shukkur (Executive Engineer, KSEB) engaged the sessions. The College Magazine 2015-16 was released on 16 January 2017 by Dr Abdul Lathief, Asst Professor, Sreesankara Sanskrit University. Fine Arts competitions have gathered momentum alongside the busy academic schedule.

**Dr. Savio James V**
Principal

**HM പ്രമോഷൻ: അപേക്ഷകൾ**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിൽ ന്യൂനപക്ഷപദവി ലഭിച്ച വിദ്യാലയങ്ങളിലെ 2017-2018 അധ്യയന വർഷത്തേയ്ക്കുള്ള പ്രധാനാദ്ധ്യാപകരുടെ നിയമനത്തിനുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള സർക്കുലർ എല്ലാവരും കണ്ട് ബോധ്യപ്പെട്ടുവെന്ന് കരുതട്ടെ. പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് അപേക്ഷിക്കാനാഗ്രഹിക്കുന്നവർ ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ ശരിപ്പകർപ്പ് തന്നെ പൂരിപ്പിച്ച് ലോക്കൽ മാനേജരുടെയും, ഹെഡ്മാസ്റ്ററിന്റെയും അംഗീകാരത്തോടു കൂടി ടെസ്റ്റ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം 2017 മാർച്ച് 10-ാം തീയതിക്കു മുൻപ് ദ്വാരകയിലുള്ള കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയിയുടെ ഓഫീസിൽ എത്തിക്കുകയും, CEADOM Website ന്റെ പോർട്ടലിൽ ഇതിന്റെ സോഫ്റ്റ് കോപ്പി പൂരിപ്പിച്ച് ഹെഡ്മാസ്റ്റർ മുഖേന ഫോർവേഡ് ചെയ്യുകയും വേണം. Hard copy യും, Soft Copy യും ലഭിച്ചാൽ മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളൂ. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**ട്രാൻസ്ഫർ: അപേക്ഷകൾ**

രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ ജോലി ചെയ്യുന്ന എല്ലാ അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും, 2017-2018 അധ്യയന വർഷത്തേയ്ക്കുള്ള ട്രാൻസ്ഫർ അപേക്ഷാ ഫോം ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ നിന്നും 2017 ജനുവരി 20-ാം തീയതി മുതൽ ലഭിക്കുന്നതാണ്. കോർപ്പറേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ ശരിപ്പകർപ്പ് തന്നെ പൂരിപ്പിച്ച് ലോക്കൽ മാനേജരുടെയും, ഹെഡ്മാസ്റ്ററിന്റെയും അംഗീകാരത്തോടുകൂടി 2017 മാർച്ച് 10- നു മുമ്പ് ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കുകയും, CEADOM Website ന്റെ പോർട്ടലിൽ ഇതിന്റെ സോഫ്റ്റ് കോപ്പി

പൂരിപ്പിച്ച് ഹെഡ്മാസ്റ്റർ മുഖേന ഫോർവേഡ് ചെയ്യുകയും വേണം. Hard copy യും, Soft Copy യും ലഭിച്ചാൽ മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളൂ. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**മോറൽ സയൻസിന്റെ പരീക്ഷ**

നമ്മുടെ വിദ്യാലയങ്ങളിൽ മോറൽ സയൻസിന് കഴിഞ്ഞ വർഷം വരെ നമ്മുടെ രൂപത തയ്യാറാക്കിയ പാഠപുസ്തകങ്ങൾ ഉപയോഗിച്ച് പഠിപ്പിക്കുകയും കോർപ്പറേറ്റിൽ മൂല്യനിർണ്ണയം നടത്തി അർഹരായവർക്ക് കോർപ്പറേറ്റിൽ നിന്നും ക്യാഷ് അവാർഡും അനുമോദന പത്രികയും നൽകി വരികയുമായിരുന്നു. എന്നാൽ ഈ വിദ്യാഭ്യാസവർഷം മുതൽ മോറൽ സയൻസിന് കെ.സി.ബി.സി വിദ്യാഭ്യാസ കമ്മീഷൻ തയ്യാറാക്കി പ്രസിദ്ധം ചെയ്ത പുസ്തകങ്ങൾ വഴിയാണല്ലോ നാം പഠിപ്പിച്ചുവരുന്നത്. ഈ പാഠപുസ്തകങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഉപയോഗിക്കുകയും കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തി അർഹരായവർക്ക് അനുമോദന പത്രിക നൽകുകയും ചെയ്യുന്നുണ്ട്. അതിൻ പ്രകാരം ഈ വർഷത്തെ പരീക്ഷകൾ നേരത്തെ തന്നെ അറിയിച്ചിരുന്നതു പോലെ എൽ.പി, യു.പി, ഹൈസ്ക്കൂൾ വിഭാഗങ്ങളുടെത്  2017 ജനുവരി 13 ന് നടത്തപ്പെട്ടു. ഇതിൽ 90% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ ഉത്തരക്കടലാസുകൾ വീണ്ടും മൂല്യനിർണ്ണയം നടത്തി അർഹരായവർക്ക് 1 മുതൽ 10 വരെ ക്ലാസ്സുകളിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ആദ്യ മൂന്നുസ്ഥാനക്കാർക്ക് 2017 കോർപ്പറേറ്റ് സ്റ്റാഫ് കൺവെൻഷനിൽ വച്ച് അവാർഡ് നൽകുന്നതുമാണ്. പത്താം ക്ലാസ്സുകൾക്ക് കെ.സി.ബി.സി യുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ  അനുമോദന പത്രിക നൽകുന്നതായിരിക്കും.

**ദേശജ്യോതി ക്വിസ് മത്സരം നടത്തി**

കേരള കാത്തലിക്ക് ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ മാനന്തവാടി രൂപത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള വിദ്യാലയങ്ങളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ദേശജ്യോതി മെഗാ ക്വിസ് മൽസരത്തിന്റെ ഫൈനൽ ദ്വാരക എ.യു.പി. സ്ക്കൂളിൽ വെച്ച് 2017 ജനുവരി 17 ന് നടത്തപ്പെട്ടു. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ മത്സരം ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. ബിജു പൊൻപാറക്കൽ അദ്ധ്യക്ഷത വഹിച്ചു. ടീച്ചേഴ്സ് ഗിൽഡ് രൂപതാ പ്രസിഡന്റ് സജി ജോൺ, ദ്വാരക എ.യു.പി സ്ക്കൂൾ പ്രധാനാദ്ധ്യാപകൻ ഷാജി വർഗ്ഗീസ്, എം.എ. മാത്യു എന്നി

വർ പ്രസംഗിച്ചു. ദേശജ്യോതി മെഗാ ക്വിസ് മൽസരത്തിന്റെ ഫൈനലിൽ വിജയികളായവർക്ക് സെഡോം ഫാമിലിയുടെ അനുമോദനങ്ങൾ.

ഹയർ സെക്കന്ററി വിഭാഗത്തിൽ സെന്റ് തോമസ് എച്ച്.എസ്. എസ്. നടവയലിലെ ഫെബിൻ പി. ബാബു, ഐ.ജെ.എം.എച്ച്.എസ്. എസ്. കൊട്ടിയൂരിലെ രാഹുൽ സജി, അഷിൻ ഫിലിപ്പ് എന്നിവർ യഥാ ക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

ഹൈസ്ക്കൂൾ വിഭാഗത്തിൽ വൈശാഖ് കെ. ആർ - ഫാ.ജി.കെ. എം.എച്ച്.എസ് കണിയാരം, സ്വാതിമോൾ ഐ.ജെ.എം.എച്ച്.എസ്.എസ് കൊട്ടിയൂർ, എയ്ഞ്ചലിന മെറ്റിൽഡ ജോസഫ് ഫാ.ജി.കെ.എം. എച്ച്.എസ് കണിയാരം എന്നിവർ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

യു.പി. വിഭാഗത്തിൽ ദിയ കെ. മനോജ് സെന്റ് മേരീസ് തരി യോട്, ആൻസ് മരിയ റോയി, സെന്റ് കാതറൈൻസ് എച്ച്.എസ്. പയ്യം പ്പള്ളി, ജിസ്പോൾ വിൽസൺ സെന്റ് ജോസഫ് യു.പി. കല്ലോടി എന്നി വർ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

എൽ.പി. വിഭാഗത്തിൽ അലൻ ടോംസ് സെന്റ് തോമസ് എൽ. പി.എസ്. നടവയൽ, അനുമറിയം ജോസഫ് സെന്റ് ജോസഫ്സ് റ്റി. റ്റി.ഐ. മാനന്തവാടി, അലൻ ജെയിംസ് സെന്റ് ജോർജ് എൽ.പി അമ്പായത്തോട് എന്നിവർ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**എൽ.പി, യു.പി, ഹൈസ്ക്കൂൾ, ഹയർസെക്കന്ററി - പ്രധാനാദ്ധ്യാ പക സമ്മേളനം**

വാർഷിക പരീക്ഷകൾക്ക് ഒരുക്കമായി, രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള ഓരോ സ്കൂളുകളിലും ഇപ്പോൾ നടത്തിവരുന്ന പഠനക്യാമ്പുകളെക്കുറിച്ചും, പ്രത്യേക പ്രവർത്തനങ്ങളെക്കുറിച്ചും പങ്കുവയ്ക്കുന്നതിനും, കുട്ടികളുടെ പഠന നിലവാരവും, പഠനാനുബന്ധ പ്രവർത്തനവും വിലയിരുത്തുന്നതിനും വേണ്ടി 2017 ഫെബ്രുവരി 4 ശനിയാഴ്ച രാവിലെ 10.30 am മുതൽ 12.00 pm വരെ എല്ലാ എൽ.പി, യു.പി, സ്ക്കൂളുകളിലെയും, 2017 ഫെബ്രുവരി 11 ശനിയാഴ്ച രാവിലെ 10.30 am മുതൽ 12.00 pm വരെ എല്ലാ ഹൈസ്ക്കൂൾ, ഹയർസെക്കന്ററി സ്ക്കൂളുകളിലെയും പ്രധാനാ ദ്ധ്യാപകരുടെ യോഗം ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നതാണ് .

**ഫാ. ജോൺ പൊൻപാറയ്ക്കൽ**

കോർപ്പറേറ്റ് മാനേജർ

### ബോധവത്ക്കരണ ക്ലാസ്

ഡി.എഫ്.സി. പുതിയിടം യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവക യിലെ DFC അംഗങ്ങൾക്കായി ബോധവത്ക്കരണ ക്ലാസ് നടത്തി. വികാ രിയച്ചന്റെ അധ്യക്ഷതയിൽ ചേർന്നയോഗം ഡി.എഫ്.സി. രൂപതാ ഡയ റക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ ഉദ്ഘാടനം ചെയ്തു. 'ദീപിക പത്ര ത്തിന്റെ പ്രസക്തി' എന്ന വിഷയത്തെ അധികരിച്ച് സുനിലച്ചൻ ക്ലാസ് നയിച്ചു. പരസ്യങ്ങൾ, ഇതര പ്രസിദ്ധീകരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് രൂപതാ സെക്രട്ടറി ഫ്രാൻസീസ് പള്ളിയ്ക്കമ്യാലിൽ സംസാ രിച്ചു. തുടർന്ന് നടത്തിയ പൊതുചർച്ചയിൽ ഉയർന്നുവന്ന ചോദ്യ ങ്ങൾക്കും സംശയങ്ങൾക്കും സുനിലച്ചൻ മറുപടി നൽകി. മേഖലാ സെക്രട്ടറി തോമസ് പാരിയത്ത് നന്ദി അർപ്പിച്ചു.

### പ്രാർത്ഥനാറാലി

ദീപിക ഫ്രണ്ട്സ് ക്ലബ് മൂലങ്കാവ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായി പ്രാർത്ഥനാറാലി നടത്തി. വികാരിയച്ചനും ഡി.എഫ്.സി. ഭാരവാഹികളും നേതൃത്വം നൽകി. ക്രിസ്തുമസ് ട്രീ ഒരുക്കി സമ്മാനങ്ങൾ നൽകി.

### Ad Fest ദീപിക പരസ്യമേള

ദീപിക പത്രത്തിലേയ്ക്കും അനുബന്ധ പ്രസിദ്ധീകരണങ്ങളി ലേയ്ക്കും കുറഞ്ഞനിരക്കിൽ പരസ്യങ്ങൾ സ്വീകരിക്കുന്നതിന്റെ ഭാഗ മായി ഡി.എഫ്.സി. നടവയൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ഹോളി ക്രോസ് ദേവാലയ തിരുന്നാളിനോടനുബന്ധിച്ച് "Ad Fest' നടത്തി. പ്രസ്തുത പരസ്യമേളയിൽ എം.ആർ. രാജുവിൽനിന്ന് ആദ്യപരസ്യം വികാരി ഫാ. ഷാജി മുളകുടിയാങ്കൽ ഏറ്റുവാങ്ങി. അസി. വികാരി ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടം, ഡി.എഫ്.സി. ഭാരവാഹികളായ പീറ്റർ ഞര ളക്കാട്ട്, സജി ജോസഫ് എന്നിവർ പങ്കെടുത്തു. തിരുന്നാളിനോടനു ബന്ധിച്ച് സപ്ലിമെന്റ് ഇറക്കുവാനും നടവയൽ യൂണിറ്റിന് കഴിഞ്ഞു.

**സൗജന്യ കലണ്ടർ വിതരണം**

പയ്യമ്പള്ളി സെന്റ് കാതറിൻസ് ദേവാലയത്തിൽ ഡി.എഫ്.സി. യുടെ നേതൃത്വത്തിൽ ക്രിസ്തുമസ് സന്ദേശത്തോടൊപ്പം 2017 ലെ ദീപിക കലണ്ടർ ഇടവകയിലെ മുഴുവൻ കുടുംബങ്ങൾക്കും സൗജന്യ മായി നൽകി. വികാരി ഫാ. ജോസ് മൊളോപ്പറമ്പിൽ സൗജന്യ കല ണ്ടർ വിതരണം ഉദ്ഘാടനം ചെയ്തു. അസി. വികാരി ഫാ. അനൂപ് കൊല്ലംകുന്നേൽ, ഡി.എഫ്.സി. ഭാരവാഹികളായ ഷിബു കരിമ്പിനക്കുഴി, ഇ.എം. ജോസഫ് എന്നിവർ പങ്കെടുത്തു.

**ക്രിസ്തുമസ് സമ്മാനം**

മുള്ളൻകൊല്ലി സെന്റ് മേരീസ് ഇടവകയിലെ മുഴുവൻ കുടും ബങ്ങൾക്കും സമ്പൂർണ്ണ ദീപിക കലണ്ടർ പദ്ധതിയുടെ ഉദ്ഘാടനം വികാരി ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ നിർവ്വഹിച്ചു. ഡി.എഫ്. സി. ഫൊറോന പ്രസിഡണ്ട് ജിജോ ഇട്ടംപറമ്പിൽ, സാജൻ കളപ്പുര യ്ക്കൽ തുടങ്ങിയവർ നേതൃത്വം നൽകി. ദേവാലയ തിരുന്നാളിനോട നുബന്ധിച്ച് സപ്ലിമെന്റ് ഇറക്കുവാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്.

**കാഷ്‌ലെസ് ബാങ്കിംഗ് സെമിനാർ**

കൊളവയൽ ദീപിക ഫ്രണ്ട്സ് ക്ലബ്, വികാസ്പീഡിയ കേരള, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെ ആഭിമുഖ്യത്തിൽ 'കാഷ്‌ലെസ് കേരള ഡിജിറ്റൽ ബാങ്കിംഗ്' എന്ന വിഷയത്തിൽ സെമി നാർ നടത്തി. കൊളവയൽ സെന്റ് ജോർജ് ചർച്ച് പാരീഷ് ഹാളിൽ നടത്തിയ സെമിനാറിൽ ഡി.എഫ്.സി. ഡയറക്ടർ ഫാ. തോമസ് ജോസഫ് തേരകം അധ്യക്ഷത വഹിച്ചു. വികാസ് പീഡിയ സംസ്ഥാന കോ.ഓർഡിനേറ്റർ സി.വി. ഷിബു വിഷയാവതരണം നടത്തി. സെൻട്രൽ ബാങ്ക് കൽപ്പറ്റ ബ്രാഞ്ച് മാനേജർ വിപിൻ, ഡി.എഫ്.സി. ഭാരവാഹിക ളായ ബിജോയ് വള്ളിപ്പാടം, നിഷ നെല്ലിക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**പത്രവിതരണം ആരംഭിച്ചു**

വൈത്തിരി ഒലിവുമല ഇടവകയിൽ ഫാ. ജോഷിയുടെ നേതൃ ത്വത്തിൽ ഏരിയ മാനേജർ സിബിയുടേയും ഡി.എഫ്.സി. ഭാരവാഹി കളുടെയും സഹകരണത്തോടെ വീടുകൾ കയറി ഇറങ്ങി പത്രവിത രണം ആരംഭിച്ചു. ഇതുവരേയും പത്രങ്ങൾ ഒന്നും എത്താത്ത ഒലിവു മല പ്രദേശത്ത് 30 ഓളം വീട്ടുകാരെ വരിക്കാരായി ചേർക്കാനും പുതി യൊരു ഏജൻസി ദീപിക പത്രവിതരണത്തിനായി ആരംഭിക്കുവാനും സാധിച്ചു. പുതുശേരിക്കടവ് ഇടവകയിൽ വികാരിയച്ചന്റെ പ്രത്യേക

താല്പര്യത്തിൽ ഡി.എഫ്.സി. അംഗങ്ങളുടെ നേതൃത്വത്തിൽ എഴുപത്തഞ്ച് വരിക്കാരെ ചേർത്ത് പുതിയ ഏജൻസി നൽകി ദീപിക പത്രം വിതരണം ചെയ്യുന്നു.

**ഡയറി നൽകി**

6-1-2017 ന് ചേർന്ന രൂപതാസമിതി യോഗത്തിൽ വച്ച് സമിതി അംഗങ്ങൾക്ക് ദീപിക ഡയറി വിതരണം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ സെക്രട്ടറി ഫ്രാൻസീസ് പള്ളിക്കമ്യാലിന് ഡയറി നൽകി ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ജനറൽ മാനേജർ ഡി.പി. ജോസ്, സർക്കുലേഷൻ മാനേജർ പ്രിൻസി ജോസ്, അഡ്വർടൈസ്മെന്റ് മാനേജർ സജി ജേക്കബ്, ഡി.എഫ്.സി. ഭാരവാഹികൾ, ഏരിയ മാനേജർമാർ തുടങ്ങിയവർ പങ്കെടുത്തു.

**ഏജൻസി ബഹിഷ്ക്കരണം**

ക്രൈസ്തവ വിശ്വാസത്തെ വ്രണപ്പെടുത്തുന്ന തരത്തിൽ അന്ത്യ അത്താഴ ചിത്രത്തെ ചിത്രീകരിച്ച് അവഹേളിച്ചതിൽ പ്രതിഷേധിച്ച് മനോരമ പത്രത്തിന്റെ ഏജൻസി ബഹിഷ്കരിക്കാൻ ധീരത കാണിച്ച ഡി.എഫ്.സി. രൂപതാ വൈ.പ്രസിഡണ്ട് ബെന്നി പൂത്തറക്ക് അഭിനനന്ദനങ്ങൾ.

**രൂപതാസമിതി**

മാനന്തവാടി ടൗൺ പള്ളിയിൽവച്ച് 6-1-2017 ന് ചേർന്ന രൂപതാ സമിതി യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ അധ്യക്ഷത വഹിച്ചു. വിവിധ ഫൊറോനകളിൽ നിന്ന് ഡി.എഫ്.സി. പ്രസിഡണ്ട് സെക്രട്ടറി എന്നിവർ പങ്കെടുത്തു. കർമ്മപദ്ധതിയുടെ വിലയിരുത്തൽ നടത്തി. ഫൊറോനാ ഭാരവാഹികൾ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ദീപിക പത്രത്തിന്റെ സർക്കുലേഷൻ വർദ്ധിപ്പിക്കുവാൻ കഴിഞ്ഞതായി യോഗം വിലയിരുത്തി. മേഖലാ കൺവെൻഷനുകൾ സമയബന്ധിതമായി നടത്തുവാൻ തീരുമാനിച്ചു. ടൗൺ പള്ളിയിൽ ആരംഭിക്കുന്ന ഡി.എഫ്.സി. രൂപതാ ഓഫീസിന്റെ ഉദ്ഘാടനം 2017 ഫെബ്രുവരി 11 ന് നടത്തുവാനും ഉദ്ഘാടനത്തോടനുബന്ധിച്ച് കാഷ്ലെസ് ട്രാൻസാക്ഷനുമായി ബന്ധപ്പെട്ട് ക്ലാസ് നടത്തുന്നതിനും തീരുമാനിച്ചു. അസി. ജന.മാനേജർ ഡി.പി. ജോസ്, സർക്കുലേഷൻ മാനേജർ പ്രിൻസി ജോസ്, പബ്ലിസിറ്റി മാനേജർ സജി ജേക്കബ്, ഏരിയ മാനേജർമാർ എന്നിവർ പങ്കെടുത്തു.

**ഫ്രാൻസീസ് പള്ളിക്കമ്യാലിൽ**
ഡി.എഫ്.സി രൂപതാ സെക്രട്ടറി

# Pastoral Centre Programme



**February 2017**

| | |
|---|---|
| 1-3 | Young Priest's Seminar |
| 4 | Zion |
| 4 | HDC Exam |
| 10-12 | Department of Youth Ministry |
| 11 | SMMA executive |
| 11 | KCYM |
| 11-12 | HCC Paper Valuation |
| 12-16 | Zion Retreat |
| 17-20 | Marriage Preparation Course |
| 22 | Priests' Conference |
| 18-19 | HDC Viva |
| 25 | Meeting of Office Bearers of Associations |

**Fr. Mathew Periappuram**
Director, Pastoral Centre



# *Bishop's Programme*

***February 2017***

| | | |
|---|---|---|
| *Jan 30 Mon Feb 2 Thu* | | *Junior Priests' Meet* |
| *4* | *Sat Morning.......* | *Bishop's House: Follow up Committee Of Major Archiepiscopal Assembly,* |
| | *...........* | *Mary Matha College: Send off Meeting* |
| *5* | *Sun Morning .....* | *Rippon: Jubilee of the Parish* |
| | *Evening .......* | *Chungakkunnu: Fr. Job Myladiyil Excellence Award (Best Parish) Felicitation Meeting* |
| *6* | *Mon ................* | *Out of Station* |
| *7* | *Tue Mornnig.....* | *Dwaraka SABS Provincial House* |
| | *Evening.......* | *Puplally: Jubilee of Kripalaya Special School* |
| *8* | *Wed ..................* | *Visitors' Day* |
| *9* | *Thu ..................* | *S.H. Provincial House* |
| *10* | *Fri ..................* | *Out of Station* |
| *11* | *Sat Moring.......* | *Blessing of the Office of DFC & Seminar* |
| | *Afternoon......* | *KLM Executive Meeting* |
| *12* | *Sun ................* | *Peria: First Communion and Cemetery Blessing* |
| *13* | *Mon ................* | *Engaged* |

| | | |
|---|---|---|
| *14* | *Tue ..................* | *Manimooly: Joint Curia Meeting* |
| *15* | *Wed .................* | *Consultors and Finance Council* |
| *16* | *Thu Morning.....* | *Kammana: SKD Convent, Regional Meeting* |
| | *Evening........* | *Mothakkara: Jubilee Conclusion of the Parish* |
| *17* | *Fri .................* | *Out of Station* |
| *18* | *Sat ...................* | *Kalpra: Chapel Blessing* |
| *20* | *Mon .................* | *Visitors' Day* |
| *21* | *Tue .................* | *Out of Station* |
| *22* | *Wed .................* | *Priests' Conference* |
| *23* | *Thu ..................* | *Out of Station* |
| *25* | *Sat Morning.....* | *Meeting of the Office Bearers* |
| | *Afternoon....* | *To Ootty* |
| *26* | *Sun 27 Mon ......* | *Ootty: Pastoral Visit* |
| *28* | *Tue ...................* | *Out of Station* |

***March 2017***

| | | |
|---|---|---|
| *3* | *Fri ..................* | *Out of Station* |
| *5* | *Sun ...................* | *Kayyunni: Pastoral Visit* |
| *6* | *Mon .................* | *Blessing of Newman's College* |
| *8* | *Wed .................* | *Bishop's House: Presbyteral Council* |
| *10* | *Fri .................* | *Out of Station* |
| *11* | *Sat .................* | *Pastoral Centre: Joint Meeting of Priests and Pastoral Council Members* |
| *12* | *Sun ..................* | *Kottiyoor: Pastoral Visit* |
| *13* | *Mon .................* | *Engaged* |
| *14* | *Tue ..................* | *Manathavady: Forane Meeting of Priests* |
| *15* | *Wed ..................* | *Visitors' Day* |

| | |
|---|---|
| *17 Fri ....................* | *Out of Station* |
| *18 Sat ...................* | *Pastoral Centre: Women Religious Meet* |
| *19 Sun ...................* | *Chungakkunnu: Pastoral Visit* |
| *20 Mon ..................* | *Mary Matha College* |
| *22 Wed 23 Thu .......* | *Engaged* |
| *24 Fri ...................* | *Out of Station* |
| *26 Sun ...................* | *Thalapuzha: Pastoral Visit* |
| *27 Mon 28 Tue ......* | *Kannur: North Kerala Bishops' Meeting* |
| *29 Wed ..................* | *Bishop's House: Men Religious Meet* |
| *30 Thu ...................* | *Nadavayal: Anniversary of School* |
| *31 Fri ....................* | *Out of Station* |